33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 10, 2025 | Vol. XXXIII No. 02 | Periodicals Postage Paid






പിറവത്ത് ഫോമായും രാജീവ് ഗാന്ധി കൾച്ചറൽ ഫോറവും ചേർന്ന് സംഘടിപ്പിച്ച 'അമ്മയോടൊപ്പം' എന്ന കാരുണ്യപദ്ധതി ചാണ്ടി ഉമ്മൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ഫോറം ചെയർമാൻ സാബു കെ. ജേക്കബ്, മുൻ എംഎൽഎ എം.ജെ. ജേക്കബ്, മുൻ കൊച്ചി മേയർ സൗമിനി ജെയിൻ, ഫോമാ ഭാരവാഹികളായ ഷാലു പുന്നൂസ്, സിജിൽ പാലക്കലോടി, പോൾ ജോസ്, ബിജു ലോസൺ, ലാലി കളപ്പുരയ്ക്കൽ തുടങ്ങിയവർ സമീപം. (ഫോട്ടോ: ജോജിൻ പിറവം)

( പേജ് 9, 11 കാണുക)

Visit Our Website: www.keralaexpress.com

# $7^{th}$ Death Anniversary

**1-10-2025**



## JAMES KOLADIYIL

**CHICAGO**

*Inserted By*
*Sorrowing Family*


**nella CONSULTING**
ACCOUNTING | TAX | CONSULTING






**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

Partner
**ALVIN NELLA, CPA, MBA**

33rd Year of Service 2025
NOT OUR MERIT BUT HIS GRACE · KERALA EXPRESS
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 സഹകരണ സംഘങ്ങൾക്കെതിരെ ...
6 സ്വാതന്ത്ര്യവകാശം ഭരണഘടനാപരം
11 ഫോമാ എന്നും അമ്മമാർക്കൊപ്പം
22 ഷിബു മധുവിന് ഫോമായുടെ ആശംസകൾ
24 എ പെർഫെക്ട് ജെന്റിൽമാൻ

## ടെക്സസ് ഫോർട്ട് ബെൻഡ് കൗണ്ടി, പ്രിസിങ്ക്റ്റ് 3-ന്റെ ക്യാപ്റ്റനായി മനോജ് കുമാർ പൂപ്പാറയിൽ

ശങ്കരൻകുട്ടി

ഹൂസ്റ്റൺ: സ്വപ്നങ്ങൾ ഉണ്ടായിരിക്കണം. അതിനു വേണ്ടി പരിശ്രമിക്കുമ്പോഴാണ് സ്വപ്ന സാക്ഷാത്കാരമുണ്ടാകുന്നത്. അതിനുള്ള മകുടോദാഹരണമാണ് അമേ



രിക്കൻ മലയാളിയായ ഹൂസ്റ്റൺ ഫോർട്ട് ബെൻഡ് കൗണ്ടിയിലെ പോലീസ് ഓഫീസർ മനോജ് പൂപ്പാറ എന്ന ചെറുപ്പക്കാരൻ. അമേരിക്കയിൽ ടെക്സസിലെ ഫോർട്ട് ബെൻഡ് കൗണ്ടി പ്രിസിങ്ക്റ്റ് 3-ൽ പോലീസ് ക്യാപ്റ്റനാകുന്ന ആദ്യ ഇന്ത്യൻ അമേരിക്കക്കാരനാണ് ക്യാപ്റ്റൻ മനോജ് കുമാർ പൂപ്പാറയിൽ. 2005-ൽ അമേരിക്കയിലെത്തി ഒരു ഗ്യാസ് സ്റ്റേഷൻ ജീവനക്കാരനായി അദ്ദേഹം ജോലി തുടങ്ങി. അരിസോണയിലെ ഫീനിക്സ് സർവകലാശാലയിൽ നിന്ന് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റേഴ്സ് (എംബിഎ) അദ്ദേഹം പൂർത്തിയാക്കി. പിന്നീട് പോലീസ് യോഗ്യതാ കോഴ്സ് പാസായി ഹൂസ്റ്റൺ യൂണിവേഴ്സിറ്റി-ഡൗൺടൗൺ പോലീസ് അക്കാദമിയിൽ ചേർന്നു. ബാച്ച് #299-ൽ അദ്ദേഹം അക്കാദമിക് ഓണേഴ്സോടെ ബിരുദം നേടി. 2013 മുതൽ 2018 വരെ ഹാരിസ് കൗണ്ടി ഷെരീഫ് ഓഫീസിൽ ജോലി ചെയ്ത മനോജ് മെട്രോ പോലീസ് ഡിപ്പാർട്ടുമെന്റിൽ ചേർന്നു.

മലയാളം, ഹിന്ദി, തമിഴ് തുടങ്ങി നിരവധി ഭാഷകളിൽ മനോജിനു പ്രാവീണ്യമുള്ളതിനാൽ ആർക്കും മനോജിനെ സമീപിക്കാം. സമൂഹത്തിനായുള്ള അക്ഷീണ സേവനത്തിന് മനോജിന് നിരവധി അവാർഡുകളും ബഹുമതികളും ലഭിച്ചിട്ടുണ്ട്. 2023-ൽ ഒരു ആക്രമണകാരിയിൽ നിന്ന് തന്റെ സഹപ്രവർത്തകനെ രക്ഷിച്ചതിന് മെട്രോ പോലീസ് മേധാവി അദ്ദേഹത്തിന് ധീരതയുടെ മെഡൽ നല്കി ആദരിച്ചു.

(ശേഷം 28-ാം പേജിൽ)

## ഇടുക്കിയിൽ കെഎസ്ആർടിസി ബസ് മറിഞ്ഞ് നാല് മരണം

ഇടുക്കി: ഇടുക്കി പുല്ലുപാറയിൽ കെഎസ്ആർടിസി ബസ് നിയന്ത്രണം വിട്ട് താഴ്ചയിലേക്കു മറിഞ്ഞു മാവേലിക്കര സ്വദേശികളായ നാലുപേർ മരി



ച്ചു. 23 പേർക്കു പരുക്കേറ്റു. ഇതിൽ ഒരാളുടെ നില ഗുരുതരമാണ്. കൊട്ടാരക്കര-ഡിണ്ടുകൽ ദേശീയപാതയിൽ കുട്ടിക്കാനം പുല്ലുപാറ കള്ളിവയൽ എസ്റ്റേറ്റിനു സമീപം ജനുവരി ആറിന് രാവിലെ ആറോടെയായിരുന്നു അപകടം. കെഎസ്ആർടിസിയുടെ ബജറ്റ് ടൂറിസം പദ്ധതിയുടെ ഭാഗമായി മാവേലിക്കരയിൽനിന്നു തഞ്ചാവൂരിലേക്ക് ഉല്ലാസയാത്ര പോയി മടങ്ങിവരികയായിരുന്ന ബസാണ് അപകടത്തിൽപ്പെട്ടത്. 37 പേരാണ് ബസിലുണ്ടായിരുന്നത്.

മാവേലിക്കര പല്ലാരിമംഗലം കോട്ടയ്ക്കകത്ത് തെക്കേതിൽ മോഹനൻ നായരുടെ ഭാര്യ രമാ മോഹൻ (62), തട്ടാരമ്പലം മറ്റം വടക്ക് കാർത്തികയിൽ ഹരിഹരൻപിള്ളയുടെ മകൻ അരുൺ ഹരി (37), തട്ടാരമ്പലം മറ്റം തെക്ക് സോമസദനത്തിൽ സംഗീത് സോമൻ (42), മാവേലിക്കര കിഴക്കേനട കൗസ്തുഭത്തിൽ ബിന്ദു നാരായണൻ (59) എന്നിവരാണ് മരിച്ചത്. മൂന്നുപേർ മുണ്ടക്കയത്തെ സ്വകാര്യാശുപത്രിയിലും ഒരാൾ പാലായിലെ സ്വകാര്യാശുപത്രിയിലുമാണ് മരിച്ചത്.

(ശേഷം 28-ാം പേജിൽ)

## നവീൻ ബാബുവിന്റെ മരണത്തിൽ സിബിഐ അന്വേഷണമില്ല


കൊച്ചി: കണ്ണൂർ എഡിഎമ്മായിരുന്ന നവീൻ ബാബുവിന്റെ മരണത്തിൽ സിബിഐ അന്വേഷണമാവശ്യപ്പെട്ടുള്ള ഭാര്യയുടെ ഹർജി ഹൈക്കോടതി തള്ളി. പ്രത്യേക അന്വേഷണ സംഘത്തിന്റെ (എസ്ഐടി) അന്വേഷണം തുടരാമെന്നാണ് കോടതിവിധി. സ്വതന്ത്രവും നീതിപൂർവകവുമായി അന്വേഷണം നടത്തണമെന്നുമാണ് കോടതി ഉത്തരവിലുള്ളത്.

കുടുംബത്തിന്റെ ഹർജിയിലെ ആരോപണം എസ്ഐടി അന്വേഷിക്കണം. അന്വേഷണ പുരോഗതി ഹർജിക്കാരിയെ അറിയിക്കണം. കെട്ടിതൂക്കി കൊന്നതാണോയെന്നതും എസ്ഐടി അന്വേഷിക്കണമെന്നും ഉത്തരവിൽ പറയുന്നു.

ജസ്റ്റിസ് കൗസർ എടപ്പഗത്ത് അധ്യക്ഷനായ സിംഗിൾ ബെഞ്ചാണ് വിധി പറഞ്ഞത്. നിലവിലെ പോലീസ് അന്വേഷണം തൃപ്തികരമല്ലെന്നും കേന്ദ്ര ഏജൻസിയുടെ നിഷ്പക്ഷ അന്വേഷണത്തിന് ഉത്തരവിടണമെന്നും ആവശ്യപ്പെട്ടാണ് ഭാര്യ കെ. മഞ്ജുഷ ഹർജി നൽകിയത്.

നവീൻ ബാബുവിന്റേത് കൊലപാതകമാണെന്നും കെട്ടിത്തൂക്കി കൊലപ്പെടുത്തിയതാണെന്നുമായിരുന്നു കുടുംബത്തിന്റെ വാദം. കേസ് സംസ്ഥാന പോലീസ് അന്വേഷിച്ചാൽ രാഷ്ട്രീയ പക്ഷപാതപരമായ അന്വേഷണം മാത്രമാണ് നടക്കുക. ഈ സാഹചര്യത്തിൽ കേസ് സ്വതന്ത്ര ഏജൻസി അന്വേഷിക്കണം എന്നാണ് കുടുംബത്തിന്റെ ആവശ്യം. നവീൻ ബാബുവിനെ കെട്ടിത്തൂക്കി

(ശേഷം 28-ാം പേജിൽ)




## കാട്ടാന ആക്രമണം: ആദിവാസി യുവാവ് കൊല്ലപ്പെട്ടു

## പ്രതിഷേധിച്ച പി.വി. അൻവർ എംഎൽഎ അറസ്റ്റിൽ

നിലമ്പൂർ: കാട്ടാനയുടെ ആക്രമണത്തിൽ ആദിവാസി യുവാവ് കൊല്ലപ്പെട്ടു. കരുളായി ഉൾവനത്തിൽ മാഞ്ചിരി പൂച്ചപ്പാറ നഗറിലെ പ്രാക്തന ഗോത്രവർഗത്തിൽപ്പെട്ട കരിയന്റെ മകൻ മണി (38) യാണ് മരിച്ചത്. ജനുവരി നാലിന് ശനിയാഴ്ച വൈകുന്നേരം ആറരയോടെ രണ്ടു കുട്ടികളെ പാലേമാടുള്ള ട്രൈബൽ ഹോസ്റ്റലിലാക്കി മറ്റു കുട്ടികൾക്ക് പനിക്കുള്ള മരുന്നു വാങ്ങി വരുമ്പോഴായിരുന്നു കാട്ടാനയുടെ ആക്രമണം.

കരുളായി ചളിപ്പാടൻ മുഹമ്മദ് എന്ന ചെറിയുടെ ടാക്സി ജീപ്പിൽ കണ്ണിക്കൈ ഭാഗത്ത് ഇറങ്ങിയശേഷം കരിമ്പുഴ കടന്ന് വെറ്റിലക്കൊല്ലി വഴി വിളക്കുപ്പാറയിലേക്ക് പോകുമ്പോഴാണ് മണിയും കൂട്ടരും കാട്ടാനയുടെ മുന്നിൽപെട്ടത്. അഞ്ചുവയസുള്ള കുട്ടിയെ തോളിലിരുത്തി പോവുകയായിരുന്ന മണിയെ കാട്ടാന ആക്രമിച്ചതോടെ കുട്ടി ദൂരേക്ക് തെറിച്ചുവീണു.

(ശേഷം 28-ാം പേജിൽ)



## മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ ഇഷ്ടദാനം തിരിച്ചെടുക്കാം

ന്യൂഡൽഹി: മുതിർന്ന പൗരൻമാർ മക്കൾക്ക് ഉൾപ്പെടെ നൽകുന്ന ഇഷ്ടദാനങ്ങൾ അവർ ആവശ്യപ്പെട്ടാൽ പിൻവലിക്കാമെന്നു സുപ്രീം കോടതി. ഇഷ്ടദാനവുമായി ബന്ധപ്പെട്ട് മധ്യപ്രദേശ് ഹൈക്കോടതിയുടെ ഒരു ഉത്തരവ് റദ്ദാക്കിക്കൊണ്ടാണു ജസ്റ്റിസുമാരായ സി.ടി. രവികുമാർ, സഞ്ജയ് കരോൾ എന്നിവരുൾപ്പെട്ട ബെഞ്ചിന്റെ വിധി. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമം സംബന്ധിച്ച 2007-ലെ നിയമത്തിനു കൂടുതൽ ഉദാരമായ വ്യാഖ്യാനം ആവശ്യമാണെന്ന് ഊർമിള ദീക്ഷിതും മകൻ സുനിൽ ഷാരോൺ ദീക്ഷിതും തമ്മിലുള്ള കേസ് പരിഗണിക്കവേ കോടതി ചൂണ്ടിക്കാട്ടി.

മകൻ തന്നെ പരിപാലിക്കാത്തതിനാൽ ഇഷ്ടദാനം റദ്ദാക്കണമെന്നാവശ്യപ്പെട്ടായിരുന്നു ഹർജി. എന്നാൽ, ഇഷ്ടദാനത്തിൽ അങ്ങനെയൊരു ഉപാധി ഇല്ലെന്നാണു മധ്യപ്രദേശ് ഹൈക്കോടതി ചൂണ്ടിക്കാട്ടിയത്. ഉപാധിയില്ലെങ്കിലും മുതിർന്ന പൗരൻമാർ/മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ ഇഷ്ടദാനം റദ്ദാക്കുന്ന തരത്തിൽ 2007-ലെ നിയമത്തിന്റെ വകുപ്പ് ഏഴ് നിർവചിക്കണമെന്നാണു സുപ്രീം കോടതി വ്യക്തമാക്കിയത്.

# സഹകരണ സംഘങ്ങൾക്കെതിരെ ആർബിഐ

തിരുവനന്തപുരം: 'ബാങ്ക്' എന്ന പേരിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കെതിരേ നടപടി കടുപ്പിക്കാനൊരുങ്ങി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. 2020 സെപ്റ്റംബർ 29-ന് പ്രാബല്യത്തിലായ ബാങ്കിംഗ് നിയന്ത്രണ ഭേദഗതി നിയമം കർശനമാക്കാനാണ് നീക്കം. കേരളമുൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന നിക്ഷേപത്തട്ടിപ്പുകളുടെ പശ്ചാത്തലത്തിൽ ജനങ്ങളെ ബോധവത്കരിക്കാനുള്ള ദൗത്യം ആർ.ബി.ഐ ഏറ്റെടുക്കും.

സഹകരണ സംഘങ്ങളുമായുള്ള ഇടപാടുകൾക്ക് മുമ്പ് അവയ്ക്ക് ബാങ്കിങ് ലൈസൻസുണ്ടോയെന്ന് മനസ്സിലാക്കണമെന്ന നിർദ്ദേശമാകും ബോധവത്കരണത്തിന്റെ ഭാഗമായി പ്രധാനമായി നല്കുക. ബാങ്കിങ് നിയന്ത്രണ നിയമം (1949), വകുപ്പ് ഏഴു പ്രകാരം സഹകരണ സംഘങ്ങൾക്ക് ബാങ്ക് എന്ന് അവകാശപ്പെടാനോ ബാങ്ക്, ബാങ്കർ, ബാങ്കിങ് എന്നീ വാക്കുകൾ പേരിനോടൊപ്പം ചേർക്കാനോ കഴിയില്ല. എന്നാൽ, കേരളത്തിലുൾപ്പെടെ മിക്ക സഹകരണ സംഘങ്ങളും ബാങ്ക് എന്ന പേരിൽത്തന്നെയാണ് പ്രവർത്തിക്കുന്നതെന്ന് ആർ.ബി.ഐ കണ്ടെത്തി.

ചില സഹകരണ സംഘങ്ങൾ അംഗങ്ങളിൽ നിന്നല്ലാതെയും നിക്ഷേപം സ്വീകരിക്കുന്നു. ഇത്തരം സംഘങ്ങൾക്ക് ആർ.ബി.ഐയുടെ അംഗീകൃത ബാങ്കിങ് ലൈസൻസില്ല. അതുകൊണ്ടുതന്നെ നിക്ഷേപങ്ങൾക്ക് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരന്റി കോർപറേഷൻ ഇൻഷ്വറൻസ് പരിരക്ഷയില്ലെന്ന് ആർ.ബി.ഐ ചൂണ്ടിക്കാട്ടുന്നു.

ബാങ്കെന്ന് അവകാശപ്പെടുന്ന സഹകരണ സംഘങ്ങളുമായി ഇടപാടുകൾ നടത്തുന്നതിന് മുമ്പ് അവയ്ക്ക് ആർ.ബി.ഐ ലൈസൻസുണ്ടോയെന്ന് നിക്ഷേപകർ ഉറപ്പാക്കണം. ആർ.ബി.ഐ നിയന്ത്രിക്കുന്ന അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ പട്ടിക ഓൺലൈനിൽ ലഭ്യമാണ്. സഹകരണസംഘങ്ങളുടെ ഇടപാടുകളെക്കുറിച്ച് കൂടുതൽ ബോധവത്കരണം ആവശ്യമാണെന്നതാണ് ആർ.ബി.ഐയുടെ നിലപാട്.

# ഗുജറാത്തിലും ബംഗളൂരുവിലും എച്ച്എംപിവി വൈറസ് ബാധ കണ്ടെത്തി

ബംഗളൂരു: ചൈനയിൽ വ്യാപകമായി പടർന്നു പിടിക്കുന്ന ഹ്യൂമൻ മെറ്റാപ്ന്യൂമോ വൈറസ് (എച്ച്എംപിവി) ഇന്ത്യയിലും സ്ഥിരീകരിച്ചതായി റിപ്പോർട്ട്. കർണാടക തലസ്ഥാനമായ ബംഗളൂരുവിലും ഗുജറാത്തിലുമാണ് വൈറസ് ബാധ സ്ഥിരീകരിച്ചത്. കർണാടക ആരോഗ്യവകുപ്പാണ് രോഗവിവരം അറിയിച്ചത്. സംഭവം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തെ അറിയിച്ചു.

അതേസമയം ചൈനയിൽ പടർന്നു പിടിക്കുന്ന എച്ച്എംപിവി വൈറസ് തന്നെയാണോ ഇതെന്നു സ്ഥിരീകരിച്ചിട്ടുമില്ല. ഇക്കാര്യത്തിൽ കൂടുതൽ പരിശോധനകൾ വേണ്ടിവരുമെന്ന് ആരോഗ്യവിദഗ്ദ്ധർ അറിയിച്ചു. കുട്ടി മാതാപിതാക്കളോടൊപ്പം യാത്ര ചെയ്തതായി റിപ്പോർട്ടില്ല.

വൈറസ് ബാധ കൈകാര്യം ചെയ്യാൻ രാജ്യം പൂർണ സജ്ജമാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം നേരത്തെ വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ ഏതാനും ആഴ്ചകളായി ചൈനയിൽ വർദ്ധിച്ചുവരുന്ന ശ്വാസകോശ സംബന്ധമായ അസുഖങ്ങളുടെ റിപ്പോർട്ടുകൾ ചർച്ച ചെയ്യാൻ മന്ത്രാലയം യോഗം ചേർന്നിരുന്നു. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്നും സമയോചിതമായ അപ്ഡേറ്റുകൾ പങ്കിടാൻ ലോകാരോഗ്യ സംഘടനയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും അധികൃതർ പറഞ്ഞു.

# ആണവ ശാസ്ത്രജ്ഞൻ ആർ. ചിദംബരം അന്തരിച്ചു



ന്യൂഡൽഹി: ഇന്ത്യയുടെ ആണവായുധ പദ്ധതികളുടെ ശില്പിയെന്നു വിശേഷിപ്പിക്കുന്ന വിഖ്യാത ആണവശാസ്ത്രജ്ഞൻ ആർ. ചിദംബരം (88) അന്തരിച്ചു. പൊഖ്റാനിൽ 1974-ലും 1998-ലും ഇന്ത്യ നടത്തിയ ആണവ പരീക്ഷണങ്ങളിൽ മുഖ്യപങ്കുവഹിച്ച രാജഗോപാല ചിദംബരം എന്ന ആർ. ചിദംബരം ലോകപ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനെന്ന നിലയിലും ശ്രദ്ധേയനാണ്. 'സ്മൈലിംഗ് ബുദ്ധ' എന്ന പേരിൽ 1974-ൽ നടത്തിയ ആണവ പരീക്ഷണത്തിനായി മുംബൈയിൽനിന്ന് രാജസ്ഥാനിലെ പൊഖ്റാനിലേക്ക് പ്ലൂട്ടോണിയം എത്തിച്ചത് ആർ. രാജഗോപാലാണ്. 1998 മേയ് 11 മുതൽ 13 വരെ നടത്തിയ അഞ്ച് ആണവ പരീക്ഷണങ്ങൾക്കും നേതൃത്വം നൽകിയത് ഇദ്ദേഹമാണ്. ഇതിനെത്തുടർന്നാണ് ഇന്ത്യ ആണവായുധശേഷി കൈവരിച്ചതായി അന്നത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി പ്രഖ്യാപിച്ചത്. പൊഖ്റാനിലെ പരീക്ഷണമേഖലയിൽ ആ ദിവസങ്ങളിൽ പ്രധാനമന്ത്രി സന്ദർശനം നടത്തുകയും ചെയ്തു. ആണവമാലിന്യങ്ങൾ അവശേഷിക്കാതെ സുരക്ഷിതമായാണു പരീക്ഷണം നടത്തിയെന്നു ബോധ്യപ്പെടുത്താനായിരുന്നു സന്ദർശനം. കേന്ദ്രസർക്കാരിന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവ് എന്ന നിലയിൽ ഗ്രാമീണ ഇന്ത്യയിൽ പുതിയ സാങ്കേതികവിദ്യകൾ അവതരിപ്പിക്കുന്നതിലും വലിയ സംഭാവനകൾ നൽകി.

1936 നവംബർ 12-നു ചെന്നൈയിലായിരുന്നു ജനനം. മീററ്റിലെ സനാതൻ ധർമ ഹൈസ്കൂൾ, മൈലാപ്പൂരിലെ പിബി ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. ചെന്നൈ പ്രസിഡൻസി കോളജിൽനിന്ന് ബിരുദം പൂർത്തിയാക്കിയശേഷം ബംഗളൂരു ഐഐടിയിൽ ബിരുദാനന്തരബിരുദം നേടി. 1962-ൽ ബാബ ആറ്റോമിക് റിസർച്ച് സെന്ററിൽ (ബാർക്) ചേർന്ന അദ്ദേഹം 1990-ൽ സ്ഥാപനത്തിന്റെ ഡയറക്ടർ പദവിയിലെത്തി. 1993 മുതൽ 2000 വരെ ആണവോർജ കമ്മീഷൻ ചെയർമാൻ, ആണവോർജ വകുപ്പ് സെക്രട്ടറി എന്നീ പദവികളിലും തുടർന്നു. വിരമിച്ചശേഷം 2001 മുതൽ 2018 വരെ കേന്ദ്ര സർക്കാരിന്റെ മുഖ്യ ഉപദേഷ്ടാവിന്റെ ചുമതലയും വഹിച്ചു. അന്താരാഷ്ട്ര ആണവോർജ സമിതിയുടെ ആഗോള സമ്മേളനങ്ങളിൽ ഒട്ടേറെത്തവണ ഇന്ത്യയെ പ്രതിനിധീകരിച്ചു. ചെല്ലയാണു ഭാര്യ. മക്കൾ: നിർമല, നിത്യ.

ആണവരംഗത്ത് നൽകിയ സംഭാവനകളുടെ പേരിൽ ഇന്ത്യ 1975-ൽ പത്മശ്രീയും 1999-ൽ പത്മവിഭൂഷണും നൽകി ആദരിച്ചിരുന്നു. ഒട്ടേറെ സർവകലാശാലകൾ ഡോക്ടറൽ ബിരുദം നൽകി ആദരിച്ചിട്ടുണ്ട്. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി, ആണവോർജ കമ്മീഷൻ ചെയർമാൻ അജിത് കുമാർ മൊഹന്തി ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചിച്ചു.

# സിന്ധു സംസ്കാരം: കുരുക്കഴിച്ചാൽ 8.57 കോടി രൂപ

ചെന്നൈ: സിന്ധുനദീതട സംസ്കാരകാലത്തെ ലിപികൾ വിശകലനം ചെയ്യുന്നതിനു കോടിക്കണക്കിനു രൂപയുടെ സമ്മാനം പ്രഖ്യാപിച്ച് തമിഴ്നാട് സർക്കാർ.

സിന്ധുനദീതട സംസ്കാര കാലത്തെ പുരാതന ലിപി (ഇൻഡസ് സ്ക്രിപ്റ്റ്) വിശകലനം ചെയ്യുന്നവർക്ക് എട്ടരക്കോടിയോളം രൂപ സമ്മാനം നൽകുമെന്നാണു മുഖ്യമന്ത്രി എം.കെ. സ്റ്റാലിന്റെ വാഗ്ദാനം.

സിന്ധുനദീതട സംസ്കാരം കണ്ടെത്തിയതിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന മൂന്നു ദിവസത്തെ രാജ്യാന്തര സമ്മേളനം ചെന്നൈ എഗ്മോറിലെ സർ ജോൺമാർഷൽ മ്യൂസിയം തിയറ്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്റ്റാലിൻ.

ഒരിക്കൽ സമ്പന്നമായി വളർന്ന സിന്ധുനദീതട സംസ്കാരവുമായി ബന്ധപ്പെട്ട രേഖയിലെ ലിപി വ്യക്തമായി മനസിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഗവേഷകർ അതിനായുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. അത്തരം ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കാനായി, ഈ ലിപി സംബന്ധിച്ച സങ്കീർണതകൾ പരിഹരിക്കുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പത്ത് ലക്ഷം യുഎസ് ഡോളർ സമ്മാനമായി നൽകുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. നൂറു വർഷത്തിനിടെ സിന്ധുനദീതട സംസ്കാരവുമായി ബന്ധമുള്ള ഒട്ടേറെ പ്രദേശങ്ങൾ ഏഷ്യാ ഉപഭൂഖണ്ഡത്തിൽ കണ്ടെത്തി. എന്നാൽ നദീതട സംസ്കാര കാലത്തെ ലിപി വിശകലനം ചെയ്യുന്നതിൽ ഇനിയും വിജയിച്ചിട്ടില്ല - മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.



# അഞ്ചൽ കൊലക്കേസിലെ പ്രതികൾ 18 വർഷത്തിനുശേഷം പിടിയിലായി

കൊച്ചി: കോളിളക്കം സൃഷ്ടിച്ച അഞ്ചൽ കൊലക്കേസിലെ പ്രതികളെ നീണ്ട 18 വർഷത്തിനു ശേഷം സിബിഐ പിടികൂടി. യുവതിയെയും 17 ദിവസം മാത്രം പ്രായമായ ഇവരുടെ ഇരട്ടപെൺകുഞ്ഞുങ്ങളെയും നിഷ്ഠൂരമായി കഴുത്തറുത്ത് കൊലപ്പെടുത്തിയ കേസിൽ മുൻ സൈനികരായിരുന്ന പ്രതികളെയാണ് സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ (സിബിഐ) വർഷങ്ങൾക്കു ശേഷം വലയിലാക്കിയത്.

പോണ്ടിച്ചേരിയിൽനിന്നു പിടികൂടിയ അഞ്ചൽ അലയമൺ സ്വദേശി ദിവിൽകുമാർ (42), കണ്ണൂർ ശ്രീകണ്ഠേശ്വരം കൈതപ്പുരം പുതുശേരി വീട്ടിൽ രാജേഷ് (47) എന്നിവരാണ് പിടിയിലായത്. ഇരുവരും പത്താൻകോട്ട് യൂണിറ്റിലെ മുൻ സൈനികരായിരുന്നു. ഇരുവരെയും എറണാകുളം സിബിഐ കോടതിയിൽ ജനുവരി അഞ്ചിന് ഹാജരാക്കി.

2006 ഫെബ്രുവരിയിൽ ആയിരുന്നു കൊലപാതകം. അഞ്ചൽ അലയമൺ രജനി വിലാസത്തിൽ രഞ്ജിനി, 17 ദിവസം പ്രായമായ ഇരട്ടപെൺകുഞ്ഞുങ്ങൾ എന്നിവരെ നിഷ്ഠൂരമായി കഴുത്തറുത്ത് കൊലപ്പെടുത്തിയ ശേഷമാണ് ഇരുവരും ഒളിവിൽപ്പോയത്.

രഞ്ജിനിയും അയൽവാസിയുമായ ദിവിൽകുമാറുമായി അടുപ്പത്തിലായിരുന്നു. അവിവാഹിതയായ രഞ്ജിനി ഗർഭിണിയായിരിക്കെ വനിതാ കമ്മീഷനിൽ പരാതി നൽകി. പിതൃത്വം തെളിയിക്കാൻ ഡിഎൻഎ ടെസ്റ്റിനു ഹാജരാകണമെന്ന് ദിവിൽകുമാറിനോട് വനിതാ കമ്മീഷൻ നിർദേശിച്ചതിനു പിന്നാലെയായിരുന്നു കൊലപാതകം. ദിവിൽകുമാറിന്റെ സുഹൃത്തും കൂട്ടാളിയുമായിരുന്നു കണ്ണൂർ സ്വദേശി രാജേഷ്. കേസ് ആദ്യം ക്രൈംബ്രാഞ്ച് ഏറ്റെടുത്തെങ്കിലും മുന്നോട്ടു പോയില്ല.

പ്രതികൾ ആരെല്ലാമായിരുന്നുവെന്ന് പോലീസിനും നാട്ടുകാർക്കും ഇരകളുടെ ബന്ധുക്കൾക്കും ഉറപ്പുണ്ടായിരുന്നു. ഇരുവരും സൈന്യത്തിലേക്കു മടങ്ങിയിരുന്നില്ല. എന്നാൽ, ഇന്ത്യ വിട്ടുവെന്നായിരുന്നു സൂചനകൾ. ഈ നിലയ്ക്ക് അന്വേഷിച്ചെങ്കിലും തുമ്പു കിട്ടിയിരുന്നില്ല. തുടർന്ന് അന്വേഷണം മരവിച്ചമട്ടായി. പോണ്ടിച്ചേരിയിലേക്ക് കടന്ന പ്രതികൾ അവിടെ വിവാഹം കഴിച്ചു. ഈ ബന്ധത്തിൽ കുട്ടികളുമുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 02
January 10, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008) is published Weekly for $54.00 per year by Grace Publications, Inc.

3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

മനസുകൾക്ക് സ്വർഗത്തെ നരകമാക്കാനും നരകത്തെ സ്വർഗമാക്കാനും കഴിയും.

**ജോൺ മിൽട്ടൻ**

മഹത്വത്തെപ്പറ്റി ചിന്തിക്കാതെ സത്യത്തെ അന്വേഷിക്കുന്നവർക്ക് രണ്ടും ലഭിക്കുന്നു.

**ഹൊരസ്മാൻ**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT


**Raj Surendran, MBA**

Senior Medicare Specialist

708-945-3985

www.questwealthgroup.com
rsurendran007@gmail.com








Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# സ്വത്തവകാശം ഭരണഘടനാപരം: സുപ്രീംകോടതി

ന്യൂഡൽഹി: സ്വത്തവകാശം മനുഷ്യാവകാശവും ഭരണഘടനാപരമായ അവകാശവുമാണെന്ന് സുപ്രീംകോടതി. നിയമം അനുശാസിക്കുന്ന മതിയായ നഷ്ടപരിഹാരം നൽകാതെ ഒരാളുടെ സ്വത്ത് ഏറ്റെടുക്കാൻ സാധിക്കില്ലെന്നും കോടതി വ്യക്തമാക്കി.

1978-ലെ ഭരണഘടനാ ഭേദഗതിപ്രകാരം സ്വത്തിനുള്ള അവകാശം മൗലികാവകാശമല്ലെങ്കിലും ഭരണഘടനാ അനുച്ഛേദം 300 (എ) പ്രകാരം ഇതൊരു ഭരണഘടനാപരമായ അവകാശമായി തുടരുന്നു.

കൃത്യമായ നഷ്ടപരിഹാരം നൽകാതെ ഒരു വ്യക്തിയുടെയും സ്വത്ത് സർക്കാരുകൾക്ക് കൈവശപ്പെടുത്താനാകില്ലെന്നും ജസ്റ്റീസുമാരായ ബി.ആർ. ഗവായ്, കെ.വി. വിശ്വനാഥൻ എന്നിവരുടെ ബെഞ്ച് ഉത്തരവിട്ടു. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതിയിലെ വിപണിനിരക്കിലാണു നഷ്ടപരിഹാരം നിശ്ചയിക്കേണ്ടതെങ്കിലും നഷ്ടപരിഹാരം നൽകാൻ കാലതാമസം നേരിട്ടാൽ പുതിയ വിപണിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ തുക നിശ്ചയിക്കണമെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കി.

ബംഗളൂരുവിനെ മൈസൂരുവുമായി ബന്ധിപ്പിക്കുന്ന അടിസ്ഥാനസൗകര്യ വികസന ഇടനാഴി നിർമിക്കുന്നതിന് ആയിരക്കണക്കിന് ഏക്കർ ഭൂമി ഏറ്റെടുക്കാൻ 2003-ൽ വിജ്ഞാപനം പുറപ്പെടുവിച്ച കർണാടക ഇൻഡസ്ട്രിയൽ ഏരിയ ഡെവലപ്മെന്റ് ബോർഡിനെതിരായ ഹർജി പരിഗണിക്കവെയാണു സുപ്രീംകോടതിയുടെ സുപ്രധാന വിധി. ഭൂമിയുടെ പട്ടയം സംസ്ഥാന സർക്കാർ ഏറ്റെടുത്തെങ്കിലും ഉടമകൾക്കുള്ള നഷ്ടപരിഹാരത്തുക നൽകിയില്ല.

2019-ൽ ഭൂമിയേറ്റെടുക്കൽ ഉദ്യോഗസ്ഥനെതിരെ കോടതിയലക്ഷ്യ നടപടി സ്വീകരിച്ചതിനെത്തുടർന്ന് നഷ്ടപരിഹാരം നൽകി. എന്നാൽ 2003-ലെ ഭൂമിയുടെ നിരക്കിന്റെ അടിസ്ഥാനത്തിലാണു നഷ്ടപരിഹാരം നൽകിയത്. ഇതു നിലവിലെ ഭൂമിയുടെ വിപണി നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ വലിയ തോതിൽ കുറവാണ്. തുടർന്ന് ഭരണഘടനാ അനുച്ഛേദം 142 പ്രകാരമുള്ള കോടതിയുടെ പ്രത്യേക അധികാരമുപയോഗിച്ച് 2019 ഏപ്രിൽ 22-ൽ പ്രസ്തുത ഭൂമിയുടെ വിപണിമൂല്യം അനുസരിച്ച് നഷ്ടപരിഹാരത്തുക മാറ്റി നിശ്ചയിക്കാനും കോടതി നിർദേശിച്ചു. രണ്ടു മാസത്തിനകം ഇതു നടപ്പാക്കണമെന്നും കോടതി നിർദേശിച്ചു.

ഏകദേശം 22 വർഷമായി ഭൂവുടമകൾക്ക് നിയമാനുസൃതമായ അവരുടെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്നും പഴയ വിപണിമൂല്യം അനുസരിച്ച് നഷ്ടപരിഹാരത്തുക കണക്കാക്കിയാൽ ഉടമകൾക്കു വലിയ നഷ്ടം നേരിടുമെന്നും കേസിൽ വിധി പറയവെ ജസ്റ്റിസ് ഗവായ് അഭിപ്രായപ്പെട്ടു.

അതിനാൽ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരത്തുക നിർണയവും വിതരണവും യഥാസമയം നടക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്നും അദ്ദേഹം പറഞ്ഞു. കേസുമായി ബന്ധപ്പെട്ട കർണാടക ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെയും ഡിവിഷൻ ബെഞ്ചിന്റെയും മുൻവിധികളും സുപ്രീംകോടതി റദ്ദാക്കി.

# വയനാട് പുനരധിവാസം: പ്രതീക്ഷയും ആശങ്കയും

കേന്ദ്ര സഹായത്തിനു കാത്തുനിൽക്കാതെ മുണ്ടക്കൈ- ചൂരൽമല പ്രദേശത്തെ ദുരന്തബാധിതരുടെ പുനരധിവാസം പൂർത്തിയാക്കുമെന്ന സർക്കാർ നിലപാട് കേരളത്തിന്റെ പുതുവർഷ പ്രതീക്ഷകൾക്കു തിളക്കമേകുന്നതായി. ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി രണ്ടു ടൗൺഷിപ്പ് പദ്ധതികളാണു സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്നത്. ദുരന്തബാധിതരുടെ കാര്യത്തിൽ കേന്ദ്രവും കേരളവും തുടരുന്ന അവഗണനയിൽ ശക്തമായ വിമർശനം ഉയരുന്നതിനിടെയാണ് പുനരധിവാസ പദ്ധതിക്ക് അംഗീകാരം നൽകിയത് എന്നതു ശ്രദ്ധേയം. എല്ലാവിധ സഹായങ്ങളും അർഹരായ ആളുകൾക്കു ലഭ്യമാക്കുന്ന തരത്തിലാകണം ഓരോ നടപടികളും മുന്നോട്ടുകൊണ്ടുപോകാൻ. സാധാരണക്കാരായ ആളുകളുടെ ജീവിതസുരക്ഷയ്ക്ക് ഏർപ്പെടുത്തിയ ക്ഷേമപെൻഷനിലടക്കം കൈയിട്ടുവാരൽ നടക്കുന്ന നാട്ടിൽ അർഹർ പുറത്തുപോകുകയും അനർഹർ ഇടംനേടുകയും പതിവായി കണ്ടുവരുന്ന കാര്യമാണ്.

പദ്ധതികൾ വിശദീകരിച്ച മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സമീപനത്തിൽ സർക്കാരിനുള്ള അതൃപ്തി ഒരിക്കൽക്കൂടി പ്രകടിപ്പിക്കുകയും ചെയ്തു. ഒന്നര വർഷത്തെ കാലാവധി ബാക്കിയുള്ള സർക്കാരാണ് നിലവിൽ കേരളത്തിലേത്. പൊതുതെരഞ്ഞെടുപ്പിനു മുമ്പായി വലിയൊരു ഉത്തരവാദിത്വം പൂർത്തിയാക്കാനുള്ള ദൗത്യമാണ് സർക്കാരിനു മുന്നിലുള്ളത്. വയനാട് പുനരധിവാസം ഭംഗിയായി പൂർത്തിയാക്കി തെരഞ്ഞെടുപ്പിനെ നേരിടാനാകും സർക്കാർ ആഗ്രഹിക്കുക. അതിനുള്ള ശ്രമം പുനരധിവാസ പ്രവർത്തനങ്ങൾക്കു വേഗവും കാര്യക്ഷമതയും നൽകിയേക്കാമെന്നും വിലയിരുത്തപ്പെടുന്നു. ദുരന്തത്തെത്തുടർന്നു ജീവിതം ചോദ്യചിഹ്നമായ നിരവധി കുടുംബങ്ങളിൽ പ്രതീക്ഷയുടെ പുതുവെളിച്ചം പകരാൻ ഏതായാലും മുഖ്യമന്ത്രിയുടെ പ്രഖ്യാപനങ്ങൾ കാരണമായിട്ടുണ്ട്.

ഹാരിസൺ മലയാളത്തിന്റെ നെടുമ്പാല എസ്റ്റേറ്റിലും കൽപ്പറ്റ എൽസ്റ്റോൺ എസ്റ്റേറ്റിലും ആയിരിക്കും മോഡൽ ടൗൺഷിപ്പ് പദ്ധതി നടപ്പിലാക്കുക. കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ അഞ്ച് സെന്റ് സ്ഥലത്ത് 1000 ചതുരശ്ര അടിയുള്ള വീടുകളായിരിക്കും നിർമിക്കുക. നെടുമ്പാലയിൽ പത്തു സെന്റ് സ്ഥലത്തായിരിക്കും നിർമാണം. ദുരന്തഭൂമിയിൽനിന്നു സുരക്ഷിതമായ സ്ഥലത്തേക്കു താമസം മാറുന്നതിനൊപ്പം എല്ലാ തരത്തിലും ദുരന്തത്തെ അതിജീവിച്ചു ജീവിതം മുന്നോട്ടുകൊണ്ടുപോകാനും ആളുകൾക്കു സർക്കാരിന്റെ സഹായം വേണ്ടിവരും. പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടികയും എത്ര വീടുകൾ വേണ്ടിവരുമെന്നും നിശ്ചയിക്കുന്നതേയുള്ളൂ.

പുഞ്ചിരിമട്ടം ദുരന്തബാധിതരുടെ പുനരധിവാസത്തിന് രണ്ട് ടൗൺഷിപ്പുകളാണ് സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്നത്. മേപ്പാടി നെടുമ്പാലയിൽ ഹാരിസൺസ് മലയാളം കമ്പനിയിൽനിന്ന് ഏറ്റെടുക്കുന്ന 48.96 ഹെക്ടറിലാണ് ഇതിലൊന്ന്. എൽസ്റ്റോൺ എസ്റ്റേറ്റ് ഭൂമിയിൽ 58.50 ഹെക്ടറാണ് ടൗൺഷിപ്പിന് പ്രയോജനപ്പെടുത്തുന്നത്. ഓരോ ടൗൺഷിപ്പിലും എത്രവീതം വീടുകൾ നിർമിക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല. നെടുമ്പാല ടൗൺഷിപ്പിൽ 10 സെന്റ് വീതം അനുവദിക്കാനുള്ള സർക്കാർ തീരുമാനത്തിൽ ദുരന്തബാധിതർക്ക് അതൃപ്തിയില്ല. എൽസ്റ്റോൺ എസ്റ്റേറ്റ് ടൗൺഷിപ്പിൽ അഞ്ച് സെന്റ് വീതം നൽകുന്നതിലാണ് വിയോജിപ്പ്. അഞ്ച്സെന്റ് ഭൂമിയിൽ കെട്ടിട നിർമാണച്ചട്ടം പാലിച്ച് മുന്നിലും പിന്നിലും ഇടതു, വലതു വശങ്ങളിലും ഇടംവിട്ടാണ് 1,000 ചതുരശ്ര അടിയിൽ വീട് നിർമിക്കുക. ഇവിടെ താമസം വീർപ്പുമുട്ടൽ ഉളവാക്കുന്നതാകുമെന്ന് ദുരന്തബാധിതർ പറയുന്നു.

ടൗൺഷിപ്പുകൾക്കു പുറത്ത് കണ്ടെത്തുന്ന ഭൂമി വാങ്ങി വീട് നിർമിച്ച് താമസിക്കാൻ ആഗ്രഹിക്കുന്ന കുടുംബങ്ങൾ ദുരന്തബാധിതർക്കിടയിൽ നിരവധിയാണ്. 15 ലക്ഷം രൂപ വീതം അനുവദിക്കുന്നത് ഇവരെ സംബന്ധിച്ചിടത്തോളം പുനരധിവാസത്തിന് പര്യാപ്തമല്ല. ദുരന്തബാധിത കുടുംബങ്ങൾക്ക് പുഞ്ചിരിമട്ടത്തും മുണ്ടക്കൈയിലും ചൂരൽമലയിലും ഉണ്ടായിരുന്ന ഭൂമിയിലെ ഉടമസ്ഥാവകാശം നിലനിർത്തുമെന്നാണ് മുഖ്യമന്ത്രി അറിയിച്ചത്. ഇതിൽ വ്യക്തത വരുത്തണം. ഉരുൾവെള്ളം ഒഴുകിയ പ്രദേശത്ത് സ്വന്തം ഭൂമി എവിടെയെന്നു കൃത്യമായി അടയാളപ്പെടുത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. വിലങ്ങാട്ടെ ദുരിതബാധിതർക്കുള്ള സഹായവുമായി ബന്ധപ്പെട്ട് യാതൊരു തലത്തിലുമുള്ള അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല.

പ്രകൃതി ക്ഷോഭങ്ങളിലടക്കം തിരിച്ചടി നേരിട്ടവർക്കായുള്ള പദ്ധതി പ്രഖ്യാപനങ്ങളും സഹായ വാഗ്ദാനങ്ങളും നടപ്പിലാക്കിയിട്ടുള്ളതിനേക്കാൾ ലംഘിക്കപ്പെട്ട ചരിത്രമാണ് നാടിന്റേത്. സർക്കാർ വയനാടിനായി പദ്ധതി പ്രഖ്യാപിക്കുമ്പോഴും ജനങ്ങൾ സംശയാലുക്കളാകാൻ കാരണം ഇതാണ്. പ്രഖ്യാപനവും തുടക്കവും കേമമാകുമ്പോഴും നടത്തിപ്പു ഘട്ടത്തിൽ പദ്ധതികൾക്കു താളംതെറ്റുന്നതാണ് പതിവു കാഴ്ച. വയനാട് പുനരധിവാസം ഇത്തരത്തിലുള്ള ചരിത്രത്തിന്റെ ആവർത്തനം ആകാതിരിക്കട്ടെ. പദ്ധതി സമയബന്ധിതമായി തികഞ്ഞ ആസൂത്രണത്തോടെ നടപ്പിലാക്കാൻ കഴിയണം. കൈയിട്ടുവാരൽ ശീലമാക്കിയവരും രാഷ്ട്രീയ ചായ്‌വിനു പ്രാധാന്യം നൽകുന്നവരുമായ ഉദ്യോഗസ്ഥരെ അടുപ്പിക്കരുത്. ഏറെ വെല്ലുവിളി നിറഞ്ഞ ദൗത്യമാണ് മുന്നിലുള്ളതെങ്കിലും ഭംഗിയായി നടപ്പിലാക്കാൻ കഴിഞ്ഞാൽ പിണറായി വിജയൻ സർക്കാരിനു മികച്ച നേട്ടമാകും.

# കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ തകർന്നുവീണു മൂന്നു മരണം

പോർബന്തർ: ഇന്ത്യൻ കോസ്റ്റ്ഗാർഡിന്റെ (ഐസിജി) ഹെലികോപ്റ്റർ തകർന്നു വീണ് കത്തി മൂന്നു നാവികർ മരിച്ചു. രണ്ടു പൈലറ്റുമാരും ഒരു എയർക്രൂ ഡ്രൈവറുമാണു മരിച്ചത്. ഗുജറാത്തിലെ പോർബന്തർ വിമാനത്താവളത്തിൽ ജനുവരി അഞ്ചിന് ഉച്ചയ്ക്ക് 12.15-നാണ് അപകടമുണ്ടായത്.

പരിശീലനപ്പറക്കലിനുശേഷം മടങ്ങിയ അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്റർ (എഎൽഎച്ച്) ധ്രുവ്, ഹെലികോപ്റ്റർ കോസ്റ്റ് ഗാർഡ് വിമാനത്താവളത്തിൽ ഇറങ്ങാൻ ശ്രമിക്കവേയായിരുന്നു അപകടം.

കമാൻഡാന്റ് (ജെജി) സൗരഭ്, ഡെപ്യൂട്ടി കമാൻഡാന്റ് എസ്.കെ. യാദവ്, നാവിക് മനോജ് പ്രധാൻ എന്നിവരാണു മരിച്ചത്. റൺവേക്കു സമീപം തകർന്നുവീണ ഹെലികോപ്റ്ററിനു തീപിടിക്കുകയായിരുന്നു. ഫയർ ബ്രിഗേഡ് എത്തി തീയണച്ചു.

ഗുരുതരമായി പൊള്ളലേറ്റ മൂന്നു പേരെയും ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു. പോർബന്തർ വിമാനത്താവളത്തിൽ നാവികസേനയ്ക്കും കോസ്റ്റ് ഗാർഡിനും പ്രത്യേക എൻക്ലേവുകളുണ്ട്.

കഴിഞ്ഞ വർഷം സെപ്റ്റംബർ രണ്ടിനു പോർബന്തറിനു സമീപം അറബിക്കടലിൽ കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ തകർന്നുവീണു മൂന്നുപേർ മരിച്ചിരുന്നു.

# ബഹിരാകാശത്ത് ഇന്ത്യൻ വിത്തുപരീക്ഷണം വിജയിച്ചു

തിരുവനന്തപുരം: ബഹിരാകാശത്ത് ആദ്യമായി ഇന്ത്യൻ വിത്തുമുളച്ചു. ഐഎസ്ആർഒയുടെ സ്പേഡെക്സ് ദൗത്യത്തോടൊപ്പം വിക്ഷേപിച്ച പോയം-4 പേടകത്തിലാണ് വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെ (വിഎസ്എസ്സി) വൻപയർ വിത്തു പരീക്ഷണം വിജയിച്ചത്.

8 വിത്തുകളാണ് ബഹിരാകാശത്തേക്ക് അയച്ചത്. ഭൂരിഭാഗത്തിനും ആദ്യനാമ്പായി രണ്ടിലകൾ വളരുന്നതു വരെ ഇവ വളർത്തും.

ബഹിരാകാശ മാലിന്യം ശേഖരിക്കാൻ വിഎസ്എസ്സി വികസിപ്പിച്ച യന്ത്രക്കൈയും വിജയകരമായി പരീക്ഷിച്ചു. വിവിധ ജോലികൾ നിർവഹിക്കാനായി തിരുവനന്തപുരം വട്ടിയൂർക്കാവിലെ ഐഎസ്ആർഒ ഇനേർഷ്യൽ സിസ്റ്റംസ് യൂണിറ്റ് വികസിപ്പിച്ച മറ്റൊരു യന്ത്രക്കൈയുടെ പരീക്ഷണവും വിജയമായി.

പേടകങ്ങളിൽ വൈദ്യുത സർക്യൂട്ട് ജ്വലനത്തിനു പകരം ലേസർ ഉപയോഗിച്ചു ജ്വലനം നടത്തുന്നതിനുള്ള സാങ്കേതിക വിദ്യയും വിജയകരമായി പരീക്ഷിച്ചു.

# മൂന്നാറിൽ തണുപ്പ് മൈനസിൽ

മൂന്നാർ: വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിൽ അതിശൈത്യം തുടരുന്നു. ദേവികുളം ഒ.ഡി.കെ ഡിവിഷനിൽ 5-ന് പുലർച്ചെ കുറഞ്ഞ താപനിലയായ മൈനസ് ഒന്ന് ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി. ഈ സീസണിലെ ഏറ്റവും കുറഞ്ഞ താപനിലയാണിത്. ഇതോടെ പ്രദേശത്തെ പുൽമേടുകളിൽ വ്യാപകമായി മഞ്ഞുവീണു.

ചെണ്ടുവരഎസ്റ്റേറ്റിൽ കുറഞ്ഞ താപനിലയായ ഒരു ഡിഗ്രി സെൽഷ്യസും സെവൻമല, തല്ലതണ്ണി എന്നിവിടങ്ങളിൽ രണ്ടും മൂന്നും ഡിഗ്രി സെൽഷ്യസും രേഖപ്പെടുത്തി. തണുപ്പ് ആസ്വദിക്കുന്നതിനായി നിരവധി വിനോദസഞ്ചാരികളാണ് മൂന്നാറിലും ഉൾപ്രദേശങ്ങളിലുമെത്തുന്നത്.

# കാർട്ടൂണിസ്റ്റ് ജോർജ് കുമ്പനാട് അന്തരിച്ചു



തിരുവല്ല: 'ഉപ്പായി മാപ്ല' എന്ന കാർട്ടൂൺ കഥാപാത്രത്തിന്റെ സൃഷ്ടിയിലൂടെ ശ്രദ്ധേയനായ കാർട്ടൂണിസ്റ്റ് ജോർജ് കുമ്പനാട് (94) അന്തരിച്ചു.

കുമ്പനാട് മറ്റത്തുമലയിൽ പരേതനായ എം.വി. വർക്കിയുടെയും ശോശാമ്മയുടെയും മകനാണ്. മലയാള മനോരമ, കേരളധ്വനി എന്നീ പത്രങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. നാട്ടുകാർ ജോർജിനെ 'ഉപ്പായി മാപ്ല' എന്നായിരുന്നു വിളിച്ചത്. മികച്ച ഫോട്ടോഗ്രാഫർ കൂടിയായിരുന്നു. ആഫ്രിക്കയിൽ ഇൻഫർമേഷൻ സർവീസിൽ ജോലി ലഭിച്ചു. പിന്നീട് അറേബ്യൻ പ്രിന്റിങ് ആൻഡ് പബ്ലിഷിങ് ഹൗസ് പുറത്തിറക്കിയ അറബിക് പ്രസിദ്ധീകരണത്തിലും അബുദാബി ടിവിയിലും ജോലി ചെയ്തു. 2022-ൽ കേരള കാർട്ടൂൺ അക്കാദമി വിശിഷ്ടാംഗത്വം നൽകി.

ഭാര്യ: കല്ലൂപ്പാറ കാവാനക്കുഴിയിൽ പരേതയായ ജോയമ്മ. മക്കൾ: ഉഷ, ചാണ്ടി, സുജ രാജു, ഷേർളി റോയ്, സ്മിത സുനിൽ. മരുമക്കൾ: കെ. ചാണ്ടി, രാജു പി. ജേക്കബ്, റോയ് ഏബ്രഹാം, സുനിൽ എം. മാത്യു.



Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews




Need Health Insurance Coverage?
You may qualify for $0 monthly premium health insurance
ACA/ OBAMACARE/ MARKETPLACE HEALTH INSURANCE
CALL 530 298 8078
SEE IF YOU QUALIFY FOR TAX SUBSIDY
SCAN QR CODE TO GET YOUR QUOTE NOW
LICENSED IN MULTIPLE STATES
Tharun Mahesh
INSURANCE PRODUCER
NATIONAL PRODUCER NUMBER:18615871
LICENSED & CERTIFIED
tharun@tmcoverage.com
www.tmcoverage.com




JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

# ഗവർണറായി രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ചുമതലയേറ്റു

തിരുവനന്തപുരം: കേരളത്തിന്റെ 23-ാമത് ഗവർണറായി രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും പ്രതിപക്ഷനേതാവ് വി.ഡി. സതീശനും അടക്കമുള്ളവർ സത്യപ്രതിജ്ഞാ ചടങ്ങിലും തുടർന്നുള്ള ചായസൽക്കാരത്തിലും പങ്കെടുത്തു.

ഗവർണറെ നിയമിച്ചുകൊണ്ടുള്ള രാഷ്ട്രപതിയുടെ ഉത്തരവ് ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ വായിച്ചു. തുടർന്നായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങ്. ബംഗാൾ ഗവർണർ സി.വി. ആനന്ദബോസ്, നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രിമാരായ റോഷി അഗസ്റ്റിൻ, കെ. കൃഷ്ണൻകുട്ടി, കടന്നപ്പള്ളി രാമചന്ദ്രൻ, വി. ശിവൻകുട്ടി, ജി.ആർ. അനിൽ, പി. രാജീവ്, മുഹമ്മദ് റിയാസ്, കെ.എൻ. ബാലഗോപാൽ, എംപിമാരായ ശശി തരൂർ, എ.എ. റഹിം, എംഎൽഎമാരായ കടകംപള്ളി സുരേന്ദ്രൻ, വി.കെ. പ്രശാന്ത്, മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ അടക്കമുള്ളവർ പങ്കെടുത്തു.



സത്യപ്രതിജ്ഞാ ചടങ്ങിനുശേഷം വൈകുന്നേരം ഗവർണർ കുടുംബസമേതം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തി.

# ഭോപ്പാൽ ദുരന്തം: 40 വർഷത്തിനുശേഷം വിഷമാലിന്യം നീക്കുന്നു

ഭോപ്പാൽ: ഭോപ്പാൽ ദുരന്തം നടന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും മാലിന്യനീക്കം നടക്കാത്തതിൽ മധ്യപ്രദേശ് ഹൈക്കോടതിയുടെ വിമർശനത്തിനു പിന്നാലെ മാലിന്യം നീക്കം ചെയ്യാൻ തീരുമാനിച്ചു. ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഫാക്ടറിയിലെ 377 ടൺ വിഷമാലിന്യമാണ് 250 കിലോമീറ്റർ അകലെയുള്ള സംസ്കരണസ്ഥലത്തേക്ക് കൊണ്ടുപോകുന്നത്.

സീൽ ചെയ്ത ട്രക്കുകളിൽ കയറ്റിയ മാലിന്യങ്ങൾ ഇൻഡോറിൽ നിന്ന് 30 കിലോമീറ്റർ അകലെയുള്ള ധാർ ജില്ലയിലെ പിതാംപൂർ വ്യവസായ മേഖലയിലാണ് തള്ളുന്നത്. ഇവിടെ എത്തിക്കുന്ന മാലിന്യം മൂന്നു മാസത്തിനുള്ളിൽ കത്തിച്ചുകളയും. കത്തിക്കുന്ന പുക പ്രത്യേക ഫിൽറ്ററുകളിലൂടെ കടത്തിവിട്ട് അന്തരീക്ഷ മലിനീകരണം ഒഴിവാക്കും. തുടക്കത്തിൽ കുറച്ചു മാത്രം മാലിന്യം പരീക്ഷണാടിസ്ഥാനത്തിലാകും കത്തിക്കുക. പ്രത്യേക പിപിഇ കിറ്റുകൾ ധരിച്ച് 30 മിനിറ്റ് ഷിഫ്റ്റുകളിലായി നൂറ് തൊഴിലാളികൾ ചേർന്നാണ് മാലിന്യം പായ്ക്ക് ചെയ്തത്.

ഭോപ്പാൽ ദുരന്തമുണ്ടായി വർഷങ്ങൾ കഴിഞ്ഞിട്ടും സുപ്രീം കോടതിയുടെ നിർദേശം അവഗണിച്ച് ദുരന്തഭൂമിയായ യൂണിയൻ കാർബൈഡ് സ്ഥലം വൃത്തിയാക്കാത്തതിൽ ഹൈക്കോടതി അടുത്തിടെ അധികാരികൾക്കെതിരെ രൂക്ഷവിമർശനം ഉന്നയിച്ചിരുന്നു. മാലിന്യനീക്കത്തിന് ഡിസംബർ മൂന്നിന് ഹൈക്കോടതി നാലാഴ്ചത്തെ സമയം അനുവദിച്ചിരുന്നു. 1984 ഡിസംബർ രണ്ട്, മൂന്ന് തീയതികളിൽ രാത്രിയിലാണ് ഭോപ്പാലിലെ യൂണിയൻ കാർബൈഡ് കീടനാശിനി ഫാക്ടറിയിൽ നിന്ന് ഉയർന്ന വിഷവാതകമുള്ള മീഥൈൽ ഐസോസയനേറ്റ് (എംഐസി) വാതകം ചോർന്നത്. ദുരന്തത്തിൽ കുറഞ്ഞത് 5,479 പേർ കൊല്ലപ്പെടുകയും അഞ്ചു ലക്ഷത്തിലേറെ പേർക്ക് ഗുരുതര ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കിയിരുന്നു.

# എസ്. ജയചന്ദ്രൻ നായർ അന്തരിച്ചു



തിരുവനന്തപുരം: പത്രാധിപരും എഴുത്തുകാരനും തിരക്കഥാകൃത്തുമായ എസ്. ജയചന്ദ്രൻ നായർ (85) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഭാര്യ സരസ്വതിയമ്മ. മക്കൾ: ഡോ. ജയ്ദീപ് (യുകെ), ദീപ (എൻജിനീയർ, ബെംഗ്ളൂരു). മലയാള വാർത്താ വാരികകൾക്ക് സവിശേഷമായ വ്യക്തിത്വം സമ്മാനിച്ച പത്രാധിപരായ ജയചന്ദ്രൻ നായർ നിരവധി യുവ എഴുത്തുകാരെ മലയാള സാഹിത്യത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. കൗമുദിയിലൂടെ പത്രപ്രവർത്തനം തുടങ്ങി, കലാകൗമുദി വാരിക ആരംഭിച്ചപ്പോൾ സഹപത്രാധിപരും പിന്നീട് ദീർഘകാലം പത്രാധിപരുമായി. ഷാജി എൻ. കരുണിന്റെ പിറവി എന്ന സിനിമയുടെ തിരക്കഥാകൃത്തും നിർമാതാവും ജയചന്ദ്രനായിരുന്നു. ഷാജിയുടെ സ്വം എന്ന സിനിമയുടെ തിരക്കഥയും ജയചന്ദ്രന്റേതായിരുന്നു. 1997-ൽ സമകാലിക മലയാളം വാരിക ആരംഭിച്ചപ്പോൾ സ്ഥാപക പത്രാധിപരായി. 2013 വരെ ഇവിടെ തുടർന്നു.

ആത്മഹത്യയിലേക്കുള്ള കുറുക്കുവഴി, മരക്കുതിര, ബാക്കിപത്രം തുടങ്ങിയ നോവലുകളും ഗബ്രിയേൽ ഗാർസിയ മാർകേസ്, ജീവിതവും എഴുത്തും, കഥാസരിത് സാഗരം അടക്കം 22 കൃതികൾ രചിച്ചു. 'എന്റെ പ്രദക്ഷിണവഴികൾ' എന്ന ഗ്രന്ഥത്തിന് ആത്മകഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.

# രാജ്യാന്തര യാത്രികരുടെ വിവരങ്ങൾ കസ്റ്റംസിനു കൈമാറണം

ന്യൂഡൽഹി: രാജ്യത്തിനകത്തേക്കോ പുറത്തേക്കോ സർവീസ് നടത്തുന്ന എല്ലാ വിമാനക്കമ്പനികളും തങ്ങളുടെ യാത്രക്കാരുടെ വിവരങ്ങൾ ഈ വർഷം ഏപ്രിൽ ഒന്നു മുതൽ കസ്റ്റംസിനു കൈമാറണം.

അല്ലാത്തപക്ഷം വിമാനക്കമ്പനികൾക്കെതിരെ പിഴ ചുമത്തുമെന്ന് സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് വ്യക്തമാക്കി.

കാബിൻ ക്രൂ പൈലറ്റുമാർ എന്നിവരുൾപ്പെടെ വിമാനത്തിലുള്ള എല്ലാവരുടെയും മൊബൈൽ നമ്പർ, പേമെന്റ് മോഡ് തുടങ്ങിയ വിശദാംശങ്ങളാണ് പങ്കുവെക്കേണ്ടത്. കൂടാതെ യാത്രക്കാരന് വിമാനക്കമ്പനിയോ ട്രാവൽ ഏജന്റോ ടിക്കറ്റ് നല്കിയ തീയതി, ട്രാവൽ ഏജൻസിയുടെ വിശദാംശങ്ങൾ, ബാഗേജ് വിവരങ്ങൾ തുടങ്ങിയവയും കൈമാറണം.

പുതിയ വിജ്ഞാപനമനുസരിച്ച് വിമാനം പുറപ്പെടുന്നതിനു 24 മണിക്കൂറിനു മുമ്പായി യാത്രക്കാരുടെ വിവരങ്ങൾ കൈമാറണം. അല്ലാത്തപക്ഷം 25,000 രൂപ മുതൽ 50,000 രൂപ വരെ ഓരോ തവണയും പിഴ ഈടാക്കും. സാമ്പത്തിക നിയമം 2017-ലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നീക്കമെന്നാണ് കസ്റ്റംസ് ഉദ്യോഗസ്ഥർ പറയുന്നത്.

യാത്രക്കാരുടെ വ്യക്തിവിവരങ്ങൾ സംബന്ധിക്കുന്ന ഒന്നും കസ്റ്റംസിനു കൈമാറേണ്ടതില്ലെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഫെബ്രുവരി ആദ്യവാരം മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ നിർദേശം നടപ്പാക്കിത്തുടങ്ങും.

# ഉടമസ്ഥാവകാശം മാറ്റാനുള്ള നടപടി ലളിതമാക്കുന്നു

കോട്ടയം: വാഹന ഉടമസ്ഥൻ മരിച്ചശേഷം ഉടമസ്ഥാവകാശം മാറ്റുന്ന നടപടിക്രമങ്ങൾ മോട്ടോർ വാഹനവകുപ്പ് ഏകീകരിച്ചു. പല മോട്ടോർവാഹന വകുപ്പ് ഓഫീസുകളിലും പലവിധത്തിൽ ഇതിന്റെ നടപടിക്രമങ്ങൾ നടക്കുന്നതായി കണ്ടതിനെത്തുടർന്നാണ് നടപടി ഏകീകരിക്കാൻ വകുപ്പ് തീരുമാനിച്ചത്.

തഹസീൽദാർ നല്കുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റ് (ലീഗൽ ഹയർഷിപ്), കോടതിയിൽ നിന്നുള്ള സാങ്ഷൻ സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഒരു രേഖ ഉപയോഗിച്ചായിരിക്കും ഇനി ഉടമസ്ഥാവകാശം മാറ്റുക. അനന്തരാവകാശ സർട്ടിഫിക്കറ്റാണ് പ്രധാനമായും പരിഗണിക്കുന്നത്. അനന്തരാവകാശ സർട്ടിഫിക്കറ്റാണ് നല്കുന്നതെങ്കിൽ എല്ലാ അവകാശികളുടെയും സത്യവാങ്മൂലം നല്കണം. അപേക്ഷ നല്കിയശേഷം വാഹനം രജിസ്റ്റർ ചെയ്ത അതോറിറ്റിയിൽ എല്ലാ അവകാശികളും ഫോട്ടോ പതിപ്പിച്ച രേഖകൾ സഹിതം നേരിട്ട് ഹാജരാകണം. രജിസ്റ്ററിൽ ഒപ്പുവെക്കുന്നതോടെ നടപടികൾ പൂർത്തിയാകും. അവകാശികളിൽ ഒരാൾ വിദേശത്തായാൽ ഉടമസ്ഥാവകാശം മാറ്റാൻ കഴിയുമായിരുന്നില്ല. പുതിയ ഉത്തരവിൽ ഇത് പരിഹരിച്ചിട്ടുണ്ട്. വിദേശത്തുള്ളയാളുടെ അടുത്ത ബന്ധുവിന് ഓഫീസിൽ ഹാജരായി സത്യവാങ്മൂലം നല്കാം. അവരുടെ സാന്നിദ്ധ്യത്തിൽ വിദേശത്തുള്ള അവകാശിയെ വീഡിയോ കോളിൽ സംസാരിച്ച് ഉടമസ്ഥാവകാശം മാറ്റാമെന്നാണ് നിർദേശം.







# പിറവത്ത് ഫോമായും രാജീവ് ഗാന്ധി കൾച്ചറൽ ഫോറവും ചേർന്ന് സംഘടിപ്പിച്ച 'അമ്മയോടൊപ്പം' എന്ന പ്രോഗ്രാം ചിത്രങ്ങളിലൂടെ...

ഫോട്ടോ: ജോജിൻ പിറവം



ചാണ്ടി ഉമ്മൻ എംഎൽഎ പ്രസംഗിക്കുന്നു



ബേബി മണക്കുന്നേൽ



എം.ജെ. ജേക്കബ് എക്സ് എംഎൽഎ



സാബു കെ. ജേക്കബ്





സൗമിനി ജെയിൻ



ഷാലു പുന്നൂസ്



സിജിൽ പാലക്കലോടി



പോൾ ജോസ്



ബിജു ലോസൺ



ലാലി കളപ്പുരയ്ക്കൽ

























## പെരിയ ഇരട്ടക്കൊല: മുൻ എംഎൽഎ ഉൾപ്പെടെ നാലുപേർക്ക് അഞ്ചുവർഷം തടവ്

# 10 സിപിഎം പ്രവർത്തകർക്ക് ഇരട്ട ജീവപര്യന്തം

കൊച്ചി: കാസർകോട് പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കല്യോട്ടെ കൃപേഷ് (19), ശരത്‌ലാൽ (23) എന്നിവരെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ സിപിഎം പ്രവർത്തകരും അനുഭാവികളുമായ 10 പ്രതികൾക്കു



കൃപേഷ്, ശരത്‌ലാൽ

ജീവപര്യന്തം തടവുശിക്ഷയും രണ്ട് ലക്ഷം രൂപ വീതം പിഴയും സിബിഐ പ്രത്യേക കോടതി വിധിച്ചു. സിപിഎം മുൻ എംഎൽഎ കെ.വി. കുഞ്ഞിരാമൻ, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ. മണികണ്ഠൻ എന്നിവർ ഉൾപ്പെടെ മറ്റു നാലു പ്രതികൾക്ക് അഞ്ചു വർഷം തടവാണു ശിക്ഷ. ഇവരെ ജാമ്യം റദ്ദാക്കി ജയിലിലടച്ചു.

2019 ഫെബ്രുവരി 17-നു നടന്ന ഇരട്ടക്കൊലപാതകം രാഷ്ട്രീയ വൈരാഗ്യത്തെത്തുടർന്നു സിപിഎം പ്രവർത്തകരാണു നടത്തിയതെന്നു കോടതി കണ്ടെത്തി. ഒന്ന് മുതൽ എട്ട് വരെ പ്രതികളായ എ. പീതാംബരൻ, സജി സി. ജോർജ്, കെ.എം. സുരേഷ്, കെ. അനിൽകുമാർ, ജി. ഗിജിൻ, ആർ. ശ്രീരാഗ്, എ. അശ്വിൻ, സുബീഷ്, 10-ാം പ്രതി ടി. രഞ്ജിത്ത്, 15-ാം പ്രതി എ. സുരേന്ദ്രൻ എന്നിവർ കുറഞ്ഞതു 14 വർഷം കഠിനതടവ് അനുഭവിക്കണം. ഗൂഢാലോചനയ്ക്കുള്ള ജീവപര്യന്തവും ഇതിനൊപ്പം അനുഭവിച്ചാൽ മതി. കൊലക്കുറ്റം, ഗൂഢാലോചന, തെളിവു നശിപ്പിക്കൽ, പ്രതിയെ സംരക്ഷിക്കൽ തുടങ്ങിയ കുറ്റങ്ങളിൽ കോടതി വിധിച്ച 20.70 ലക്ഷം രൂപ പ്രതികൾ ഒടുക്കിയാൽ ആ തുക കൃപേഷിന്റെയും ശരത്‌ലാലിന്റെയും കുടുംബത്തിനു നൽകണമെന്നും സിബിഐ പ്രത്യേക കോടതി ജഡ്ജി എൻ. ശേഷാദ്രിനാഥൻ വിധിച്ചു.

അഞ്ച് വർഷം തടവിനു ശിക്ഷിക്കപ്പെട്ട കെ.വി. കുഞ്ഞിരാമൻ, കെ. മണികണ്ഠൻ, രാഘവൻ വെളുത്തോളി, കെ.വി. ഭാസ്കരൻ എന്നിവർ വിചാരണത്തടവുകാരായി ഒരു ദിവസം പോലും ജയിലിൽ കിടന്നിട്ടില്ല. ജീവപര്യന്തം ശിക്ഷ ലഭിച്ച ഒന്ന് മുതൽ എട്ട് വരെ പ്രതികളും 10-ാം പ്രതിയും അഞ്ച് വർഷമായി ജയിലിലാണ്. 15-ാം പ്രതി മൂന്ന് വർഷമായി റിമാൻഡിലാണ്. ഇതു ശിക്ഷയിൽ ഇളവായി ലഭിക്കും. 2022 ഏപ്രിൽ 27-നു തുടങ്ങിയ സാക്ഷി വിസ്താരം 22 മാസം കൊണ്ടാണ് പൂർത്തിയാക്കിയത്. 154 സാക്ഷികളെ വിസ്തരിച്ചു. 495 രേഖകളും വാഹനവും ആയുധങ്ങളുമടക്കം 85 തൊണ്ടി മുതലും കോടതി പരിശോധിച്ചു.

പ്രതിഭാഗം മൂന്ന് സാക്ഷികളെ വിസ്തരിച്ചു. പ്രോസിക്യൂഷനുവേണ്ടി സിബിഐ പ്രോസിക്യൂട്ടർ വൈ. ബോബി ജോസഫും കൊല്ലപ്പെട്ടവരുടെ മാതാപിതാക്കൾക്കു വേണ്ടി അഡ്വ. കെ. പത്മനാഭനും ഹാജരായി. വിചാരണ നേരിട്ട 24 പ്രതികളിൽ 10 പേരെ തെളിവുകളുടെ അഭാവത്തിൽ കോടതി വിട്ടയച്ചിരുന്നു. പ്രതിഭാഗവും പ്രോസിക്യൂഷനും മേൽക്കോടതികളിൽ അപ്പീൽ നൽകും. ചില പ്രതികളെ വിട്ടയച്ചതിനെതിരെയാണു പ്രോസിക്യൂഷൻ മേൽക്കോടതിയിലേക്കു നീങ്ങുന്നത്. വേണ്ടത്ര തെളിവുകളില്ലാതെ പ്രതികളെ ശിക്ഷിച്ചതായാണു പ്രതിഭാഗത്തിന്റെ വാദം.

# ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗത്തിന് മാതാപിതാക്കളുടെ സമ്മതം നിർബന്ധമാക്കി

ന്യൂഡൽഹി: 18 വയസ്സിനു താഴെയുള്ളവർക്ക് സമൂഹമാധ്യമങ്ങൾ അടക്കമുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ അക്കൗണ്ടുകൾ സൃഷ്ടിക്കുന്നതിനു മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ സമ്മതം വേണമെന്ന് കരട് ഡിജിറ്റൽ വ്യക്തിവിവര സുരക്ഷാചട്ടം (ഡിപിഡിപി റൂൾസ്) നിർദേശിക്കുന്നു. വിവരസുരക്ഷാനിയമം 2023 ഓഗസ്റ്റിൽ പാസാക്കിയെങ്കിലും ഇതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല. ഫെബ്രുവരി 18 വരെ പൊതുജനാഭിപ്രായം തേടിയ ശേഷമാകും ചട്ടം അന്തിമമാക്കുക.

വിദ്യാഭ്യാസ, മെഡിക്കൽ ആവശ്യങ്ങൾക്കു കുട്ടികളുടെ വ്യക്തിവിവരങ്ങൾ ഉപയോഗിക്കുന്നതിന് ഇളവു നൽകും. രക്ഷിതാവിന്റെ പ്രായം സർക്കാർ രേഖകൾ വഴിയോ ഡിജിലോക്കർ വഴിയോ സമൂഹമാധ്യമങ്ങൾ പരിശോധിക്കണമെന്നാണു കരടുവ്യവസ്ഥ.

നിലവിൽ ഫെയ്സ്ബുക്കിലും മറ്റും 13 വയസ്സിനു മുകളിലുള്ളവർക്ക് സ്വന്തം നിലയിൽ അക്കൗണ്ട് സൃഷ്ടിക്കാം. എന്നാൽ, ചട്ടം പ്രാബല്യത്തിൽ വരുന്നതോടെ ഓൺലൈൻ അക്കൗണ്ട് സ്വന്തം നിലയ്ക്ക് കുട്ടികൾക്കു തുടങ്ങാനാകാതെ വരും.

രക്ഷിതാവു നൽകുന്ന അനുമതി പിന്നീട് പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിലുള്ള സാക്ഷ്യപ്പെടുത്തലായിരിക്കും കുട്ടികളുടെ വ്യക്തിവിവരങ്ങൾ ദുരുപയോഗം ചെയ്യുന്നതു തടയുകയാണു ലക്ഷ്യം. രക്ഷിതാക്കളുടെ അനുമതി ലഭിച്ചാലും ഈ ഡേറ്റ കുട്ടികൾക്ക് ഒരുതരത്തിലും ദോഷം ചെയ്യുന്ന തരത്തിൽ ഉപയോഗിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ട്.

അടുപ്പിച്ച് മൂന്ന് വർഷം സമൂഹമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കാതിരുന്നാൽ, പ്ലാറ്റ്ഫോം ആ വ്യക്തിയുടെ നിശ്ചിത വ്യക്തിവിവരങ്ങൾ നീക്കം ചെയ്യണം. മൂന്ന് വർഷം പൂർത്തിയാകുന്നതിന് 48 മണിക്കൂർ മുൻപ് ഉപയോക്താവിനു മുന്നറിയിപ്പും നൽകണം. ഇ. കൊമേഴ്സ്, ഗെയിമിങ് പ്ലാറ്റ്ഫോമുകൾക്കും ഇതു ബാധകമാണ്.

വിവരച്ചോർച്ചയുണ്ടായാൽ പ്ലാറ്റ്ഫോമുകൾ അതിന്റെ വ്യാപ്തി, പ്രത്യാഘാതം, പരിഹാരനടപടികൾ, മുൻകരുതലുകൾ അടക്കമുള്ളവ വ്യക്തികളെ അറിയിക്കണം.

# ഓൺലൈൻ തട്ടിപ്പ് തടയാൻ മൂന്ന് പദ്ധതികൾ

തിരുവനന്തപുരം: കേരളചരിത്രത്തിൽ ഏറ്റവും കൂടുതൽ സൈബർ തട്ടിപ്പുകൾ നടന്ന വർഷം കടന്നുപോകുമ്പോൾ, പുതുവർഷത്തിൽ ഇത്തരം തട്ടിപ്പുകൾ തടയാൻ കേരള സൈബർ പോലീസ് മൂന്ന് പദ്ധതികൾ നടപ്പാക്കും. ഇതിൽ രണ്ടെണ്ണം ഇസ്രയേൽ നടപ്പാക്കിയതും അവിടെ സൈബർ തട്ടിപ്പുകൾ 10 ശതമാനത്തിലേക്കു കുറയ്ക്കാൻ സഹായിച്ചതുമാണ്. എംഎംഎസ്, ഇമെയിൽ, പരസ്യങ്ങൾ തുടങ്ങി വിവിധ മാർഗങ്ങളിലൂടെ എത്തുന്ന ലിങ്കുകൾ സംശയകരമെന്നു തോന്നിയാൽ തട്ടിപ്പുണ്ടോ എന്നു കണ്ടെത്താനുള്ള വാട്സാപ് ചാറ്റ്ബോട്ട് ഈ വർഷം തുടക്കത്തിൽതന്നെ സൈബർ പോലീസ് പുറത്തിറക്കും. ലഭിച്ച ലിങ്ക് ഈ ചാറ്റ്ബോട്ടിൽ പേസ്റ്റ് ചെയ്ത് അയച്ചാൽ പച്ച, ചുവപ്പ്, ഓറഞ്ച് എന്നിവയിലുള്ള സിഗ്നൽ മറുപടിയായി ലഭിക്കും. പച്ചയാണെങ്കിൽ ലിങ്ക് സുരക്ഷിതമാണ്. ചുവപ്പാണെങ്കിൽ അപകടകരം. ഓറഞ്ച് ആണെങ്കിൽ കൂടുതൽ പരിശോധന ആവശ്യമാണ്. അതിനായി 1930 എന്ന നമ്പറിലേക്കു വിളിക്കണം. നമ്മുടെ ബാങ്ക് അക്കൗണ്ടിൽനിന്നു തട്ടിപ്പുകാരുടെ അക്കൗണ്ടിലേക്കു പണം എത്തുമ്പോഴാണു തട്ടിപ്പു പൂർത്തിയാകുന്നത്. പണം സ്വീകരിക്കാനുള്ള ബാങ്ക് അക്കൗണ്ടുകൾ രണ്ടോ മൂന്നോ മാസം മാത്രമേ തട്ടിപ്പുകാർ ഉപയോഗിക്കാറുള്ളൂ. ഇതു കണക്കിലെടുത്തു സമീപകാലത്തുമാത്രം തുടങ്ങിയതും കെവൈസി ശക്തമല്ലാത്തതുമായ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തി കുറഞ്ഞ സ്കോർ നൽകും. ഇത്തരം അക്കൗണ്ടുകളിലേക്കു പണം കൈമാറുമ്പോൾ മുന്നറിയിപ്പു സന്ദേശം നൽകുന്ന സംവിധാനം നടപ്പാക്കും. കേരള സൈബർ പോലീസിന്റെ നിർദേശം തത്വത്തിൽ റിസർവ് ബാങ്ക് അംഗീകരിച്ചിട്ടുണ്ട്. ഈ വർഷം നടപ്പാക്കും. ഇസ്രയേലിൽ സൈബർ തട്ടിപ്പുകൾ കുറയ്ക്കാൻ സഹായിച്ച പരിഷ്കാരമാണിത്. ബാങ്ക് അക്കൗണ്ടുകളിലേക്കു ലോഗിൻ ചെയ്യാൻ പതിവായി ഉപയോഗിക്കാത്ത ഉപകരണങ്ങൾ (വൈറ്റ്‌ലിസ്റ്റ്) ഉപയോഗിച്ചാൽ നോട്ടിഫിക്കേഷൻ എത്തുന്ന സംവിധാനവും നടപ്പാക്കാൻ റിസർവ് ബാങ്കുമായി സൈബർ പോലീസ് ധാരണയിലെത്തിയിട്ടുണ്ട്. നമ്മുടെ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് മറ്റാരെങ്കിലും പണം ഓൺലൈനായി കൈമാറുന്നതു തടയാൻ ഇതുവഴി കഴിയും. ഈ പദ്ധതിയും ഇസ്രയേൽ നടപ്പാക്കിയതാണ്.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**







# ഫോമാ എന്നും അമ്മമാർക്കൊപ്പം: ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ

അനിൽ പെണ്ണുക്കര

പിറവം: അറുന്നൂറിലധികം വിധവകളായ അമ്മമാർക്ക് മരുന്ന് കിറ്റും, ധാന്യ കിറ്റും, ഒരു കൈനീട്ടവും ഒരുക്കി ഫോമായും, പിറവം രാജീവ് ഗാന്ധി കൾച്ചറൽ ഫോറവും മാതൃകയാകുന്നു. പതിമൂന്ന് വർഷമായി ജനുവരി അഞ്ചിന് സംഘടിപ്പിക്കുന്ന ധന്യതയാർന്ന പരിപാടി ഈ വർഷവും പിറവം കമ്പാനിയൻസ് ക്ലബ്ബ് ഓഡിറ്റോറിയത്തിൽ വെച്ചു നടത്തി. തന്റെ പിതാവ് ഉമ്മൻ ചാണ്ടി തിരികൊളുത്തി ആരംഭിച്ച നന്മയുള്ള ഈ പദ്ധതിക്ക് ഇത്തവണ ഉദ്ഘാടകനാകുന്നതിൽ അഭിമാനമുണ്ടെന്ന് ചാണ്ടി ഉമ്മൻ എംഎൽഎ അറിയിച്ചു. അമ്മമാരെ സംരക്ഷിച്ചാൽ എല്ലാമായി. ഫോമായും രാജീവ് ഗാന്ധി കൾച്ചറൽ ഫോറവും സംഘടിപ്പിക്കുന്ന ഈ പ്രോഗ്രാം സംഘടനകൾക്ക് മാതൃകയാവട്ടെ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാജീവ് ഗാന്ധി കൾച്ചറൽ ഫോറം രക്ഷാധികാരി കൂടിയായ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലിനെ ചടങ്ങിൽ ചാണ്ടി ഉമ്മൻ എംഎൽഎ ആദരിച്ചു. അമ്മമാരെ സംരക്ഷിക്കേണ്ടത് ഓരോ കുടുംബത്തിന്റെയും കടമയാണ്. നിർദ്ധനരായ വിധവകൾക്ക് അവരുടെ ജീവിത ദുഃഖങ്ങളുടെ സമയത്ത് കൈത്താങ്ങായി നിലകൊള്ളേണ്ടത് സമൂഹത്തിന്റെ കടമ കൂടിയാണ്. പതിമൂന്ന് വർഷമായി മുടക്കമില്ലാതെ ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചതിൽ സന്തോഷമുണ്ട്. ഇനിയും ഫോമായുടെ നന്മയുടെ കരങ്ങൾ അമ്മമാർക്കൊപ്പം ഉണ്ടാകുമെന്നും ബേബി മണക്കുന്നേൽ അറിയിച്ചു. ഫോമാ തുടങ്ങിയ കാലം മുതൽ കേരളത്തിൽ അങ്ങോളമിങ്ങോളം നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ ലോക മാതൃകയായി വളരുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



രാജീവ് ഗാന്ധി കൾച്ചറൽ ഫോറം ചെയർമാൻ സാബു കെ. ജേക്കബ് അദ്ധ്യക്ഷനായ ചടങ്ങിൽ മുൻ എംഎൽഎ എം.ജെ. ജേക്കബ്, മുൻ കൊച്ചി മേയർ സൗമിനി ജെയിൻ, കെ.വി. മാത്യു കാരിത്തടത്തിൽ, ഫോമാ ട്രഷറർ സിജിൽ ജോർജ് പാലക്കലോടി, ഫോമാ വൈസ് പ്രസിഡന്റ് ഷാലു മാത്യു പുന്നൂസ്, ഫോമാ ജോ. സെക്രട്ടറി പോൾ ജോസ്, ഫോമാ സതേൺ റീജിയൺ വൈസ് പ്രസിഡന്റ് ബിജു ലോസൺ, ഫോമാ വിമൻസ് ഫോറം മുൻ ചെയർപേഴ്സൺ ലാലി കളപ്പുരയ്ക്കൽ എന്നിവർ ആശംസകളും ഈ പദ്ധതിക്ക് തുടർന്നും പിന്തുണയും അറിയിച്ചു. ഡോ. എ.സി. പീറ്റർ, തോമസ് പുളിക്കൻ, നാഗാർജ്ജുന കെ.വി. സന്തോഷ് കുമാർ, തങ്കി സണ്ണി, ടോണി ചെട്ടിയാംകുന്നേൽ എന്നിവരും ആശംസകൾ അറിയിച്ചു. രാജീവ് ഗാന്ധി കൾച്ചറൽ ഫോറം കൺവീനർ ജോമോൻ വർഗീസ് സ്വാഗതവും, വൈസ് ചെയർമാൻ അഡ്വ. കെ.എൻ. ചന്ദ്രശേഖരൻ നന്ദിയും അറിയിച്ചു.

# ജനപ്രതിനിധിസഭയിൽ 6 ഇന്ത്യൻ വംശജർ

വാഷിങ്ടൺ: യുഎസ് ജനപ്രതിനിധി സഭാംഗങ്ങളായ ആറ് ഇന്ത്യൻ വംശജർ സത്യപ്രതിജ്ഞ ചെയ്തു. ഇതാദ്യമായാണ് ഇത്രയോറെ ഇന്ത്യൻ വംശജർ ജനപ്രതിനിധിസഭയിലെത്തുന്നത്. എല്ലാവരും ഡെമോക്രാറ്റിക് പാർട്ടിക്കാരാണ്. തുടർച്ചയായി ഏഴാമതും അംഗമാകുന്ന ഡോ. അമി ബേരയാണ് (സെവൻത് ഡിസ്ട്രിക്ട് ഓഫ് കാലിഫോർണിയ) ഇവരിൽ ഏറ്റവും മുതിർന്ന അംഗം. സുഭാഷ് സുബ്രഹ്മണ്യനാണ് (ടെൻത് ഡിസ്ട്രിക്ട് ഓഫ് വെർജീനിയ) പുതുമുഖം. റോ ഖന്ന (സെവന്റീൻത് ഡിസ്ട്രിക്ട് ഓഫ് കാലിഫോർണിയ), രാജാ കൃഷ്ണമൂർത്തി (എയ്ത്ത് ഡിസ്ട്രിക്ട് ഓഫ് ഇല്ലിനോയ്), പ്രമീള ജയപാൽ (സെവൻത് ഡിസ്ട്രിക്ട് ഓഫ് വാഷിങ്ടൺ), ഡോ. ശ്രീ തനേഡർ (തേർട്ടീൻത് ഡിസ്ട്രിക്ട് ഓഫ് മിഷിഗൺ) എന്നിവരാണ് 'സമോസ കോക്കസ്'ലെ മറ്റ് അംഗങ്ങൾ. ഖന്ന, കൃഷ്ണമൂർത്തി, പ്രമീള എന്നിവർ തുടർച്ചയായി അഞ്ചാം തവണയാണ് ജനപ്രതിനിധി സഭയിൽ അംഗങ്ങളാകുന്നത്.

സ്പീക്കറായി റിപ്പബ്ലിക്കൻ പാർട്ടിയിലെ മൈക്ക് ജോൺസൺ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ഹക്കിം ജഫ്രീസാണ് ഹൗസ് ഓഫ് മൈനോറിറ്റീസ് നേതാവ്.

ഔദ്യോഗികമായി പ്രവർത്തനമാരംഭിച്ച 119-ാം യുഎസ് കോൺഗ്രസിൽ നാല് ഹിന്ദു അംഗങ്ങളുണ്ട്. സുഭാഷ് സുബ്രഹ്മണ്യൻ, രാജാ കൃഷ്ണമൂർത്തി, റോ ഖന്ന, ഡോ. ശ്രീ തനേഡർ എന്നിവർ. പ്രമീള ജയപാൽ മതവിശ്വാസം പ്രഖ്യാപിക്കുന്നില്ല. ഡോ. അമി ബേര ഏകത്വവാദിയാണ്. സഭയിൽ നാല് മുസ്ലിംകളും മൂന്ന് ബുദ്ധമതക്കാരുമുണ്ട്. ജൂതമതക്കാരായ 31 അംഗങ്ങളുണ്ട്. 434 അംഗ സഭയിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് 219, ഡെമോക്രാറ്റിക് പാർട്ടിക്ക് 215 അംഗങ്ങളുമാണുള്ളത്.

# 101–ാമത് ഐപിസി കുമ്പനാട് കൺവൻഷനിൽ റവ. ഡോ. എം. എസ്. സാമുവൽ പ്രസംഗിക്കുന്നു



ചിക്കാഗോ: ജനുവുരി 12-ന് ആരംഭിക്കുന്ന ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ 101-ാമത് ജനറൽ കൺവൻഷനിൽ ഡോ. എം.എസ്. സാമുവൽ ന്യൂയോർക്ക് പ്രസംഗിക്കും. 1970-ൽ പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ പ്രസംഗം പരിഭാഷപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം കുമ്പനാട് കൺവൻഷനിൽ പ്രസംഗം ആരംഭിച്ചത്.

തുടർന്ന് 1971 മുതൽ 2025 വരെയുള്ള ഒട്ടുമിക്ക വർഷങ്ങളിലും അദ്ദേഹം കുമ്പനാട് കൺവൻഷനിലെ പ്രധാന പ്രസംഗകരിൽ ഒരാളായിരുന്നു. ഐപിസി തമിഴ്നാട് റീജിയന്റെ പ്രസിഡണ്ടായും ദീർഘനാളുകൾ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

അമേരിക്കയിലെ ആദ്യത്തെ മലയാളി പെന്തെക്കോസ്ത് സഭ സ്ഥാപിച്ചവരിൽ ഒരാളാണ് പാസ്റ്റർ എം.എസ്. സാമുവൽ. പത്തനംതിട്ട ഇലന്തൂർ ചക്കാലയിൽ കുടുംബാംഗമായ പാസ്റ്റർ എം.എസ്. സാമുവൽ ന്യൂയോർക്കിൽ ദീർഘവർഷങ്ങളായി താമസിച്ച് സഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.




# കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിങ്ടൺ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി

**മനോജ് മാത്യു**

വാഷിങ്ടൺ ഡിസി: മലയാളികളുടെ ആദ്യസംഘടനയായ കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിങ്ടൺ (കെഎജിഡബ്ല്യു) അമ്പതിന്റെ നിറവിൽ-സുവർണ്ണജൂബിലി വർഷത്തെ പരിപാടികൾക്ക് വർണ്ണാഭമായ തുടക്കം.

അമേരിക്കൻ മലയാളികളുടെ ആദ്യകാല സംഘടനകളിൽ പ്രധാനപ്പെട്ടതും വാഷിങ്ടൺ ഡിസി മലയാളികളുടെ പ്രഥമ സംഘടനയുമായ കെഎജിഡബ്ല്യുവിന്റെ സുവർണ്ണജൂബിലി വർഷത്തിലെ പ്രവർത്തന പരിപാടികളുടെ ഉദ്ഘാടനം ഡിസംബർ 15-ന് നടന്ന ക്രിസ്മസ് നവവത്സര പരിപാടിയിൽ നടത്തപ്പെട്ടു.

ക്രിസ്മസിന്റെ വരവറിയിച്ച് കുട്ടികൾ നടത്തിയ തിരുപ്പിറവിയുടെ ദൃശ്യാവിഷ്കാരത്തോടെ തുടങ്ങിയ ആഘോഷങ്ങൾ നിരവധി സംഗീത നൃത്ത പരിപാടികളോടെ സമാപിച്ചു. സമാപനസമ്മേളനത്തിൽ 2025-ലെ പുതിയ കമ്മിറ്റിയെ പ്രസിഡണ്ട് ജെൻസൺ ജോസ് സദസിന് പരിചയപ്പെടുത്തി. ജൂബിലിവർഷത്തിൽ നടത്തുന്ന പരിപാടികളുടെ രൂപരേഖ പ്രസിഡണ്ട് തന്റെ സന്ദേശത്തിൽ വിവരിച്ചു.

1975-ൽ തുടങ്ങിയ സംഘടനയുടെ മുൻ പ്രസിഡണ്ട്മാരെയും നേതാക്കളെയും അനുസ്മരിച്ചുകൊണ്ട് സന്നിഹിതരായിരുന്ന മുൻ പ്രസിഡണ്ടുമാരുടെ സാന്നിദ്ധ്യത്തിൽ രജതജൂബിലി വർഷമായിരുന്ന 2001-ലെ പ്രസിഡണ്ട് ഏബ്രഹാം സാമുവേലും 2025-ലെ പ്രസിഡണ്ട് ജെൻസൺ ജോസും ചേർന്ന് ജൂബിലിയുടെ ലോഗോ പ്രകാശനം നടത്തി ഒരുവർഷം നീളുന്ന പരിപാടികൾക്ക് വർണാഭമായ തുടക്കം കുറിച്ചു.

തുടർന്ന് 2024-ലെ പ്രസിഡണ്ട് സുഷമ പ്രവീണിനും എല്ലാ കമ്മിറ്റി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തി ഉപഹാരം നല്കി. കലയെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്ന കെഎജിഡബ്ല്യു വർഷം തോറും നടത്തുന്ന ഓരോ പരിപാടികളും നടത്തിപ്പിന്റെ സൂക്ഷ്മതകൊണ്ടും കലാമേന്മ കൊണ്ടും ഇതിനോടകം ഏവരുടെയും പ്രശംസ നേടിയിട്ടുണ്ട്. കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി വർഷംതോറും നടത്തുന്ന ടാലെന്റ് ടൈം നൂറുകണക്കിനു കുട്ടികൾ പങ്കെടുക്കുന്ന ദിവസങ്ങൾ നീളുന്ന കലാമേള കേരളത്തിലെ സ്കൂൾ കലോത്സവത്തിന്റെ ഒരു നേർക്കാഴ്ചയാണ്.



എല്ലാ പരിപാടികളിലും പുതുമ കണ്ടെത്തി നടത്തുന്നതിൽ കെഎജിഡബ്ല്യു എന്നും മറ്റെല്ലാ സംഘടനകൾക്കും മാതൃകയാണ്.

സാമൂഹിക സേവനപ്രവർത്തനങ്ങൾ, ധനസഹായപ്രവർത്തനം തുടങ്ങി നിരവധി പരിപാടികളും ഇതോടൊപ്പം നടത്തിവരുന്നുണ്ട്. പുതിയ തലമുറയ്ക്ക് ഭാഷയും സംസ്കാരവും പരിചയപ്പെടുത്തി വളർത്താനും അതിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്നതിനുമായി നിരവധി കർമ്മപരിപാടികൾ തുടർച്ചയായി എല്ലാവർഷവും നടത്തിവരുന്നു.

യുവജനങ്ങളുടെ പരിപാടികൾ ഏകോപിപ്പിക്കാൻ വളരെ കർമ്മനിരതരായ ഒരു യൂത്ത് ക്ലബ് കാലാകാലങ്ങളായി പ്രവർത്തിക്കുന്നു. എല്ലാ പരിപാടികളിലുമുള്ള യുവജനപങ്കാളിത്തം വളരെ ശ്രദ്ധേയമാണ്.







FAMILY DENTAL
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS
552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976
Children Welcome
Invisalign & Braces
9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)


DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

# കേരള അസോസിയേഷൻ ഓഫ് ചിക്കാഗോ / കേരള കൾച്ചറൽ സെന്റർ ചിക്കാഗോ ക്രിസ്മസ്–പുതുവത്സരാഘോഷം ഗംഭീരമായി

ആന്റോ കവലയ്ക്കൽ

ചിക്കാഗോ: ഡിസംബർ 28-ന് ഡൗണേഴ്സ് ഗ്രോവിലുള്ള അക്ഷയന ബാങ്ക്വറ്റ് ഹാളിൽ ക്ഷണിക്കപ്പെട്ട അതിഥികൾക്കു മാത്രമായി നടത്തിയ ആഘോഷപരിപാടികൾ അതിഥികളുടെ



സാന്നിദ്ധ്യം കൊണ്ടും സമയബന്ധിതമായി തയ്യാറാക്കിയ പരിപാടികളുടെ മികവുകൊണ്ടും ഭംഗിയായി നടത്തി. കെഎസി പ്രസിഡണ്ട് ആന്റോ കവലയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മിസ് സെറാഫിൻ ബിനോയ് അമേരിക്കൻ ദേശീയഗാനം ആലപിച്ചു.

വിശിഷ്ടാതിഥികളായി ഇല്ലിനോയി സംസ്ഥാന പ്രതിനിധി ഹോണറബിൾ കെവിൻ ഓലിക്കൽ, റവ.ഫാ. സിജു മുടക്കോടിൽ, ഗ്ലാഡ്സൺ വർഗീസ്, രാജ് പിള്ള, ശിവൻ മുഹമ്മ, പ്രോഗ്രാം കൺവീനർ ഹെറാൾഡ് ഫിഗുരെദോ എന്നിവർ പങ്കെടുത്തു.

വൈകുന്നേരം 6 മണി മുതൽ നടത്തിയ സോഷ്യൽ ഹൗവറിൽ കലാപ്രതിഭകളായ മത്തായി ആൻഡ് ടീം, ശോഭാ ആൻഡ് ടീം, സെറാഫിൻ ബിനോയ് എന്നിവരുടെ ഗാന, ഡാൻസുകൾ സദസ്യർ ആസ്വദിച്ചു. 7 മണിക്ക് പൊതുയോഗം ആരംഭിക്കുകയും ഹെറാൾഡ് ഫിഗുരെദോ പ്രോഗ്രാം കൺവീനർ സ്വാഗതവും കെഎസി പ്രസിഡണ്ട് ആന്റോ കവലയ്ക്കൽ അദ്ധ്യക്ഷപ്രസംഗവും നടത്തി. മുഖ്യാതിഥി കെവിൻ ഓലിക്കൽ ഉദ്ഘാടനപ്രസംഗവും റവ.ഫാ. സിജു മുടക്കോടിൽ ക്രിസ്മസ്-പുതുവത്സര സന്ദേശം നല്കി. ആശംസാ പ്രസംഗങ്ങൾ നടത്തിയത് ഫോമാ സെൻട്രൽ റീജിയൻ ആർവിപി ജോൺസൺ കണ്ണൂക്കാടൻ, ഗ്ലാഡ്സൺ വർഗീസ്, രാജു പിള്ള, ശിവൻ മുഹമ്മ എന്നിവരാണ്. സെക്രട്ടറി സിബി പാത്തിക്കൽ നന്ദി പ്രകാശിപ്പിച്ചു.

അസോസിയേഷൻ ഈ വർഷം ബിസിനസ് എക്സലൻസ്, പ്രഫഷണൽ എക്സലൻസ്, മീഡിയ ആൻഡ് പ്രിന്റിംഗ് എന്നീ വിഭാഗങ്ങളിലായി മൂന്നുപേർക്ക് ഫലകം നല്കി ആദരിച്ചു. ബിസിനസ് എക്സലൻസിനു വേണ്ടി ഡോ. ജോ പുത്തനും സർവീസ് പ്രഫഷണൽ എക്സലൻസായി ഡോ. പോൾ ചെറിയാനും മീഡിയ ആൻഡ് പ്രിന്റിംഗിനായി ജോസ് ചെന്നിക്കരയും അർഹരായി.

ഈ വർഷത്തെ പരിപാടികൾ വിജയിപ്പിക്കുന്നതിനായി മെഗാ സ്പോൺസറായി ഡോ. ജോ പുത്തനും ഗ്രാൻ





ഡ് സ്പോൺസറായി ഹുസൈൻ ആൻഡ് സാറാ മിർസയും ഗോൾഡ് സ്പോൺസറായി ടോം സണ്ണി (റിട്ടയർമെന്റ് പ്ലാനർ), സിൽവർ സ്പോൺസറായി അറ്റോർണി സ്റ്റീവ് ക്രിഫേസ്, പ്രമോദ് ആൻഡ് ടിനോ സൈമൺ (സ്മാൾ ബിസിനസ് അക്കൗണ്ടിങ്), അറ്റോർണി ജിമ്മി വാച്ചാച്ചിറ, എലൻ സുരേന്ദ്രൻ (സീനിയർ മെഡി കെയർ സ്പെഷലിസ്റ്റ്) എന്നിവരായിരുന്നു.

ചിക്കാഗോയിലെ സഹോദരി സംഘടനകളെയും നാഷണൽ സംഘടനകളെയും പ്രതിനിധീകരിച്ച് പ്രവീൺ തോമസ് (ഫൊക്കാന നാഷണൽ വൈസ് പ്രസിഡണ്ട്), ഫോമാ സെൻട്രൽ റീജിയൻ ആർവിപി ജോൺസൺ കണ്ണൂക്കാടൻ, വേൾഡ് മലയാളി കൗൺസിലിനെ പ്രതിനിധീകരിച്ച ബെഞ്ചമിൻ തോമസ്, ജോസ് മണക്കാട്ട്, എസ്ബി-അസംപ്ഷൻ അലൂംമ്നി അസോസിയേഷനുവേണ്ടി തോമസ് ഡിക്രോസ്, ഇതര സംഘടനകളെ പ്രതിനിധീകരിച്ച് ബിജോയ് ആൻഡ് ഡെൽസി, കെഎസിയുടെ മുൻ പ്രസിഡണ്ടുമാരായ ഡോ. റോയ് തോമസ്, കോശി വൈദ്യൻ എന്നിവർക്കും എല്ലാ പൂർവകാല കെഎസി പ്രവർത്തകർക്കും അവരുടെ സാന്നിദ്ധ്യത്തിനും സഹായ സഹകരണങ്ങൾക്കും പ്രസിഡണ്ട് ആന്റോ കവലയ്ക്കൽ നന്ദിയർപ്പിച്ചു.

എംസിമാരായി പ്രവർത്തിച്ച് യോഗ നടപടികൾ നിയന്ത്രിച്ചത് ജോസ് ചെന്നിക്കരയും നിഷാ ജോസഫും, ലിജി ജോസഫും ചേർന്നായിരുന്നു.

# മാത്യു ചെറിയാൻ ഫൊക്കാന കൺവൻഷൻ കോ–ഓർഡിനേറ്റർ

സന്തോഷ് ഏബ്രഹാം

ഫിലാഡൽഫിയ: ഫൊക്കാനയുടെ 2026-ലെ കൺവൻഷൻ കോ-ഓർഡിനേറ്ററായി പെൻസിൽവേനിയ മലയാളി അസോസിയേഷനിലെ മാത്യു



ചെറിയാനെ (മോൻസി) നിയമിച്ചതായി ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.

മികച്ച സാമൂഹിക സാംസ്കാരിക പ്രവർത്തകൻ, സംഘടനാ പ്രവർത്തകൻ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയാണ് പെൻസിൽവേനിയ മലയാളികളുടെ അഭിമാനമായ മാത്യു ചെറിയാൻ. കഴിഞ്ഞ ഫൊക്കാന കൺവൻഷനിലും നിറസാന്നിദ്ധ്യമായിരുന്നു മാത്യു ചെറിയാൻ. 2023-ൽ ഫിലാഡൽഫിയായിൽ നടന്ന ഫൊക്കാന റീജിയണൽ കൺവൻഷന് നേതൃത്വം നല്കിയവരിൽ ഒരാൾ കൂടിയാണ്. ഫൊക്കാനയുടെ നിരവധി പരിപാടികളിൽ സജീവ സാന്നിദ്ധ്യമായി കഴിവ് തെളിയിച്ച അദ്ദേഹം ഫൊക്കാനയുടെ പെൻസിൽവേനിയ റീജിയണിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കൂടുതൽ സംഘടനകളെ ഫൊക്കാനയുടെ ഭാഗമാക്കുന്നതിലും നിർണ്ണായക പങ്ക് വഹിക്കുന്ന വ്യക്തി കൂടിയാണ്.

ഫിലാഡൽഫിയയിലെ വിവിധ മലയാളി അസോസിയേഷനുകളുമായും സഹകരിച്ചു പ്രവർത്തിക്കുന്ന മാത്യു ചെറിയാൻ പെൻസിൽവേനിയ മലയാളി അസോസിയേഷൻ (പിഎംഎ) രൂപീകരണത്തിൽ മുഖ്യപങ്കു വഹിച്ച വ്യക്തിയാണ്. പിഎംഎയെ ഇന്ന് ഈ റീജിയണിലെ അറിയപ്പെടുന്ന ഒരു സംഘടനയായി മാറ്റിയെടുക്കുവാനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. 1985-ൽ അമേരിക്കയിലേക്ക് കുടിയേറിയ മാത്യു ചെറിയാൻ സ്കൂൾ, കോളജ് വിദ്യാഭ്യാസം ഫിലാഡൽഫിയയിൽ നിന്നും പൂർത്തീകരിച്ചു. ഹെൽത്ത് സയൻസിൽ ബിരുദം നേടിയതിനുശേഷം ബിസിനസ് രംഗത്തേക്ക് തിരിഞ്ഞ് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു. ഇൻഫ്രാസ്ട്രക്ചർ യൂട്ടിലിറ്റീസ് ആൻഡ് ടെലികമ്യൂണിക്കേഷൻസ് നേഷൻവൈഡ് എന്ന സ്ഥാപനം നടത്തി ബിസിനസ് രംഗത്തും തിളങ്ങിനിൽക്കുന്നു.

ഇപ്പോൾ കുടുംബമായി കിങ്ങോപ്രഷ്യയായിൽ താമസിക്കുന്നു. അമേരിക്കൻ പ്രവാസി സമൂഹത്തിന് എന്നും ആവേശം പകരുന്ന യുവതലമുറയുടെ പ്രതിനിധിയാണ് മാത്യു ചെറിയാൻ. അദ്ദേഹത്തിന്റെ സംഘാടനമികവും നേതൃപാടവവും ഫൊക്കാനയുടെ കൺവൻഷന് ഒരു മുതൽക്കൂട്ടാകു



മെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ അഭിപ്രായപ്പെട്ടു.

അമേരിക്കൻ കാനഡ മലയാളികൾക്കിടയിൽ വ്യത്യസ്തമായ കാഴ്ചപ്പാടും പുരോഗമന ചിന്താഗതികളുമുള്ള യുവാക്കളുടെ പ്രതിനിധികളിൽപ്പെട്ട മാത്യു ചെറിയാൻ ഏറെ സൗമ്യനും മൃദുഭാഷിയും ഏറ്റെടുക്കുന്ന പദവികൾ പ്രവർത്തനത്തിലൂടെ അത് ഏറ്റവും കുറ്റമറ്റതാക്കുക എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയാണെന്ന് ട്രഷറർ ജോയി ചാക്കപ്പൻ അഭിപ്രായപ്പെട്ടു.

കൺവൻഷൻ കോ-ഓർഡിനേറ്ററായി മാത്യു ചെറിയാനെ നിയമിച്ചതിൽ അദ്ദേഹത്തിന് എല്ലാവിധ ആശംസകൾ നേരുന്നതായി എക്സി. വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, വൈസ് പ്രസിഡണ്ട് വിപിൻ രാജു, ജോ. സെക്രട്ടറി മനോജ് ഇടമന, ജോ. ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീ. ജോ. സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡീ. ജോ. ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, കൺവൻഷൻ ചെയർ ആൽബർട്ട് കണ്ണമ്പള്ളിൽ എന്നിവർ അറിയിച്ചു.

# വിൻഡം ഹോട്ടൽ അധികൃതരുമായി കോൺട്രാക്ടിൽ ഫോമാ ഒപ്പുവെച്ചു

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ അനുഗൃഹീത ഫെഡറേഷനായ ഫോമായുടെ 2026-ലെ ഒമ്പതാമത് ഇന്റർനാഷണൽ ഫാമിലി കൺവൻഷൻ അരങ്ങേറുന്ന 'വിൻഡം ഹൂസ്റ്റൺ' ഹോട്ടൽ അധികൃതരുമായി ഫോമാ ഭാരവാഹികൾ കോൺട്രാക്ടിൽ ഒപ്പുവെച്ചു. ഡിസംബർ 24-ാം തീയതി രാവിലെ 11 മണിക്ക് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് വിൻഡം ഹോട്ടൽ സെയിൽസ് റെപ്രസെന്റേറ്റീവ് ഓബെർളിയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം കരാർ ഒപ്പിട്ടത്.

എ.എസ്. ശ്രീകുമാർ



2026 ജൂലൈ 30, 31 ഓഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ നടക്കുന്ന കൺവൻഷൻ അവിസ്മരണീയമാക്കുന്നതിനുള്ള എല്ലാവിധ അത്യാധുനിക സൗകര്യങ്ങളുമുള്ളതാണ് വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡിയത്തിനു തൊട്ട് എതിർവശത്തുള്ള ഈ ആഡംബര ഹോട്ടൽ സമുച്ചയം. കൺവൻഷനിൽ പങ്കെടുക്കുന്ന കുടുംബാംഗങ്ങൾക്കായി 700 മുറികൾ ബ്ലോക്ക് ചെയ്തിട്ടുണ്ടെന്ന് ബേബി മണക്കുന്നേൽ അറിയിച്ചു.

2500 പേർക്ക് ഇരിക്കാവുന്ന തിയേറ്റർ സൗകര്യമുള്ള ഹാൾ, യുവജനങ്ങൾക്കായി 700 പേരുടെ സീറ്റിങ് കപ്പാസിറ്റിയുള്ള ഹാൾ എന്നിവയ്ക്കു പുറമെ വിവിധ മീറ്റിങ്ങുകൾക്കായി 12-ഓളം ഹാളുകളും 1000 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാവുന്ന ബാങ്ക്വറ്റ് ഹാളും 1250 വാഹനങ്ങൾക്കുള്ള പാർക്കിംഗ് ലോട്ടും ബുക്കു ചെയ്തുകഴിഞ്ഞു. കൺവൻഷന് 19 മാസം ശേഷിക്കെയാണ് വളരെ നേരത്തെ തന്നെ വേദി നിശ്ചയിച്ചതും മുറികളും മറ്റ് അനുബന്ധ സൗകര്യങ്ങളും മുൻകൂട്ടി ഉറപ്പാക്കിയിരിക്കുന്നതുമെന്ന് ഫോമാ പിആർഒ ഷോളി കുമ്പിളുവേലി പറഞ്ഞു. ഹൂസ്റ്റണിലുള്ള ഫോമാ നേതാക്കളുടെ സാന്നിദ്ധ്യത്തിലാണ് ഹോട്ടൽ അധികൃതരുമായി കരാർ ഒപ്പിട്ടത്. കൺവൻഷൻ ചെയർമാൻ മാത്യൂസ് മുണ്ടയ്ക്കൽ, കൺവൻഷൻ ജനറൽ കൺവീനർ സുബിൻ കുമാരൻ, മാഗ് പ്രസിഡണ്ട് ജോസ് കെ. ജോൺ, നാഷണൽ കമ്മിറ്റി മെംബർ ജിജു കുളങ്ങര, ഫോമാ മുൻ ട്രഷറർ എം.ജി. മാത്യു, സതേൺ റീജിയൺ പ്രസിഡണ്ട് രാജേഷ് മാത്യു, സതേൺ റീജിയൺ ട്രഷറർ ജോയി എൻ. സാമുവേൽ, മാഗ് ട്രസ്റ്റി ബോർഡ് മെംബർ എസ്.കെ. ചെറിയാൻ, (ശേഷം 30-ാം പേജിൽ)



# 2026 ഫോമാ കൺവൻഷൻ: മാത്യൂസ് മുണ്ടയ്ക്കൽ ചെയർമാൻ, സുബിൻ കുമാരൻ ജനറൽ കൺവീനർ

എ.എസ്. ശ്രീകുമാർ

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ അനുഗൃഹീത ഫെഡറേഷനായ ഫോമായുടെ 2026-ലെ ഒമ്പതാമത് ഇന്റർനാഷണൽ ഫാമിലി കൺവൻഷന്റെ ചെയർമാനായി മാത്യൂസ് മുണ്ടയ്ക്കലിനെയും ജനറൽ കൺവീനറായി സുബിൻ കുമാരനെയും ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി നോമിനേറ്റ് ചെയ്തു. ഫോമായുടെ വിവിധ തലങ്ങളിലുള്ള പ്രതിനിധികളെ വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഇവരെ തെരഞ്ഞെടുത്തിരിക്കുന്നത്.

ഫോമായുടെ സജീവപ്രവർത്തകനായ മാത്യൂസ് മുണ്ടയ്ക്കൽ റീജിയണൽ വൈസ് പ്രസിഡണ്ട്, നാഷണൽ കമ്മിറ്റി മെംബർ എന്നീ നിലകളിൽ തന്റെ നേതൃപാടവം തെളിയിച്ചിട്ടുള്ള സംഘാടകനാണ്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (മാഗ്) പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ജോ. സെക്രട്ടറി സ്ഥാനങ്ങൾ വഹിച്ച ഇദ്ദേഹം നിലവിൽ മാഗ് ട്രസ്റ്റ് ബോർഡ് മെംബറാണ്. ഹൂസ്റ്റൺ മലയാളി സമൂഹത്തിലെ നിറസാന്നിദ്ധ്യമായ മാത്യൂസ് മുണ്ടയ്ക്കൽ വേൾഡ് മലയാളി കൗൺസിൽ യൂത്ത് ഫോറം ചെയർമാനായിരുന്നു. നാട്ടിൽ ബാലജന സഖ്യത്തിലൂടെയാണ് പൊതുരംഗത്തെത്തുന്നത്. കലാലയജീവിതത്തിൽ നേതൃസ്ഥാനങ്ങളിൽ പ്രവർത്തിച്ച പാരമ്പര്യവുമുണ്ട് ഇദ്ദേഹത്തിന്.



മാത്യൂസ് മുണ്ടയ്ക്കൽ



സുബിൻ കുമാരൻ

യുഎസ്-യുകെ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കിയാൻ ഇന്റർനാഷണൽ എൽഎൽസിയുടെ മാനേജിങ് ഡയറക്ടറായ സുബിൻ കുമാരൻ ഫോമായുടെ ഊർജസ്വലനായ പ്രവർത്തകനാണ്. സതേൺ റീജിയന്റെ ബിസിനസ് ഫോറം ചെയർമാൻസ്ഥാനം വഹിച്ചിട്ടുണ്ട്. ലോകകേരളസഭയുടെ അമേരിക്കയിൽ നിന്നുള്ള പ്രതിനിധിയായ സുബിൻ എറണാകുളം മഹാരാജാസ് കോളജ് യൂണിയൻ ചെയർമാനായിരുന്നു. ബാലസംഘത്തിലൂടെയാണ് പൊതുപ്രവർത്തനത്തിന്റെ തുടക്കം. മാഗിന്റെ ജനറൽ സെക്രട്ടറിയായ സുബിൻ കുമാരന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. മൂന്നു വർഷമായി ഇടുക്കി ജില്ലയിലെ കുറത്തിക്കുടി, പെട്ടിമുടി ആദിവാസി മേഖലയിലെ നൂറിലധികം വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നല്കിവരുന്നു.

വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡിയത്തിനു തൊട്ട് എതിർവശത്തുള്ള വിൻഡം ഹൂസ്റ്റൺ ഹോട്ടലിൽ 2026 ജൂലൈ 30, 31 ഓഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് 2026-ലെ ഫോമാ കൺവൻഷൻ നടക്കുന്നത്. ഹോട്ടൽ അധികൃതരുമായി ഫോമാ ഭാരവാഹികൾ കോൺട്രാക്ട് ഒപ്പുവെച്ചിരുന്നു. വർണ്ണാഭമായ കലാ-സാംസ്കാരിക പരിപാടികൾ കോർത്തിണക്കി ഫോമായുടെ ചരിത്രത്തിലെതന്നെ ഏറ്റവും വലിയ ഫാമിലി കൺവൻഷനാണ് ഹൂസ്റ്റണിൽ വിഭാവനം ചെയ്യുന്നതെന്ന് കൺവൻഷൻ ചെയർമാൻ മാത്യൂസ് മുണ്ടയ്ക്കലും ജനറൽ കൺവീനർ സുബിൻ കുമാരനും പറഞ്ഞു.

കൺവൻഷന് ഏവരുടെയും അകമഴിഞ്ഞ സഹകരണമുണ്ടാകണമെന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ പി. ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അഭ്യർത്ഥിച്ചു.



# വൈസ്മെൻ ക്ലബ് നോർത്ത് അറ്റ്ലാന്റിക് റീജിയൻ ക്രിസ്മസ് ആഘോഷിച്ചു



ന്യൂയോർക്ക്: 'ഞാൻ സഹോദരന്റെ കാവൽക്കാരനോ?' എന്ന പ്രസിദ്ധമായ ബൈബിൾ ചോദ്യത്തിന് 'അതേ' എന്ന് ഉത്തരം നല്കുന്ന സാമൂഹിക കൂട്ടായ്മയായാണ് വൈസ്മെൻ ക്ലബിന്റെ പ്രവർത്തനങ്ങളെ ഞാൻ മനസ്സിലാക്കുന്നതെന്ന് പ്രസിദ്ധ ഹിന്ദു

**കോരസൺ വർഗീസ്**

സ്ഥാനി സംഗീതജ്ഞനും മ്യൂസെക്കോളജിസ്റ്റുമായ ഫാ. ജോസഫ് പാലക്കൽ പ്രസ്താവിച്ചു. വൈസ്മെൻ ഇന്റർനാഷണൽ ക്ലബിന്റെ നോർത്ത് അറ്റ്ലാന്റിക് റീജിയണൽ ക്രിസ്മസ് പരിപാടികൾക്ക് മുഖ്യസന്ദേശം നല്കുകയായിരുന്നു അദ്ദേഹം.







'കുട്ടി മനുഷ്യന്റെ പിതാവാണ്' എന്ന വരി വില്യം വേർഡ്സ്വർത്തിന്റെ കവിതയിൽ നിന്നാണ് വരുന്നത്. അവിടെ ഒരു വ്യക്തിയുടെ ബാല്യകാല അനുഭവങ്ങളും കാഴ്ചപ്പാടുകളും അവർ മുതിർന്നവരായി മാറുന്നതിനെ രൂപപ്പെടുത്തുന്നുവെന്ന ആശയം പ്രകടിപ്പിക്കുന്നു. ചെറുപ്പത്തിൽ വികസിപ്പിച്ച ശീലങ്ങളുടെയും പെരുമാറ്റത്തിന്റെയും ഫലമാണ് മനുഷ്യൻ. ക്രിസ്മസിൽ ഉണ്ണിയേശുവിനെ ദർശിക്കുമ്പോൾ അതാണ് ഓർത്തെടുക്കേണ്ട തത്വമെന്നും അങ്ങനെ ക്രിസ്മസ് ഒരുമയുടെയും മാനവികതയുടെയും പര്യായമായാണ് മനസ്സിലാക്കേണ്ടതെന്നും അദ്ദേഹം പ്രസ്താവിച്ചു.

ന്യൂയോർക്കിലെ ഫ്ളോറൽ പാർക്കിൽ ടൈസൺ സെന്ററിൽ വെച്ച് നടത്തപ്പെട്ട സമ്മേളനത്തിന് നോർത്ത് അറ്റ്ലാന്റിക് റീജിയണിൽ നിന്നുള്ള നിരവധി ക്ലബുകൾ പങ്കെടുത്തു. റീജിയണൽ ഡയറക്ടർ കോരസൺ വർഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുൻ ഏരിയാ പ്രസിഡണ്ട് ഷാജു സാം, ഏരിയാ പ്രസിഡണ്ട് എലെക്ട് ജോസഫ് കാഞ്ഞമല, റീജിയണൽ ഡയറക്ടർ എലെക്ട് ജോർജ് കെ. ജോൺ, ക്ലബ് പ്രസിഡന്റുമാരായ തോമസ് സാമുവൽ, ചാർളി ജോൺ, ജോസഫ് മാത്യൂസ്, വർഗീസ് പോത്താനിക്കാട്, ഫിലിപ്പ് മഠത്തിൽ, ആൻ ഏബ്രഹാം, സൂസമ്മ ലൂക്കോസ് എന്നിവർ നേതൃത്വം നല്കി.

കാലത്തികവിങ്കൽ ദൈവപുത്രൻ ജനിച്ചു എന്ന് പറയപ്പെടുന്നു. എല്ലാ സംഭവങ്ങൾക്കും കാലത്തിന്റേതായ ഒരു ഭാഷ്യമുണ്ടെന്നും ഖലീൽ ജിബ്രാന്റെ ഭയം എന്ന കവിതയിൽ സമുദ്രത്തിലേക്ക് പതിച്ച് ഇല്ലാതാകുന്ന നദിയുടെ ഭയം, അത് സമുദ്രമായി മാറ്റപ്പെടുകയാണ് എന്ന തിരിച്ചറിവിലൂടെ ഇല്ലാതാകുന്ന തിരിച്ചറിവാണ് ഈ സംഘടനയിലൂടെ നേടുന്നതെന്ന് അദ്ധ്യക്ഷൻ കോരസൺ പറഞ്ഞു.

റീജിയണൽ സെക്രട്ടറി ജിം ജോർജ് മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു. റീജിയണൽ ട്രഷറർ ഷാജി സക്കറിയ കൃതജ്ഞത നേർന്നു. എഡിറ്റർ സിബി ഡേവിഡ് തയ്യാറാക്കിയ സ്മരണിക പ്രകാശനം ചെയ്യപ്പെട്ടു. ജേക്കബ് വർഗീസ്, അലൻ അജിത്ത് എന്നിവർ നിയന്ത്രിച്ച വിവിധ കലാപരിപാടികൾ മിഴിവേകി. ഡയനാമീസ് എന്റർടൈൻമെന്റ് എന്ന യുവജന ബാൻഡ് സംഗീതം ആലപിച്ചു.

# തോമസ് ഇറപുറം അന്തരിച്ചു



മുട്ടം (കരിങ്കുന്നം): തോമസ് ഇറപുറം (82) അന്തരിച്ചു. ഭാര്യ മേരി കരിങ്കുന്നം വെളിമറ്റം കുടുംബാംഗമാണ്.

മക്കൾ: ബെന്നി ഇറപുറം (ഹൂസ്റ്റൺ), സജി ഇറപുറം (ചിക്കാഗോ-ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാപള്ളി മെൻ മിനിസ്ട്രി കോ-ഓർഡിനേറ്റർ), പരേതനായ ബിജു ഇറപുറം. മരുമക്കൾ: മോൻസി ഇടയാടിയിൽ (ഹൂസ്റ്റൺ), പുഷ്പ അരീച്ചിറയിൽ (ചിക്കാഗോ), ഡെയ്സി അത്തിമറ്റത്തിൽ (ഹൂസ്റ്റൺ).

# മനോജ് ജോസഫ് ഫൊക്കാന കൺവൻഷൻ കോ-ഓർഡിനേറ്റർ

**പി.ഡി. ജോർജ് നടവയൽ**

ന്യൂജേഴ്സി: ഫൊക്കാന നാഷണൽ കൺവൻഷൻ 26, ഉദ്യാനനഗരമായ ന്യൂജേഴ്സിയിൽ ഫൊക്കാനയുടെ ആധുനിക പ്രൗഢിക്ക് ചേർന്ന ഗാംഭീര്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നാഷണൽ ടീമിൽ, വാട്ടപ്പള്ളിൽ മനോജ് ജോസഫിനെ കൺവൻഷൻ കോ-ഓർഡിനേറ്റർ ചുമതലയിൽ നിയോഗിച്ചു എന്ന് ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിക്കുന്നു.

ഇരുപതോളം ഓമനപ്പേരിൽ പ്രശസ്തമായ ന്യൂജേഴ്സിയുടെ വൈവിദ്ധ്യമാനങ്ങളെ ഫൊക്കാനാ നാഷണൽ കൺവൻഷനിൽ പതിപ്പിക്കുന്നതിന് മനോജ് ജോസഫിന്റെ സംഘാടകപാടവം സഹായകമാകുമെന്ന് ഫൊക്കാനാ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ പറഞ്ഞു.



ഉദ്യാനനഗരം എന്ന ചെല്ലപ്പേരിനു പുറമെ ദ് പീപ്പിൾ സ്റ്റെയ്റ്റ്, ദ് ക്രോസ് റോഡ് ഓഫ് അമേരിക്കൻ റെവല്യൂഷൻ, മെഡിസിൻ ചെസ്റ്റ് ഓഫ് ദ് വേൾഡ്, സ്വിറ്റ്സർലന്റ് ഓഫ് അമേരിക്ക, ഡൈവേഴ്സിറ്റി സ്റ്റെയിറ്റ്, ദ് സ്റ്റെയിറ്റ് ഓഫ് ഇന്നവേഷൻ എന്നിങ്ങനെയുള്ള അർത്ഥപൂർണ്ണ വിളിപ്പേരുകളുള്ള ന്യൂജേഴ്സിയിൽ, 2026-ലെ ഫൊക്കാനാ നാഷണൽ കൺവൻഷൻ നടക്കുമ്പോൾ അതിനു ചേർന്ന ആഘോഷ ഇനങ്ങൾ ക്രമീകരിക്കുന്നതിന് മനോജിന്റെയും ഒപ്പമുള്ള കോ-ഓർഡിനേറ്റർമാരുടെയും മികവ് സഹായകമാകും. മനോജ് ജോസഫ് മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ മുൻ പ്രസിഡണ്ട്, മുൻ ചാരിറ്റി കോ-ഓർഡിനേറ്റർ എന്നീ നിലകളിൽ ഇരുപതു വർഷത്തെ അമേരിക്കൻ ജീവിതത്തിൽ സാമൂഹിക പ്രതിബദ്ധത നിറവേറ്റിയിരുന്നു. പൂഞ്ഞാർ പാതാമ്പുഴയാണ് ജന്മദേശം. കോട്ടയം നാട്ടകം പോളിടെക്നിക്കിൽ പഠിച്ച്, പോളിമർ ടെക്നോളജിയിൽ ഡിപ്ലോമ നേടി. ലാറ്റക്സ് ടെക്നോളജിയിൽ സ്പെഷലൈസേഷൻ സമ്പാദിച്ചു. ഡൽഹിയിലും നോർത്ത് ഇന്ത്യയിലും 1990 മുതൽ 2000 വരെ സേവനം ചെയ്തു. തുടർന്ന് ന്യൂജേഴ്സിയിൽ പതിനേഴു വർഷമായി കോസ്റ്റ്കോയിൽ സൂപ്പർവൈസറാണ്. മാന്നാർ ലൂക്കാ ജോസഫ് ചെമ്പാലയുടെ മകൾ പ്രിയ മനോജാണ് സഹധർമ്മിണി. നെവാർക് യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ സീനിയർ അനലിസ്റ്റാണ് പ്രിയ. മനോജ് ജോസഫിനെ ഫൊക്കാന കൺവൻഷൻ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തുന്ന നിയമന വാർത്താസന്ദേശത്തിൽ ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, വൈസ് പ്രസിഡണ്ട് വിപിൻ രാജു, ജോ. സെക്രട്ടറി മനോജ് ഇടമന, ജോ. ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീ. ജോ. സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡീ. ജോ. ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, കൺവൻഷൻ ചെയർ ആൽബർട്ട് കണ്ണമ്പള്ളിൽ എന്നിവർ അഭിനന്ദനം കുറിച്ചു.

വാരാന്ത്യം

# സത്യൻ അന്തിക്കാടിന്റെ പ്രണയ വർത്തമാനം



ചന്ദ്രതാരയും സത്യൻ അന്തിക്കാടും

അഭിമുഖം

തയ്യാറാക്കിയത് : ചന്ദ്രതാര

പ്രണയമെന്ന വിഷയത്തിൽ എത്രയേറെ വൈവിധ്യമാർന്ന പരീക്ഷണങ്ങളാണ് കവിതയിലും കഥയിലും നാടകത്തിലും സിനിമയിലും ചിത്രരചനയിലും നടന്നുകൊണ്ടിരിക്കുന്നത്.

കാലാതീതമായി പ്രായാതീതമായി അവസ്ഥാതീതമായി നിലനില്ക്കുന്ന ഒന്നേയുള്ളൂ ... പ്രണയം. ആ പ്രണയത്തെക്കുറിച്ച് ഇന്ന് കുടുംബചിത്രങ്ങളുടെ സംവിധായകനും ഗാന രചയിതാവുമായ സത്യൻ അന്തിക്കാട് ...

നൂറ്റി ഇരുപത്തഞ്ചോളം പ്രണയഗാനങ്ങളെഴുതുകയും ഗാനരംഗങ്ങളും പ്രണയരംഗങ്ങളും സംവിധാനം ചെയ്യുകയും ചെയ്ത ആൾ... മനസ്സിന്റെ ഏറ്റവും ഉയർന്ന തലത്തിൽ പ്രണയം സൂക്ഷിക്കുന്ന ആൾക്കേ അതു സാധിക്കൂ...

**ചോദ്യം: പ്രണയത്തിന് ഒരു നിർവ്വചനം തരാമോ?**

ഉത്തരം: എനിക്കു നിന്നോട് പ്രണയമാണെന്ന്പറയാതെ തന്നെ മനസ്സിലാകുന്ന ഒരു പ്രതിഭാസമാണ് എനിക്ക് പ്രണയം. എന്റെ സിനിമകളിലും ജീവിതത്തിലും അങ്ങനെത്തന്നെയാണ്.

ഞങ്ങൾ, ഞാനും നിമ്മിയും പ്രണയിച്ചു വിവാഹം കഴിച്ചവരാണ്. എങ്ങനെയോ എപ്പോഴോ ഞങ്ങൾക്കു തമ്മിൽ തീവ്രമായ പ്രണയമാണെന്ന് ഞങ്ങൾ മനസ്സിലാക്കുകയായിരുന്നു.

അല്ലാതെ എനിക്ക് നിന്നെ ഇഷ്ടമാണെന്ന് ഞാനോ എന്നോട് അവളോ ഒരിക്കൽ പോലും പറഞ്ഞിട്ടില്ല.

പരസ്പരം ധാരാളം കത്തുകളെഴുതുമായിരുന്നു. എന്നാൽ അതിലെല്ലാം വീട്ടുവിശേഷങ്ങളായിരിക്കും. പശുവിനെക്കുറിച്ചും കോളിലെ കൃഷിയെക്കുറിച്ചും ഒക്കെയായിരിക്കും സംസാരം. കോഴിയെ അടയിരുത്തിയതും കുഞ്ഞുങ്ങൾ വിരിഞ്ഞതും ഞങ്ങൾക്ക് വിഷയമായിരുന്നു. എങ്കിലും എന്തു പറഞ്ഞാലും അതെല്ലാം പ്രിയതരമാക്കുന്ന പ്രണയത്തിന്റെ നീരൊഴുക്ക് അതിനുള്ളിൽ ഞങ്ങളനുഭവിച്ചിരുന്നു. പ്രണയമെന്നത് നമ്മെ പുനരുജ്ജീവിപ്പിക്കുന്ന ഒരു വികാരമാണ്. ജീവിക്കാനുള്ള പ്രേരകശക്തിയാണ്.

ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയോടു തോന്നുന്ന, അത്യധികമായ ആനന്ദമുളവാക്കുന്ന തീക്ഷ്ണമായ വികാരമാണ് അത്.

പരസ്പരം മനസ്സിലാക്കുന്ന വ്യക്തികളുടെ സ്നേഹത്തിൽ ലയിച്ചു ചേർന്ന വികാരം

**ചോദ്യം: തലച്ചോറിൽ ഉണ്ടാകുന്ന ഫിറമോണുകൾ, ഡോപോമിനുകൾ, സെറടോണിൻ മുതലായ ഹോർമോണുകൾ എന്നിവ പ്രണയത്തിനുള്ള പ്രേരണയുളവാക്കുന്നു എന്ന് ശാസ്ത്രം പറയുന്നു. എന്നാൽ ഒരാൾക്ക് മറ്റൊരാളുടെ പ്രണയം വിശേഷിച്ചും ബന്ധുക്കളുടെയോ സ്വന്തക്കാരുടെയോ പ്രണയം കണ്ടു നില്ക്കാനോ ഉൾക്കൊള്ളനോ ഇഷ്ടമല്ല. എന്നാൽ സിനിമയിലും നാടകത്തിലും അതു കാണാൻ ഇഷ്ടമാണ്. അങ്ങനെ തോന്നിയിട്ടില്ലേ?**

ഉത്തരം: ഇണയെ ആകർഷിക്കാനുള്ള ജൈവിക തന്ത്രമാണ് പ്രണയമെന്ന പ്രതിഭാസം. ഏറ്റവും സുഖപ്രദമായി ജീവിക്കാനുള്ള അബോധപൂർവ്വമായ ആത്മചോദനയാണ് നമ്മെ പ്രണയിക്കാൻ പ്രേരിപ്പിക്കുന്നത്. നമുക്ക് ഏറ്റവും ചേരുന്ന ഇണയെ മനസ്സ് അന്വേഷിച്ചു കൊണ്ടേയിരിക്കും. എന്നാൽ പ്രണയത്തിന്റെ സൗന്ദര്യം പ്രണയിക്കുന്നവർക്കു മാത്രമാണ്. മൂന്നാമതൊരാൾക്ക് അതൊരു പക്ഷേ, വെറും പൈങ്കിളി പ്രണയമായിത്തോന്നാം. അരോചകമായിത്തോന്നാം. അർത്ഥശൂന്യമായ സംഭാഷണങ്ങളായി തോന്നാം. പിന്നെ പ്രണയിക്കുന്നവരെ കണ്ടാൽ മറ്റുള്ളവർക്ക് പെട്ടെന്ന് മനസ്സിലാവും എന്നാണ് സത്യം.

ഞങ്ങൾ വളരെ നിശ്ശബ്ദമായി പ്രണയിച്ചിരുന്നവരാണ്. എന്നിട്ടും ആൾക്കാർ ഞങ്ങളേക്കാൾ മുൻപേ അതു മനസ്സിലാക്കി. അതു പ്രണയത്തിന്റെ ഒരു സവിശേഷതയാണ്. പ്രണയിക്കുന്നവരിൽ നിന്നും അവരറിയാതെ ഒരു തരംഗം പ്രവഹിക്കുന്നുണ്ടായിരിക്കാം.

**ചോദ്യം: ജീവിതത്തിലെ ഏറ്റവും മനോഹരമായ ഒരിക്കലും മറക്കാത്ത ഒരു പ്രണയാനുഭവം പങ്കുവെക്കാമോ?**

ഉത്തരം: ഇതിപ്പോൾ, എനിക്ക് മക്കളും മക്കടെ മക്കളും ഒക്കെ ആയ പ്രായമാണ്. പ്രണയത്തിന്റെ നിറത്തിനൊക്കെ വളരെയധികം മാറ്റം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു ഇരുപതുകാരന്റെ പ്രണയത്തെക്കുറിച്ച് അറുപതു വയസ്സു കഴിഞ്ഞ് ഓർത്തെടുക്കുമ്പോൾ അതിന് പല രൂപമാറ്റങ്ങളും വന്നിട്ടുണ്ടാവും. മധുരമായ പ്രണയാനുഭവങ്ങൾ പലതും പറയാനാവാത്തതാണ്.

ഓർമ്മിക്കുന്ന സംഭവം 'ഒരു നിമിഷം തരൂ' എന്ന ഗാനത്തിന്റെ രചനയുമായി ബന്ധപ്പെട്ടാണ്.

അതെഴുതുമ്പോൾ നിമ്മി തന്നെയായിരുന്നു എന്റെ മനസ്സിൽ. നാട്ടാർക്കു മുഴുവൻ അതു മനസ്സിലായി പക്ഷേ, നിമ്മിക്കു മാത്രം അതു മനസ്സിലായിരുന്നില്ല. ഒരു ദിവസം നാണല്യാതെ ഞാനതു തുറന്നു പറഞ്ഞു.

'ആ നീലമിഴികളിൽ
ഒരു നവസ്വപ്നമായ്
നിർമ്മലേ എന്നനുരാഗം
തളിർത്തുവെങ്കിൽ...'

ഇതിലെ നിർമ്മല നിമ്മിയാണെന്ന്. നിമ്മി പറഞ്ഞു, 'ഓ .. ഞാൻ വിചാരിച്ചു സിനിമേല് ജയഭാരതീടെ പേരാണ് നിർമ്മലാന്ന്.' എന്റെ ചീട്ടുകൊട്ടാരം തകർന്നു വീണു എന്നു പറഞ്ഞാൽ മതിയല്ലോ.

**ചോദ്യം: എക്കാലത്തെയും ഏറ്റവും മികച്ച പ്രണയഗാനങ്ങളിലൊന്നാണ് ഒരു നിമിഷം തരൂ.... പഴയ തലമുറയും പുതിയ തലമുറയും ഒരു പോലെ മൂളി നടക്കുന്ന പാട്ട് .... 1976 ലാണ് ആ പാട്ട് ഇറങ്ങിയത്. നമുക്ക് ആ ഗാനത്തെക്കുറിച്ച് സംസാരിക്കാം.**

ഉത്തരം: അത് കവിതയായിരുന്നില്ല. പാട്ടു തന്നെയായിരുന്നു. മുൻപെഴുതിയിരുന്ന ചില കവിതകളിലെ കല്പനകൾ ഞാനതിൽ ചേർത്തിട്ടുണ്ടായിരിക്കാം. എങ്കിലും അത് സിന്ദൂരം എന്ന സിനിമയ്ക്കു വേണ്ടി എഴുതിയ ഗാനം തന്നെയാണ്. എന്റെ ഗുരുനാഥനായ ഡോക്ടർ ബാലകൃഷ്ണനിൽ നിന്നാണ് എനിക്ക് ആ ഗാനത്തിന്റെ ആദ്യ വരി കിട്ടിയത്.

ഡോക്ടർ ബാലകൃഷ്ണൻ എനിക്ക് സിനിമയുടെ കഥ പറഞ്ഞു തരികയായിരുന്നു. നായകൻ മരിക്കും എന്ന ഘട്ടത്തിൽ നായിക അച്ഛനോടു പറയുന്നതാണ്, എനിക്ക് ഒരു നിമിഷം തരൂ. ഒരു നിമിഷമെങ്കിലും എനിക്ക് അദ്ദേഹത്തിന്റെ ഭാര്യയായിട്ടിരിക്കണം.

ആ വാക്കുകളാണ് എന്റെ മനസ്സിൽ തട്ടിയത്. അതിൽ നിന്നാണ് ആ ഗാനം ജനിക്കുന്നത്. യേശുദാസാണ് പാടിയത്. ദർബാരി കാനഡ രാഗത്തിൽ എ.ടി. ഉമ്മറാണ് ആ വരികൾക്ക് സംഗീതം നല്കിയത്.

---

കവിത

# രണ്ട് പ്രണയ കവിതകൾ



സിനി തോമസ്



നിന്റെ
മുഖത്താടി മറുകിനരികെ
ഞാൻ ചെന്നടിയുന്നു
മൂക്കിൻ തുമ്പത്തെ
വിയർപ്പുതുള്ളികളിൽ
മറഞ്ഞു പോകുന്നു
ചുണ്ടുകളിൽ തെറുത്തു
തെറുത്തെടുക്കുന്നു
ഒതുക്കു കല്ലുകളിൽ
തുവർത്തി വിരിക്കുന്നു
വീണ്ടും വീണ്ടും
പ്രിയപ്പെട്ടവനെ
നീയെനിക്കൊഴുകിയ
വഴിയാവുക

ഞങ്ങൾ അങ്ങിനെയാണ്
മധുരനാരങ്ങത്തുണ്ടുകൾ
മുങ്ങിക്കിടക്കുന്ന
നുരയുന്ന ലഹരിയും
വെൺമണത്തിൽ
കുതിർത്തെടുത്ത
പകുതി വെന്ത
ഇറച്ചി കഷണങ്ങളും പോലെ
തൊട്ടു നിൽക്കുമ്പോൾ
എത്ര പെട്ടെന്നാണ്
ഉറഞ്ഞ രാത്രികളെ
പരസ്പരം
ഉരുക്കിയെടുക്കുന്നത്

## നർമ്മം മർമ്മം



രാജീവ് പണിക്കർ

‘നീ കള്ളു കുടിക്കുമോ?’

‘ഇല്ല’

‘വെറുതെ കിട്ടിയാലോ?’

‘വെറുതെയോ?’

‘അതേന്നേ... ഫ്ളൈറ്റിൽ കയറിയാ എയർ ഹോസ്റ്റസുമാർ വെറുതെ ഗ്ലാസു നിറച്ചും കള്ളു കൊണ്ടുത്തരും. ഇഷ്ടം പോലെ കുടിക്കാം’

‘അതിന് നീ ഫ്ളൈറ്റിൽ പോയിട്ടുണ്ടോ?’




‘ഇല്ല. പറഞ്ഞു കേട്ടതാ...’

അങ്ങനെ പറഞ്ഞു കേട്ട വിവരവും വെച്ച് എയർ ഹോസ്റ്റസ് കള്ളു കൊണ്ടുത്തരുന്നതും നോക്കി ആദ്യമായി എമിറേറ്റ്സ് ഫ്ളൈറ്റിൽ നെഞ്ചിടിപ്പോടെ ഇരിക്കുകയായിരുന്നു ഞാൻ. കള്ളും കൊണ്ട് എന്റടുത്തെത്തുമ്പോൾ ‘നോ താങ്ക്സ്’ എന്ന് പറയണമെന്നും ഒരു ജ്യൂസ് ആവശ്യപ്പെടണം എന്നും ഞാൻ മനസ്സിലുറപ്പിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ ആറടിക്കു മേൽ ഉയരമുള്ള ഒരു സുന്ദരൻ പയ്യൻ ഞങ്ങളുടെ അടുത്തേക്ക് വന്നു. താൻ ഫ്ളൈറ്റ് സ്റ്റുവേഡ് ആണെന്നും സീറ്റ് ബെൽറ്റും മറ്റും കറക്റ്റല്ലേ എന്ന് നോക്കാൻ വന്നതാണെന്നും പറഞ്ഞു. ഒരു സുന്ദരി എയർ ഹോസ്റ്റസിനെ പ്രതീക്ഷിച്ച എനിക്ക് ഇതല്പം ഇച്ഛാഭംഗം ഉണ്ടാക്കി എങ്കിലും കള്ളിന്റെ കാര്യത്തിൽ കോമ്പ്രമൈസ് ചെയ്യാൻ ഞാൻ തയ്യാറായിരുന്നില്ല.

അൽപനേരം കൂടി കഴിഞ്ഞപ്പോൾ ഒരു ഉന്തുവണ്ടിയുമായി നമ്മുടെ സ്റ്റുവേഡ് ഞങ്ങളുടെ ഏരിയയിലേക്ക് വന്നു. മനോഹരങ്ങളായ കുപ്പികളിൽ വിവിധ മദ്യങ്ങളും വൈനുകളും ബിയറുകളുമെല്ലാം വണ്ടിയുടെ മുകൾത്തട്ടിൽ തന്നെ ഉണ്ടായിരുന്നു. അയാളാകട്ടെ പലർക്കും മനോഹരമായി അത് സെർവ് ചെയ്യുകയും ചെയ്യുന്നു. ചെറുപ്പത്തിൽ നുണയാണെന്ന് വിചാരിച്ച ആ മഹത്തായ രഹസ്യം പകർന്നു തന്ന ആ പഴയ സുഹൃത്തിനെ ഞാൻ മനസ്സിലോർത്തു. ‘അമ്പടാ’ എന്ന് വിചാരിക്കുകയും ചെയ്തു.

എന്നിട്ടും കള്ള് വേണ്ട എന്ന തീരുമാനം ഞാൻ മാറ്റിയില്ല.

ഒന്നുകൂടി നോക്കിയപ്പോൾ ഞാൻ മറ്റൊരു കാഴ്ച കണ്ടു. ഉന്തുവണ്ടിയുടെ രണ്ടാമത്തെ തട്ടിൽ നിറയെ ജ്യൂസുകളാണ്. ഫ്രഷ് ജ്യൂസുകൾ കൂടാതെ ട്രോപ്പിക്കാനയുടെ പല

## വാരാന്ത്യം

ഫ്ളേവറുകളും ഉണ്ട്. എനിക്ക് വലിയ ഇഷ്ടമുള്ള പേരക്ക, പൈനാപ്പിൾ, മാംഗോ ഫ്ളേവറുകൾ എല്ലാം ഇരിക്കുന്നുണ്ട്. പക്ഷേ, ഒടുക്കത്തെ വെറൈറ്റി ആയി എനിക്ക് തോന്നിയത് ടൊമാറ്റോ ഫ്ളേവർ ആയിരുന്നു. നാട്ടിലെങ്ങും ആ പാക്ക് ഞാൻ കണ്ടിട്ടില്ല. ഞാൻ ‘ദതു മതി’ എന്ന് തീരുമാനിച്ചു.

അപ്പോൾ തന്നെ സ്റ്റുവേഡ് ഒരു വൈൻ ഗ്ലാസ് എടുത്ത് അതിൽ നിറച്ചും ഇത് പൊട്ടിച്ച് ഒഴിച്ചു മുന്നിൽ വെച്ചു. മറ്റുള്ളവർ തേങ്ങാ ഉടയ്ക്കുമ്പോ ഞാൻ ചിരട്ട എങ്കിലും ഉടയ്ക്കണമല്ലോ എന്ന മട്ടിൽ ജെയിംസ് ബോണ്ട് വോഡ്ക മാർട്ടീനി കുടിക്കും പോലെ ഞാൻ ഈ ദ്രാവകം ചുണ്ടോടടുപ്പിച്ചു.

മാരകം!

ഒട്ടും ഡയലൂട്ട് ചെയ്യാത്ത സോസ് കുപ്പിയിലാക്കി തന്ന പോലെ ആയിരുന്നു ടൊമാറ്റോ. കവിൾ കൊണ്ട ട്രോപ്പിക്കാന ആരും കാണാതെ തിരികെ തുപ്പാൻ ഞാൻ ചുറ്റും നോക്കി. ഗ്ലാസിൽ ആയ കാരണം കളയാൻ പോലും നിവർത്തിയില്ല.

അപ്പോഴതാ എന്റെ തോളിൽ ഒരു തട്ട്.

മ്മടെ സ്റ്റുവേഡ് ആണ്...

‘എനി പ്രോബ്ലം സർ?’

‘ലവൻ തീർച്ചയായും ഇത് മുൻപ് ടേസ്റ്റ് ചെയ്തു നോക്കിയതായിരുന്നിരിക്കും’ എന്ന് മനസ്സിലോർത്തുകൊണ്ട് മിസ്റ്റർ ബീനിന് ലോട്ടറി അടിച്ച പോലത്തെ ഒരു മുഖഭാവത്തോടെ ഞാൻ ‘ഒന്നുമില്ല’ എന്ന ആംഗ്യം കാണിച്ചു. പക്ഷേ, എന്തോ അപായസൂചന കിട്ടിയ പോലെ ലവൻ എന്നെത്തന്നെ നോക്കി കുറ്റിയടിച്ച പോലെ നിൽക്കുവാ...

ഞാൻ ഇച്ചിരി നേരം വെയിറ്റ് ചെയ്തേച്ചും അന്നേരം വായിൽ ഉള്ളതും ഗ്ലാസിൽ ഉള്ളതുമായ ട്രോപ്പിക്കാന മുഴുവൻ അമൃത് പോലെ വലിച്ചങ്ങു കുടിച്ചു. പിന്നെ വാ കഴുകാൻ ചിട്ടി റോബോട്ട് നടക്കും പോലെ വാഷ് റൂമിലേക്ക് ഒറ്റ നടത്തം വെച്ചു കൊടുത്തു.

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

## കവിത



സോഫി എൻ.പി.
ന്യൂയോർക്ക്




# പുതുവർഷം

കാലത്തിന്
ക്ഷയിപ്പിക്കാനാവാത്ത
സ്മൃതികളുടെ
നീണ്ട പരമ്പരയിലെ
അവസാന കണ്ണിയും
യാത്രാമൊഴിക്കായ്
ഒരുങ്ങി തുടങ്ങി.
കർമ്മബന്ധങ്ങളുടെ
കെട്ടുകളിലെങ്ങോ
കുരുങ്ങി കിടന്ന
ഭാഗ്യ നിർഭാഗ്യങ്ങളുടെ
നീണ്ടപരമ്പരകൾ....
യാത്രകളിൽ
ഇടത്താവളങ്ങളിൽ
കണ്ടുമുട്ടിയ മുഖങ്ങൾ
മനസ്സിൽ കോറിയിട്ട
ചിത്രങ്ങൾ...
സൗഹൃദങ്ങളുടെ
കൈ നീട്ടങ്ങൾ...
അവഗണിക്കപ്പെട്ടവളുടെ
നിഷ്ഫലമായ
വിഷാദങ്ങൾ...
നന്മതിന്മകളുടെ
സങ്കലനങ്ങളിൽ
പിഴച്ചതും
പിഴക്കാത്തതുമായ
കാൽവെയ്പ്പുകൾ...
അടുത്തറിയലിന്റെ
ആദ്യ നാളുകളിൽ
മനസ്സിൽ കോറിയിട്ട
ചിത്രങ്ങൾക്ക്
കാലാതീതമായ
ഉൺമയുടെ ഗന്ധം...
വിശുദ്ധമായ ബന്ധത്തിന്റെ
കനപ്പെട്ടുകിടക്കുന്ന
അതിദൃഢമായ
ചില കണ്ണികൾ...
അക്ഷരങ്ങളുടെ
സങ്കലനങ്ങളിൽ
വീർപ്പുമുട്ടിയ
വിഹ്വലതകൾ...
ചായം പൂശിയ
മുഖം മൂടികളുടെ ഭാരങ്ങൾ...
തിളക്കം നഷ്ടപ്പെട്ട നോട്ടങ്ങൾ...
കവിതയൊഴിഞ്ഞു പോയ
മനസുകൾ..
വികാരങ്ങളിലെ കലർപ്പുകൾ...
കേട്ടു മടുത്ത വാക്കുകളുടെ
മുഷിഞ്ഞ ഭാണ്ഡം പേറി
വേച്ചുപോയ കാൽവെയ്പുകൾ...
അതെ.....
കാലത്തിന്
ക്ഷയിപ്പിക്കാനാവാത്ത
സ്മൃതികൾ...
ഞാൻ നൂഴുന്ന
പുനർജ്ജനികൾ ആണ് ഈ
പുതുവത്സരങ്ങൾ...
ആശംസകൾ.

# ‘അമ്മ കുടുംബ സംഗമം‘ തിരി തെളിഞ്ഞു

മലയാള സിനിമാ താരസംഘടനയായ അമ്മ ആദ്യമായി സംഘടിപ്പിക്കുന്ന ‘അമ്മ കുടുംബ സംഗമം’ റിഹേഴ്സൽ ക്യാമ്പിന് കൊച്ചിയിലെ ക്രൗൺ പ്ലാസ ഹോട്ടലിൽ വെച്ച് തിരി തെളിഞ്ഞു. മലയാള സിനിമയിലെ മുതിർന്ന അഭിനേതാവും സംവിധായകനും തിരക്കഥാകൃത്തുമായ ശ്രീ. ശ്രീനിവാസനും ഒപ്പം പുതിയ തലമുറയിലെ പ്രിയ താരമായ മമിതാ ബൈജുവും ചേർന്നാണ് ദീപം തെളിയിച്ചത്.



ജനുവരി 4-ന് ശനിയാഴ്ച്ച രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് 240-ഓളം അമ്മ അംഗങ്ങളായ കലാകാരന്മാർ അണിയിച്ചൊരുക്കുന്ന അതിവിപുലമായ കലാകായിക വിനോദ പരിപാടികൾ രാവിലെ ഒമ്പത് മണി മുതൽ രാത്രി പത്തു വരെ അരങ്ങേറുന്നത്. അമ്മയുടെ മുപ്പത് വർഷത്തെ ചരിത്രത്തിൽ ആദ്യമായി അമ്മ അംഗങ്ങളും അവരുടെ കുടുംബങ്ങളും ഒത്തു ചേരുകയാണ്. പ്രസ്തുത ഷോയിലൂടെ സമാഹരിക്കുന്ന തുക ഉപയോഗിക്കുന്നത് അമ്മയുടെ അംഗങ്ങൾക്ക് ആജീവനാന്ത ജീവൻ രക്ഷ മരുന്നുകൾ സൗജന്യമായി നല്കുന്നതിന് വേണ്ടിയാണ്. ചടങ്ങിൽ ആശംസ അറിയിച്ചുകൊണ്ട് ബാബുരാജ്, രവീന്ദ്രൻ, ആശാ ശരത്, ജയൻ ചേർത്തല, സുരേഷ് കൃഷ്ണ, വിനു മോഹൻ, നാദിർഷ (ഷോ ഡയറക്ടർ), ഉണ്ണി ശിവപാൽ, ജോമോൾ, നാസർ ലത്തീഫ്, അനന്യ, അൻസിബ, കലാഭവൻ ഷാജോൺ, നിവിയ, മഹിമ നമ്പ്യാർ, മീഡിയ പാർട്ട്ണർ ഹൈദരാലി, അർജുൻ, മുന്ന എന്നിവർ പങ്കെടുത്തു.

# കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സിക്ക് പുതിയ നേതൃത്വം, സോഫിയ മാത്യു പ്രസിഡണ്ട്

**ജോസഫ് ഇടിക്കുള**

ന്യൂജേഴ്സി: നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി(കാൻജ്) യുടെ പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു. സോഫിയ മാത്യു പ്രസിഡണ്ട്.

2024 ഡിസംബർ 14-ന് ന്യൂജേഴ്സി ടാഗോർ ഹാളിൽ ട്രസ്റ്റീ ബോർഡ് ചെയർ ദീപ്തി നായരുടെ അധ്യക്ഷതയിൽ ചേർന്ന ആനുവൽ ജനറൽ ബോഡിയിൽ ഇലക്ഷൻ കമ്മീഷൻ സ്വപ്ന രാജേഷാണ് 2025-ലേക്കുള്ള പുതിയ കമ്മിറ്റി അംഗങ്ങളെ പ്രഖ്യാപിച്ചത്. വിജയ് നമ്പ്യാർ (വൈസ് പ്രസിഡണ്ട്), ഖുർഷിദ് ബഷീർ (ജനറൽ സെക്രട്ടറി), ജോർജി സാമുവൽ (ട്രഷറർ), ദയ ശ്യാം (ജോയിന്റ് സെക്രട്ടറി), കൃഷ്ണ പ്രസാദ് (ജോയിന്റ് ട്രഷറർ), സുരജിത് കിഴക്കയിൽ (കൾച്ചറൽ അഫയേഴ്സ്), അസ്‌ലം ഹമീദ് (സ്പോർട്സ് അഫയേഴ്സ്), നിധിൻ ജോയ് ആലപ്പാട്ട് (ഐടി ഓഫീസർ), അനൂപ് മാത്യൂസ് രാജു (മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ), ജയകൃഷ്ണൻ എം. മേനോൻ (ചാരിറ്റി അഫയേഴ്സ്), ടോണി മാങ്ങൻ (പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്സ്), രേഖ നായർ (യൂത്ത് അഫയേഴ്സ്) എന്നിവരാണ് മറ്റു പുതിയ ഭാരവാഹികൾ.



സ്വപ്ന രാജേഷാണ് പുതിയ ട്രസ്റ്റീ ബോർഡ് ചെയർ. കാൻജിന്റെ വിവിധ സ്ഥാനങ്ങൾ വഹിച്ചു നേതൃപാടവം തെളിയിച്ചിട്ടുള്ള സ്വപ്ന രാജേഷ് കാൻജിന്റെ മുൻ പ്രസിഡണ്ട് കൂടിയാണ്. ജോൺ ജോർജ്, ജോസഫ് ഇടിക്കുള, വിജേഷ് കാരാട്ട്, സണ്ണി വാലിപ്ലാക്കൽ എന്നിവരാണ് ട്രസ്റ്റീ ബോർഡ് അംഗങ്ങൾ. ബൈജു വർഗീസ് എക്സ് ഓഫീഷ്യോ.

സോഫിയ മാത്യു (പ്രസിഡണ്ട്): പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട സോഫിയ മാത്യു, ന്യൂജേഴ്സിയിലെ മലയാളികൾക്ക് ഏറെ സുപരിചിതയാണ്. ഇരുപത്തിയഞ്ചു വർഷങ്ങൾക്ക് മുൻപ് കാൻജിന്റെ ഓണാഘോഷങ്ങളിൽ ഡാൻസ് അവതരിപ്പിച്ചുകൊണ്ട് കാൻജിന്റെ ഭാഗമായ സോഫിയ കഴിഞ്ഞ വിവിധ കമ്മിറ്റികളിൽ സെക്രട്ടറിയായും കൾച്ചറൽ കോ-ഓർഡിനേറ്ററായും ഒക്കെ പ്രവർത്തിച്ചുകൊണ്ട് കാൻജിന്റെ പ്രവർത്തനങ്ങളിൽ വളരെ സജീവമായി രംഗത്തുണ്ട്.

മിക്കേസ് ഇവന്റ്സ് എന്ന ഇവന്റ് മാനേജ്മെന്റ് കമ്പനിയുടമയെന്ന നിലയിലും, ഫന സ്കൂൾ ഓഫ് ഡാൻസിന്റെ സ്ഥാപകയെന്ന നിലയിലും ഒരു മികച്ച സംരംഭക കൂടിയാണ് സോഫിയ. ഫ്ളവേഴ്സ് ടിവി യുഎസ്എയുടെ നോർത്ത് ഈസ്റ്റേൺ മേഖല മാർക്കറ്റിംഗ് ഹെഡ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ, അവതാരക എന്നീ നിലകളിലും സോഫിയ സേവനമനുഷ്ഠിക്കുന്നു.

ഖുർഷിദ് ബഷീർ (ജനറൽ സെക്രട്ടറി): കാൻജ് ഗോട്ട് ടാലന്റിലൂടെ ന്യൂജേഴ്സി മലയാളികൾക്ക് സുപരിചിതനാണ് ഖുർഷിദ്. കാൻജിന്റെ മുൻ ജോയിന്റ് സെക്രട്ടറി, കൾച്ചറൽ അഫയേഴ്സ് സെക്രട്ടറി തുടങ്ങി വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ഖുർഷിദ് യുണൈറ്റഡ് നേഷൻസിൽ ഐടി ഓഫീസർ ആയി ജോലിചെയ്യുന്നു.

ജോർജി സാമുവേൽ (ട്രഷറർ): ട്രഷററായി ചുമതലയേൽക്കുന്ന ജോർജി കഴിഞ്ഞ രണ്ട് വർഷമായി കാൻജിന്റെ ചാരിറ്റി അഫയേഴ്സ് സെക്രട്ടറി ആയി വളരെ സാമൂഹിക പ്രതിബദ്ധത ഉള്ള പരിപാടികൾ വിജയകരമായി നടത്തി. രണ്ട് ബ്ലഡ് ഡ്രൈവുകൾ ഒരു വർഷം സംഘടിപ്പിക്കാനും അമേരിക്കയിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ള വീട്ടിലെ കുട്ടികൾക്ക് പഠനത്തിനാവശ്യമായ പുസ്തകവും ഫുഡ് കളക്ഷൻ ഡ്രൈവും ഇരുപതോളം അമേരിക്കൻ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വളരെ അധികം സ്വീകാര്യത ലഭിച്ച പ്രവർത്തനങ്ങളായിരുന്നു. റാക്സ്പേസ് ടെക്നോളജിയിൽ അക്കൗണ്ട് എക്സിക്യൂട്ടീവ് ആയി ജോലി ചെയ്യുന്ന ജോർജി, ഈസ്റ്റ് ബ്രൺസ്വിക്ക് നിവാസിയാണ്.

വിജയ് നമ്പ്യാർ (വൈസ് പ്രസിഡണ്ട്): വിജയ് പുത്തൻവീട്ടിൽ ആണ് കാൻജിന്റെ വൈസ് പ്രസിഡണ്ട് ആയി തെരഞ്ഞെടുക്കപ്പെട്ടത്. പതിനെട്ടു വർഷമായി ന്യൂജേഴ്സിയിൽ താമസിക്കുന്ന വിജയ് കാൻജിന്റെ പല കമ്മിറ്റികളിലും വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സിറ്റി ബാങ്കിൽ സീനിയർ വൈസ് പ്രസിഡണ്ട് ആയി സേവനം അനുഷ്ഠിക്കുന്നു. മുൻ ട്രഷറർ കൂടിയായ വിജയ് ഒരു മികച്ച ക്രിക്കറ്ററും ന്യൂജേഴ്സി ക്രിക്കറ്റ് ലീഗ് അംഗവും ആണ്.




ദയ ശ്യാം (ജോയിന്റ് സെക്രട്ടറി): ബ്രിക്സ് 4 കിഡ്സിന്റെ ഫ്രാഞ്ചൈസിയുടെ ബിസിനസ്സ് ഉടമയായും ആശ 4 എഡ്യുക്കേഷൻ എന്ന ചാരിറ്റി ഓർഗനൈസേഷനു വേണ്ടി വാക്ക്/റൺ ഫണ്ട് റൈസർ സംഘടിപ്പിക്കുന്നതിൽ സജീവമായ സന്നദ്ധപ്രവർത്തകയായും ദയ വർഷങ്ങളായി പ്രാദേശിക സമൂഹത്തിന്റെ ഭാഗമാണ്. കഴിഞ്ഞ രണ്ട് വർഷമായി ദയ കാൻജിന്റെ മീഡിയ ആന്റ് കമ്മ്യൂണിക്കേഷൻസ് മുന്നോട്ടു നയിക്കുന്നു. കൊല്ലം സ്വദേശിയായ ദയ കുടുംബത്തോടൊപ്പം സൗത്ത് ബ്രൺസ്വിക്കിലാണ് താമസിക്കുന്നത്. സിബിആർഇ റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്പനിയിൽ ബിസിനസ് ഓപ്പറേഷൻസ് ലീഡായി ദയ പ്രവർത്തിക്കുന്നു.

കൃഷ്ണ പ്രസാദ് (ജോയിന്റ് ട്രഷറർ): ജോയിന്റ് ട്രഷററായി സ്ഥാനമേൽക്കുന്ന കൃഷ്ണ പ്രസാദ് (കെ.പി) കാലിഫോർണിയയിലുള്ള സ്മാർട് എനർജി വാട്ടർ എന്ന കമ്പനിയിൽ സീനിയർ ടെക്നോളജി ഡെലിവറി മാനേജർ ആയി പ്രവർത്തിക്കുന്നു. 2022 മുതൽ കാൻജ് അംഗമാണ്. 2024 കാൻജ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗവും ഐടി ഓഫീസർ ആയും പ്രവർത്തിച്ചിട്ടുണ്ട്.

അസ്‌ലം ഹമീദ് (സ്പോർട്സ് അഫയേഴ്സ്): 2024-ൽ ആറോളം കായിക പരിപാടികൾ അഞ്ചു മാസത്തെ കാലയളവിൽ വിജയകരമായി നടത്തിയതിന്റെ ആത്മവിശ്വാസവുമായാണ് അസ്‌ലം സ്പോർട്സ് അഫയേഴ്സ് ചുമതലയിലേക്ക് വരുന്നത്. മികച്ച സാമൂഹികസംഘാടകനായ അസ്‌ലം ഗോൾഡ്മാൻ സാക്ക്സിൽ വൈസ് പ്രസിഡണ്ട് എഞ്ചിനീയറിംഗ് ആണ്. കുടുംബസമേതം പ്രിൻസ്റ്റണിൽ താമസം.

അനൂപ് മാത്യൂസ് രാജു (മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ): 2024-ൽ കാൻജിന്റെ എല്ലാ പരിപാടികളിലും കേരള സമൂഹത്തിന്റെ യുവ പ്രാതിനിധ്യം ഉറപ്പാക്കിയ അനൂപ്, റട്ഗേഴ്സിൽ എച്ച്ആറിൽ ജോലിചെയ്യുന്ന അനൂപ് 2024 കമ്മിറ്റിയിൽ കാൻജ് യൂത്ത് പ്രതിനിധി ആയിരുന്നു. കിങ്സ് ക്രിക്കറ്റ് ലീഗ് അംഗം കൂടിയായ അനൂപ് കുടുംബസമേതം ബയോണിൽ താമസിക്കുന്നു.

സുരജിത് കിഴക്കയിൽ (കൾച്ചറൽ അഫയേഴ്സ്): കൾച്ചറൽ അഫയേഴ്സ് വിഭാഗത്തിന്റെ ചുമതലയേൽക്കുന്ന സുരജിത്ത് ഒരു അറിയപ്പെടുന്ന കലാകാരൻ കൂടിയാണ്. ഏതാനും വർഷങ്ങളായി ന്യൂജേഴ്സിയിലെ വിവിധ സംഘടനകളുടെ കല, സാംസ്കാരിക വേദികളിലെ സ്ഥിരം സാന്നിധ്യമാണ്. കഴിഞ്ഞ വർഷങ്ങളിലെ കാൻജ് നെക്സ്റ്റ്ജൻ ടീമിലെ പ്രവർത്തനമികവുമായാണ് ഈ സ്ഥാനത്തേക്ക് സുരജിത്ത് എത്തുന്നത്. ന്യൂയോർക്ക് ടൈംസിൽ എഞ്ചിനീയറിംഗ് മാനേജരായി സേവനമനുഷ്ഠിക്കുന്ന ഇദ്ദേഹം നോർത്ത് എഡിസണിൽ താമസിക്കുന്നു.

നിതിൻ ജോയ് ആലപ്പാട്ട് (ഐടി ഓഫീസർ): ഐടി വിഭാഗത്തിന്റെ ചുമതലയേൽക്കുന്ന നിതിൻ കഴിഞ്ഞ മൂന്ന് വർഷമായി സ്പോർട്സ് ഫോക്കസ് ഗ്രൂപ്പിന്റെ പ്രവർത്തന മികവുമായി ആണ് കാൻജ് ഐടി വിങ്ങിന്റെ ചുമതലയേൽക്കുന്നത്. നോക്കിയയിൽ ഐടി ലീഡ് ആയി സേവനമനുഷ്ഠിക്കുന്ന ഇദ്ദേഹം ഓൾഡ് ബ്രിഡ്ജിൽ താമസിക്കുന്നു.

ജയകൃഷ്ണൻ എം മേനോൻ (ചാരിറ്റി ആൻഡ് എൻവയോൺമെന്റൽ അഫയേഴ്സ്): ചാരിറ്റി വിഭാഗത്തിന്റെ ചുമതല ഏൽക്കുന്ന ജയകൃഷ്ണൻ 2023 മുതൽ കാൻജ് കുടുംബത്തിന്റെ ഭാഗമാണ്. കാരുണ്യ പദ്ധതികളുടെ ചുമതലക്കാരനായി സ്ഥാനമേൽക്കുന്ന ജയകൃഷ്ണനെ കാത്തിരിക്കുന്നത് കാൻജിന്റെ നിരവധി സേവന പദ്ധതികളാണ്. ബ്രില്ലിയോ സർവീസസ് കമ്പനിയിൽ പ്രോഡക്റ്റ് ആൻഡ് ഡെലിവറി മാനേജർ ആയി ജോലി ചെയ്യുന്നു. ഫ്രാങ്ക്ളിൻ പാർക്കിൽ കുടുംബത്തോടൊപ്പം താമസിക്കുന്നു.

ടോണി മാംഗൻ (പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്സ്): പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്സ് സ്ഥാനമേൽക്കുന്ന ടോണി ഒരു ടെക്നോളജി കൺസൾട്ടന്റും NYC OTI-യിലെ ഒരു ടെക്നോളജി ലീഡറാണ്. മുമ്പ് സോമർസെറ്റിലെ ഒരു നോൺ പ്രോഫിറ്റ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ സേവനമനുഷ്ഠിച്ചിരുന്നു. മോണ്ട്ഗോമറി ബാസ്കറ്റ്ബോൾ അസോസിയേഷന്റെ പരിശീലകനുമാണ്.

രേഖ നായർ (യൂത്ത് അഫയേഴ്സ്): യുവജന പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട രേഖ, ഏതാനും വർഷങ്ങളായി കാൻജിന്റെ വിവിധ സബ് കമ്മിറ്റികളിൽ പ്രവർത്തിച്ചു വരുന്നു. കാൻജ് ഓണം ഫോക്കസ് ഗ്രൂപ്പ്, ചാരിറ്റി ഫോക്കസ് ഗ്രൂപ്പ് തുടങ്ങിയ വിഭാഗങ്ങളിൽ സജീവ സാന്നിധ്യമാണ് രേഖ നായർ. ജോൺസൺ ആൻഡ് ജോൺസൺ ആർ ആൻഡ് ഡിയിൽ പ്രിൻസിപ്പൽ സയന്റിസ്റ്റായി ജോലി ചെയ്യുന്നു.

കാൻജിന്റെ വിവിധ നേതാക്കൾ പുതിയ കമ്മിറ്റിക്ക് ആശംസകൾ അറിയിച്ചു. കാൻജിന്റെ വളർച്ചയ്ക്ക് ആവശ്യമായ എല്ലാവിധ പ്രവർത്തനങ്ങൾക്കും നിങ്ങളുടെ എല്ലാവരുടെയും പിന്തുണ ഉണ്ടാകണമെന്ന് നിയുക്ത പ്രസിഡണ്ട് സോഫിയ മാത്യു അഭ്യർത്ഥിച്ചു.

**വിവരങ്ങൾക്ക് കടപ്പാട്:**
**ജോർജി സാമുവൽ**

## അന്നക്കുട്ടി ജെയിംസ് ചെട്ടിയാത്ത് അന്തരിച്ചു



ലോസാഞ്ചലസ് (ചാറ്റ്സ്വർത്ത്): ജെയിംസ് ചെട്ടിയാത്തിന്റെ ഭാര്യ അന്നക്കുട്ടി ജെയിംസ് (80) അന്തരിച്ചു. പരേത കടുത്തുരുത്തി മണലേൽ കുടുംബാംഗമാണ്. മക്കൾ: റ്റോബിൻ, റ്റിനി, റ്റിം. മരുമക്കൾ: സഹാന, റ്റോണി, ബേബി പുന്നമംഗലത്തിൽ. സഹോദരങ്ങൾ: ലീലാമ്മ സിറിയക് എടമ്പാടം, പരേതരായ മത്തായി മണലേൽ, ചാക്കോ മണലേൽ, സിസ്റ്റർ ബോർജിയ, മറിയാമ്മ മണലേൽ.

# അമേരിക്കയിലേക്കും ഇന്ത്യയിലേക്കുമുള്ള അഭയാർത്ഥി പ്രവാഹവും സുരക്ഷാ വീഴ്ചയും

**കോര ചെറിയാൻ**

ഫിലാഡൽഫിയ: കോവിഡ്-19 നിബന്ധനകൾക്കുശേഷം അമേരിക്കയിലേക്കുള്ള ജനപ്രവാഹം മൈഗ്രേഷൻ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിശദമായ വിവരാനുസരണം വിദേശ രാജ്യങ്ങളിൽനിന്നും വിവിധ കുറ്റകൃത്യങ്ങൾ മൂലം പുറത്താക്കപ്പെട്ടവരടക്കം 60,000-ൽ അധികം അഭയാർത്ഥികൾ 2023-ലെ ആദ്യ 8 മാസക്കാലയളവിൽ കുടിയേറി. കൊടും ക്രൂരകൃത്യങ്ങൾ മൂലം ശിക്ഷിക്കപ്പെട്ടവരെ സ്വരാജ്യത്തെ തടങ്കലിൽ പാർപ്പിക്കാതെ സാമ്പത്തിക പരാധീനതകൾമൂലം അമേരിക്കൻ അതിർത്തി രാജ്യമായ മെക്സിക്കോ അടക്കമുള്ള പല ദരിദ്ര രാജ്യങ്ങളിലേയ്ക്കും കരമാർഗ്ഗമോ കടൽമാർഗ്ഗമോ അന്തർദേശീയ നിബന്ധനകൾ ലംഘിച്ചു നാടുകടത്തുന്നതായി പല മാധ്യമങ്ങളും അനോനിമസായി വെളിപ്പെടുത്തിയിട്ടുണ്ട്.



ലേഖകൻ

അമേരിക്കയിലേക്കുള്ള കുടിയേറ്റത്തിലെ നിബന്ധനകൾ ബാലിശമായതിന്റെയും പിഴവുകളുടെയും മറവിൽ എത്തിയവരുടെ ഭീകര പ്രവർത്തനങ്ങൾ മൂലം ഉണ്ടായ നാശനഷ്ടങ്ങളിലും ഉപരിയായി മാനസികവിഭ്രാന്തി അവിസ്മരണീയമാണ്.

2003, സെപ്റ്റംബർ 11-നു ലോകം മുഴുവനും ഭയപ്പെട്ട ഒസാമ ബിൻ ലാദന്റെ നേതൃത്വത്തിൽ അൽ-ക്വയ്ദ ഭീകരാക്രമണം നടത്തിയ 19 ഹൈജാക്കേഴ്സും വളരെ ലളിതമായ രീതിയിൽ ടൂറിസ്റ്റ് വിസയിൽ അമേരിക്കയിൽ പ്രവേശിച്ചവരാണ്.

1975-നു ശേഷം 36 ലക്ഷത്തിലധികം അഭയാർത്ഥികൾ ഉചിതമായ രേഖാനുസരണം, 2022 ഡിസംബർ വരെ അമേരിക്കയിൽ എത്തിയതായി യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റിന്റെ അധീനതയിലുള്ള യുഎസ് റെഫ്യൂജി അഡ്മിഷൻ പ്രോഗ്രാം (യു.എസ്.ആർ.എ.പി.) വിജ്ഞാപനത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. അഭയാർത്ഥി വകുപ്പാനുസരണം മെഡിക്കൽ, അക്കോമഡേഷൻ, ജീവിതാവശ്യങ്ങൾക്കു സാമ്പത്തിക സഹായങ്ങളോടൊപ്പം ഉചിതമായ ഉദ്യോഗം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളും 12 മാസം സൗജന്യമായി നൽകുന്നു.

(ശേഷം 30-ാം പേജിൽ)


**Review**

# I GET NO RESPECT, MEMOIR OF A PSYCHIATRIST

The author selected Rodney Dangerfield's popular catchphrase "I get no respect" as the book title, to acknowledge his keen awareness of psychiatry's unpopularity. Many people believe that this specialty does not have enough scientific backbone. Some medical folks are convinced that it does not require a medical degree to become a psychiatrist!

In this memoir, the author mixes his life story with the stories of patients, shedding light on the complexities of the human mind, the stigma surrounding mental health, and the resilience of individuals facing psychological battles. It is a journey of introspection, advocacy, and a tribute to those who entrusted him with their innermost struggles. By sharing these experiences and breaking down the barriers that prevent individuals from seeking help, understanding the value of mental health treatment, and appreciating the profound significance of psychiatry in shaping a healthier and more compassionate world, he is opening up new chapters of understanding of the mentally ill.

The author employed several powerful tools to help his patients. The philosophy behind them was old, but refined by the modern artisans. The chemical molecules reached the intended targets quickly, altered the deranged landscapes, and provided comfort to those in mental anguish. By employing them carefully, he allowed a large segment of the population to live at a respectable level, in their communities. They were no longer the pariahs of society.



C. J. Jos, M.D
(cjjosmd@gmail.com)

By lifting their spirits, the author elevated his self-esteem as well and became a better physician. He felt other medical professionals took him seriously since he spoke the same language about the functioning of the human body in health and in diseased states. He discussed with them the exciting possibilities of his specialty, without using any psychological jargon. He became one of them. He did not have to wear a white coat or hang a stethoscope around his neck to prove it. A modern psychiatrist was born. The book is highly educational to the public.

Dr. Jos is a Professor of Psychiatry at St Louis University, St Louis, retired now. The book is available through Amazon Books under cj jos. The proceeds from the book will go to the St Louis Malayalee Association.

# എസ്ബി ആൻഡ് അസംപ്ഷൻ അലുംമ്നി ക്രിസ്മസ് ആഘോഷിച്ചു

ചിക്കാഗോ: എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷന്റെ ക്രിസ്മസ്-നവവത്സര ഫാമിലി മീറ്റ് ഡെസ്പ്ലെയിൻസ് കോർട്ലാൻഡ് സ്ക്വയറിൽ ഡിസംബർ 28-ന് ശനിയാഴ്ച സമുചിതമായി ആഘോഷിച്ചു. അസോസിയേഷന്റെ ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഇല്ലിനോയ് ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ് അംഗം കെവിൻ ഓലിക്കൽ മുഖ്യാതിഥിയായിരുന്നു. ആൻഡ്രിയ നേര്യംപറമ്പിൽ ആലപിച്ച പ്രാർത്ഥനാഗാനത്തോടു കൂടി ആരംഭിച്ച ചടങ്ങിൽ അസോസിയേഷൻ വൈസ് പ്രസിഡണ്ട്

**തോമസ് ഡിക്രൂസ്**

മാത്യു ദാനിയേൽ സദസ്സിന് സ്വാഗതം പറഞ്ഞു. പ്രശസ്ത റിസേർച്ച് സയന്റിസ്റ്റും കോഴഞ്ചേരി സെ. തോമസ് കോളജ് അദ്ധ്യാപകനുമായിരുന്ന ഡോ. മാത്യു സാധു ക്രിസ്മസ് സന്ദേശം നല്കി.

മിനസോട്ട സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരിയും പൂർവ്വവിദ്യാർത്ഥിയുമായ റവ. ഷിന്റോ വർഗീസ് മുഖ്യപ്രഭാഷണം നടത്തി. ജോർജ് ഇല്ലിക്കലിന്റെ നേതൃത്വത്തിൽ എസ്ബി-അസംപ്ഷൻ ഗായകസംഘം കരോൾ ഗാനങ്ങൾ ആലപിച്ചു. മനോജ് തോമസ്, അമ്പിളി ജോർജ്, ബെന്നി പാറയ്ക്കൽ, ബെറ്റ്സി ആൻഡ് ബെബ്സൻ വാഴെപറമ്പിൽ എന്നിവരുടെ സംഗീത-നൃത്തപരിപാടികൾ ചടങ്ങിനെ ആസ്വാദ്യകരമാക്കി. സെക്രട്ടറി തോമസ് ഡിക്രൂസ് നന്ദി പറഞ്ഞു. ഷിജി ചിറയിൽ, അമ്പിളി ജോർജ് എന്നിവർ എംസിമാരായിരുന്നു.







എക്സിക്യൂട്ടീവ് അംഗങ്ങളായ പ്രഫ. ജെയിംസ് ഓലിക്കര, കാർമൽ തോമസ്, ബോബൻ കളത്തിൽ, ഷിബു അഗസ്റ്റിൻ, ജിജി മാടപ്പാട്, ബിജി കൊല്ലാപുരം, സെബാസ്റ്റ്യൻ വാഴേപറമ്പിൽ, ഷാജി കൈലാത്ത്, ജോൺ നടയ്ക്കപ്പാടം, ജോസഫ് കാളാശ്ശേരി, മനീഷ് തോപ്പിൽ, സണ്ണി വള്ളിക്കളം, ജോസുകുട്ടി പാറയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്രിസ്മസ്-പുതുവത്സര ആഘോഷപരിപാടികൾ സ്നേഹവിരുന്നോടു കൂടി സമാപിച്ചു.

# 2024–ന് വിട

രാജു മൈലപ്ര

ഒരു വാക്കു കൊണ്ടോ, നോട്ടം കൊണ്ടോ, ഒരു ഫോൺകോളു കൊണ്ടോ, ഒരു സന്ദർശനം കൊണ്ടോ പരിഹരിക്കപ്പെടാമായിരുന്ന എത്രയോ അവസരങ്ങൾ, ബന്ധങ്ങൾ നമ്മുടെ ഉദാസീനത മൂലം ഇനിയൊരിക്കലും തിരെ്യ പിടിക്കാനാവാത്ത വിധം നമ്മുടെ കൈയിൽനിന്നും വഴുതി പോയിട്ടുണ്ട്.

ദുരന്തങ്ങൾ പെയ്തിറങ്ങിയ ഒരു വർഷമാണ് നമ്മുടെ കൺമുമ്പിൽ കൂടി കടന്നുപോയത്.

2024–ൽ എന്നെ വളരെയധികം വേദനിപ്പിച്ച ഒരു സംഭവമായിരുന്നു എന്റെ



ബാല്യകാല സുഹൃത്തായിരുന്ന ജോസിന്റെ വേർപാട്.

അവസാനകാലത്ത് എന്നെ ഒരു നോക്ക് നേരിൽ കാണുവാൻ അവൻ വളരെ ആഗ്രഹിച്ചിരുന്നു. ആശുപത്രി കിടക്കയിൽ നിന്നും ആരുടെയോ സഹായത്തോടെ ഓക്സിജൻ മാസ്ക് മാറ്റിയശേഷം അവൻ എന്നോട് സംസാരിച്ചു.

"എനിക്ക് തീരെ വയ്യടാ!" ജോസിന്റെ ശബ്ദം ഇടറിയിരുന്നു. കണ്ണുകളിൽ ആശങ്കയുടെ നനവ്. ഒന്നോ രണ്ടോ മിനിറ്റ് വളരെ ബദ്ധപ്പെട്ട് എന്നോട് സംസാരിച്ചു. എന്നെ കാണണമെന്നുള്ള ആഗ്രഹം പറയാതെ പറഞ്ഞു.

ജോസിന്റെ രോഗത്തിന്റെ ഗുരുതരാവസ്ഥയെപ്പറ്റി, അവന്റെ സഹോദരൻ, അനിയൻ എന്നെ നേരത്തെ തന്നെ അറിയിച്ചിരുന്നു.

ജോസിനെ ഉടനെ പോയി കാണണമെന്ന് എന്റെ ഭാര്യയും നിർദേശിച്ചു. എന്തോ ചില കാരണങ്ങളാൽ യാത്ര രണ്ടുമൂന്നു ദിവസത്തേക്ക് മാറ്റിവെച്ചു.

വിധി നടപ്പാക്കുവാൻ കാലം ആർക്കുവേണ്ടിയും കാത്തുനിൽക്കാറില്ല.

മുള്ളുവേലികൾ കൊണ്ട് അതിരുകൾ തമ്മിൽ വേർതിരിവില്ലാതിരുന്ന ഒരുകാലത്ത്, തൊട്ടടുത്തുള്ള വീടുകളിൽ ഒരേവർഷം, ഒരേമാസം രണ്ടോ മൂന്നോ ദിവസങ്ങളുടെ വ്യത്യാസത്തിലായിരുന്നു ഞങ്ങളുടെ ജനനം.

ഓർമ്മയിൽ ഇന്നും മങ്ങാതെ, മായാതെ നിൽക്കുന്ന എത്രയോ രസകരമായ സംഭവങ്ങളാണ് ഞങ്ങൾ ഒരുമിച്ചു പങ്കിട്ടിരിക്കുന്നത്.

കുട്ടിക്കാലത്ത് കുസൃതികളുടെ രാജകുമാരനായിരുന്നു ജോസ്. ജോസിനെ മുന്നിൽ നിർത്തി ഞങ്ങൾ ഒരുമിച്ചു ചെയ്യുന്ന കുരുത്തക്കേടുകൾക്കെല്ലാം ശിക്ഷ കിട്ടിയിരുന്നത് ജോസിനാണ്. പിതാവ് ഒരു അദ്ധ്യാപകനായിരുന്നാൽ ശിക്ഷയുടെ കാര്യത്തിൽ ഇളവൊന്നുമുണ്ടായിരുന്നില്ല.

ജീവിതത്തിൽ ഒരിക്കൽ മാത്രമേ എന്റെ പിതാവ് എനിക്കൊരു തല്ല് തന്നിട്ടുള്ളൂ. അതും വെറുമൊരു തലോടലുപോലെ മാത്രമേ എനിക്കു തോന്നിയിട്ടുള്ളൂ. അത്ര തങ്കപ്പെട്ട സ്വഭാവമായിരുന്നു എന്റേത്. സത്യത്തിൽ സ്വഭാവമഹിമ കൊണ്ട് തങ്കപ്പൻ എന്നൊരു പേരായിരുന്നു എനിക്കു കൂടുതൽ യോജിച്ചത്.

ഞങ്ങളുടെ വീട്ടിലെ പോലീസ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്തിരുന്നതിനാൽ അമ്മയുടെ കൈയിൽ നിന്നും തരക്കേടില്ലാത്ത മർദ്ദനമുറകൾ ഏൽക്കേണ്ടി വന്നിട്ടുണ്ട്.

സത്യൻ, അംബിക, അടൂർഭാസി തുടങ്ങിയവർ അഭിനയിച്ച 'കളഞ്ഞുകിട്ടിയ തങ്കം' പത്തനംതിട്ട വേണുഗോപാൽ ടാക്കീസിൽ നിറഞ്ഞ സദസ്സിൽ പ്രദർശനം തുടരുന്നു. ആ സിനിമയൊന്നു കാണുവാൻ അതിയായ മോഹം.

മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട്. വീട്ടുമുറ്റത്ത് ഉണങ്ങാനിട്ടിരുന്ന റബർഷീറ്റുകളിൽ മൂന്നെണ്ണം എടുത്ത് ജോസ് മുണ്ടിനിടയിൽ തിരുകി. എന്നെയും കൂട്ടി മണ്ണാരക്കുളഞ്ഞി കളിക്കലെ ജോഷ്വായുടെ റബർക്കടയിൽ പോയി മോഷണമുതൽ വിറ്റു കാശാക്കി. ഒന്നരയുടെ 'ചന്ദ്രിക' ബസിൽ കയറി പത്ത




നംതിട്ടയിലെത്തി.

'കൈനിറയെ വളയിട്ട പെണ്ണേ
കല്യാണ പ്രായമായ പെണ്ണേ...'

പത്തനംതിട്ട ടൗണിനെ പുളകമണിയിച്ചുകൊണ്ട് 'കളിയല്ല കല്യാണം'




എന്ന സിനിമയിലെ ഹിറ്റ്ഗാനം ഉച്ചഭാഷിണിയിൽക്കൂടി മുഴങ്ങുന്നു.

തറടിക്കറ്റെടുക്കുന്നത് ഒരു തറ പരിപാടി ആയതുകൊണ്ട്, അന്തസ്സിനു കോട്ടം തട്ടാതെ ചാരുബെഞ്ചിനാണ് ടിക്കറ്റ് എടുത്തത്.

സിനിമാ കണ്ടു കഴിഞ്ഞപ്പോൾ, അക്കാലത്ത് പത്തനംതിട്ടയിൽ പുതുതായി തുടങ്ങിയ 'എവർ ഗ്രീൻ' ഹോട്ടലിലേക്ക് പോയി. അവിടുത്തെ പൊറോട്ട-മട്ടൻ ചാപ്സ് വളരെ പ്രശസ്തി നേടിയ ഒരു ഐറ്റമായിരുന്നു. രണ്ടു പേർക്കും കൂടി അഞ്ചു രൂപയിൽ താഴെ മാത്രമേ ബില്ലു വന്നുള്ളൂ.

പത്തനംതിട്ടയിൽ ബില്ലെഴുതി കൊടുക്കുന്ന ആദ്യത്തെ ഹോട്ടലായിരുന്നു എവർ ഗ്രീൻ.

അതുവരെ 'മുന്നേ വരുന്ന കഷണ്ടി പറ്റ് ഒരു രൂപ, പിറകേ വരുന്ന മീശ അൻപതു പൈസ' എന്ന രീതിയാണ് തുടർന്നു പോന്നത്.

രുചികരമായ ഭക്ഷണം കഴിച്ചു കഴിയുമ്പോൾ അതിനു മേമ്പൊടിയായി ഒരു സിഗരറ്റുകൂടി വലിക്കണമല്ലോ. എവർ ഗ്രീനിൽ മാത്രം കിട്ടുന്ന ഓരോ 'പ്ലെയേഴ്സ്' സിഗരറ്റുകൂടി വാങ്ങി. നല്ല വിലയുള്ള ആ സിഗരറ്റിന്റെ പുകയ്ക്ക് നല്ല സുഗന്ധമാണ്. അതും നീട്ടി വലിച്ച്, വീട്ടിലെത്തിയാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചൊന്നും ആലോചിക്കാതെ, വെട്ടിപ്രം വഴി നടന്നു വീട്ടിലെത്തി.

പുളിക്കലെ ഉണ്ണിച്ചായന്റെ കടയുടെ ഇരുളിന്റെ മറവിൽ ഒളിച്ചിരുന്ന് ബീഡി വലിച്ച് രസിച്ചതും ഞാനും ജോസും ഒരുമിച്ചാണ്.

പിന്നീട് പ്രായം ഒരുപടി കൂടി കടന്നപ്പോൾ, കൊച്ചുവീട്ടിലെ കുഞ്ഞുമോന്റെ മാടക്കടയിൽ തട്ടിനിടയിൽ ഒളിപ്പിച്ചു വെച്ചു കച്ചവടം നടത്തുന്ന ഒരോ



ലേഖകൻ

പൊടികുപ്പി (ചാരായം) അകത്താക്കിയതും ഓർമ്മയിൽ തികട്ടി വരുന്നു.

"പിള്ളേരേ അച്ചായൻ അറിയരുതേ. വീട്ടിൽ കയറുന്നതിനു മുൻപ് കുറച്ചു മാവില വായിലിട്ടു ചവച്ചോണേ!" കുട്ടികളെ നേർവഴിക്കു നടത്തുന്ന നല്ലവനായ കുഞ്ഞുമോന്റെ ഉപദേശം.

കുഞ്ഞൂഞ്ഞ് പണിക്കന്റെ നീല പെയിന്റടിച്ച ആശാൻ വണ്ടിയിലാണ് ഞാനും ജോസും സൈക്കിൾ കയറ്റം അഭ്യസിച്ചത്.

വീട്ടുകാർ ഉറങ്ങിയതിനുശേഷം ജോസിന്റെ ധൈര്യത്തിൽ അമ്പലപ്പരിപാടികൾക്കു പോകുന്ന പരിപാടിയും വല്ലപ്പോഴും ഉണ്ടായിരുന്നു.

സിനിമ, പന്തുകളി, സൈക്കിൾകയറ്റം, കലാപരിപാടികൾ തുടങ്ങിയ ഒരു പരിപാടിക്കും നേരായ മാർഗ്ഗത്തിൽക്കൂടി പോകുവാൻ അക്കാലത്ത് വീട്ടിൽനിന്നും അനുവാദം കിട്ടുകയില്ല.

(ശേഷം 30–ാം പേജിൽ)

# നൈനാ പുതിയ സാരഥികളിലേക്ക്

പോൾ ഡി. പനയ്ക്കൽ

ചിക്കാഗോ: അമേരിക്കയിലെ ഇന്ത്യൻ വംശജരായ നേഴ്സുമാരുടെ ദേശീയ സംഘടനയായ നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഓഫ് അമേരിക്കയ്ക്ക് (നൈന) പുതിയ ഭരണസമിതി. രണ്ടുവർഷ കാലാവധി പിന്നിട്ട പ്രസിഡണ്ട് സുജ



ഉമാ മഹേശ്വരി വേണുഗോപാൽ (പ്രസിഡണ്ട്, ഡാളസ്)



താരാ ഷാജൻ (വൈസ് പ്രസിഡണ്ട്, ന്യൂയോർക്ക്)



ലിഫി ചെറിയാൻ (എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, ഡാളസ്)



ഡോ. മുനിറ വെൽസ് (സെക്രട്ടറി, ന്യൂജേഴ്സി)



ഡോ. ഷീല സാജൻ (ട്രഷറർ, സൗത്ത് കരോലിന)

തോമസിന്റെ നേതൃത്വത്തിലുള്ള ടീം പുതിയ സാരഥികൾക്ക് ഉത്തരവാദിത്വം കൈമാറും.

ഉമാ മഹേശ്വരി വേണുഗോപാൽ (പ്രസിഡണ്ട്), ലിഫി ചെറിയാൻ (എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്), താരാ ഷാജൻ (വൈസ് പ്രസിഡണ്ട്), ഡോ. മുനിറവെൽസ് (സെക്രട്ടറി), ഡോ. ഷീല സാജൻ (ട്രഷറർ) എന്നിവർ എക്സിക്യൂട്ടീവ് ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ബിനു ഷാജിമോൻ (എപിആർഎൻ), ഉഷാ ചെറിയാൻ (അഡ്വക്കസി ആൻഡ് പോളിസി), മായാ ജോസഫ് (അവാർഡ് ആൻഡ് സ്കോളർഷിപ്സ്), സിബി വർഗീസ് (ബൈലോസ്), രാജിത ബൊമ്മകാന്തി (കമ്യൂണിക്കേഷൻസ്) നിഷ മാത്യൂസ് (എഡിറ്റോറിയൽ), എലിസബത്ത് സാം (ഇലക്ഷൻസ്), സാറാമ്മ ഐപ് (ഫണ്ട് റെയ്സിങ്), ലൈസി അലക്സ് (മെംബർഷിപ്), വിൻസിയ പാണ്ഡ്യൻ (റിസേർച്ച് ആൻഡ് ഗ്രാന്റ്സ്) എന്നിവർ കമ്മിറ്റി ചെയർപേഴ്സൺസായി പ്രവർത്തിക്കും.

മുൻ പ്രസിഡണ്ടുമാരായ സുജ തോമസ്, ഡോ. ലിഡിയ ആൽബുക്കർക്കി, ഡോ. ജാക്കി മൈക്കിൾ, സാറ ഗബ്രിയേൽ, ഡോ. സോളിമോൾ കുരുവിള, ഡോ. ഓമന സൈമൺ എന്നിവരാണ് അഡ്വൈസറി ബോർഡിൽ.

അമേരിക്കയിൽ നേഴ്സിങ് പ്രാക്ടീസിലും ആരോഗ്യരംഗത്തും ഉള്ള ഇന്ത്യൻ വംശജരായ നേഴ്സുമാരെയും നേഴ്സിങ് വിദ്യാർത്ഥികളെയും ഒരു സംഘടനയ്ക്കുള്ളിൽ കൊണ്ടുവന്ന് വിവിധ ശ്രമങ്ങളിലൂടെ മികവുറ്റ ഒരു നേഴ്സിങ് സമൂഹത്തെ പടുത്തുയർത്തുകയെന്ന അടിസ്ഥാന ദർശനത്തോടെ സ്ഥാപിതമായ നൈനയ്ക്ക് ദേശവ്യാപകമായി ഇരുപത്തിയൊന്ന് ചാപ്റ്ററുകളാണുള്ളത്.

ഉന്നത വിദ്യാഭ്യാസം, ഉയർന്ന നിലവാരം, പ്രൊഫഷണലിസത്തിലെ മികവ്, അഡ്വക്കസി എന്നിവയിലൂടെ നേഴ്സിങ്ങിന്റെ സ്വാധീനം വർദ്ധിപ്പിച്ച് ആരോഗ്യത്തിന്റെ മേന്മയ്ക്കായി സംഭാവന ചെയ്യുക എന്ന ലക്ഷ്യം വെക്കുന്ന നൈന വൈസ് പ്രസിഡണ്ട് കമലാ ഹാരിസ്,

(ശേഷം 30–ാം പേജിൽ)

# ഡാളസ് ക്നാനായ കാത്തലിക് അസോസിയേഷന്റെ പുതിയ നേതൃത്വം അധികാരമേറ്റു

ഡാളസ്: ക്നാനായ കാതലിക് അസോസിയേഷൻ ഓഫ് ഡാളസ് ഫോർട്ട്വർത്തിന്റെ അടുത്ത രണ്ടു വർഷത്തേക്കുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഡിസംബർ 31-ലെ പുതുവത്സരാഘോഷത്തിൽ സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു. പ്രസിഡണ്ട്



ബൈജു ആലപ്പാട്ട്, വൈസ് പ്രസിഡണ്ട് ജോബി പഴുക്കായിൽ, സെക്രട്ടറി ബിനോയി പുത്തൻമഠത്തിൽ, ജോയിന്റ് സെക്രട്ടറി അജീഷ് മുളവിനാൽ, ട്രഷറർ ഷോൺ ഏലൂർ എന്നിവരാണ് ബോർഡ് ഡയറക്ടേഴ്സ്. ഇവരെ കൂടാതെ ഒൻപത് നാഷണൽ കൗൺസിൽ അംഗങ്ങളും സബ് ഓർഗനൈസേഷൻ പ്രസിഡണ്ടുമാരും ഉൾപ്പെടെ 17 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റി അധികാരമേറ്റു.

അഡ്വൈസറി കൗൺസിൽ ചെയർപേഴ്സണും മുൻ പ്രസിഡണ്ടുമായ ടെറി വളച്ചേരിയിൽ സത്യപ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു. ഇലക്ഷൻ ബോർഡ് അംഗങ്ങളും കെസിഎഡിഎഫ്ഡബ്ല്യുയുടെ മുൻ പ്രസിഡണ്ടുമാരായ ഡെന്നീസ് നടക്കുഴക്കൽ, സുജിത്ത് ചേന്നങ്ങാട്ട് എന്നിവരാണ് പുതിയ ടീമിനെ പരിചയപ്പെടുത്തിയത്. അഡ്വൈസറി കൗൺസിൽ അംഗങ്ങളായ ബിനു വണ്ടന്നൂർ, ജോൺസ് ചോരത്ത് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ലിബി എരിക്കാട്ടുപറമ്പിലിന്റെ



നേതൃത്വത്തിലുള്ള പുതിയ വിമൻസ് ഫോറം ടീമും സത്യപ്രതിജ്ഞ ചെയ്തു. സ്ഥാനമൊഴിയുന്ന വിമൻസ് ഫോറം പ്രസിഡണ്ട് പ്രിയ കാരക്കാട്ടിൽ സത്യവാചകം ചൊല്ലിക്കൊടുത്തു.

ന്യൂ ഇയർ ആഘോഷ ചടങ്ങിൽ KCADFW പ്രസിഡണ്ട് വിനീത് കടുതോടിയലിന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന യോഗത്തിൽ ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക വികാരി റവ. ഫാ. അബ്രഹാം കളരിക്കൽ ന്യൂ ഇയർ സന്ദേശം നൽകി. സ്ഥാനം ഒഴിയുന്ന ഭരണസമിതിയുടെ മികച്ച പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും സ്ഥാനമേൽക്കുന്ന ഭരണസമിതിക്കു എല്ലാ ആശംസകളും അദ്ദേഹം നേർന്നു. കുറേയേറെ നല്ല കാര്യങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ ചെയ്യുവാൻ സാധിച്ചതിൽ അഭിമാനിക്കുന്നുവെന്നും എല്ലാ പിന്തുണയും സഹകരണവും നൽകിയ എക്സിക്യൂട്ടീവ് കമ്മിറ്റിക്കും KCADFW കമ്മ്യൂണിറ്റിക്കും പ്രസിഡണ്ട് വിനീത് കടുതോടിയൽ നന്ദി പറഞ്ഞു. സെക്രട്ടറി ജിസ് കളപ്പുരയിൽ എംസി ആയിരുന്നു.







500-ലേറെ ക്നാനായ കത്തോലിക്ക അംഗങ്ങൾ നിവസിക്കുന്ന ഡാളസ് ഫോർട്ട്വർത്തു മെട്രോപ്ലെസിൽ KC-ADFW, 1990-ൽ ആണ് സ്ഥാപിതമായത്. KCADFW-വിന്റെ 21-ാമത് പ്രസിഡണ്ടായാണ് ബൈജു ആലപ്പാട്ട് സ്ഥാനമേറ്റത്. സ്ഥാനമൊഴിയുന്ന ഭരണസമിതിയുടെ മികച്ച പ്രവർത്തനങ്ങൾക്കും തന്നിൽ വിശ്വാസം അർപ്പിച്ച എല്ലാ ഇലക്ഷൻ ബോർഡിനും മറ്റു ടീമംഗങ്ങൾക്കും ബൈജു ആലപ്പാട്ട് നന്ദി അർപ്പിച്ചു. തുറന്ന മനസ്സോടെയാണ് തങ്ങൾ നേതൃത്വം ഏറ്റെടുക്കുന്നതെന്നും DFW-ലുള്ള എല്ലാ ക്നാനായ കുടുംബങ്ങളെയും KCADFW-ന്റെ അംഗങ്ങളാക്കുക എന്നതാണ് തങ്ങളുടെ പ്രാഥമിക ലക്ഷ്യം എന്നും കമ്മ്യൂണിറ്റി സെന്റർ റീ മോഡൽ പ്രൊജക്റ്റ് എത്രയുംവേഗം പൂർത്തിയാക്കുവാൻ എല്ലാ പിന്തുണയും സഹകരണവും നൽകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. വൈസ് പ്രസിഡണ്ട് ജ്യോതിഷ് കണ്ടത്തിൽ നന്ദി അറിയിച്ചു. വിവിധ കലാപരിപാടികളും ഡിജെയുമായി പുതുവത്സരാഘോഷം സമാപിച്ചു.

# IOCUSA CONDOLES DR. MANMOHAN SINGH’S DEATH

New York: The Indian Overseas Congress, USA, held a prayer vigil at Gurdwara Guru Nanak Darbar in Hicksville, New York, to condole Dr. Manmohan Singh's passing. One after another, the speakers lauded his contributions and praised his stewardship on behalf of the people of India.

George Abraham, Vice-Chair of the IOCUSA, spoke about his humanity and how his personal attributes have influenced a nation. "He was a man of humility despite his long resume and outstanding accomplishments at the behest of the ordinary people with whom he identified himself. He conducted himself with the highest level of integrity and honesty that was a hallmark of his life as well," added Mr. Abraham

Mohinder Singh Gilzian, President of IOCUSA, spoke glowingly of Dr. Singh's dedication to the Progress and welfare of the nation. He added, "His leadership shaped India into a global powerhouse, and his contributions to the welfare of the people will never be forgotten. His legacy of inclusive growth, bold economic reforms, and his commitment to the constitution and its values will forever remain an inspiration for all of us", Mr. Glzian added.

Joshua Jaysingh, Treasurer of IOCUSA, lauded his leadership, which will continue to be a beacon of hope for marginalized and minority communities, reflecting his unwavering commitment to justice, equality, and inclusive growth.





Leela Maret, a senior leader of IOCUSA remembered Dr. Singh’s unwavering dedication to public service and added that he will be greatly missed.

Balbeer Singh Pahwa, the President of the Gurudwara Guru Nanak Darbar at Hicksville emceed the event. "Manmohan ji has brought India from the brink of bankruptcy with the country's foreign currency reserves at a dangerously low level, barely enough to pay for two weeks of imports. He made bold measures to change the nation's trajectory, and his name in the history book will be written in golden letters," Mr. Pahwa said.

Several leaders of the IOC-USA and the community spoke, including Dave Randhawa, Leela Maret, Amer Singh Gulshan, Sharat Chandra Vemuganti, and Sukhjinder Singh Badesha.

# ഇൻസ്പെക്ടർ സ്ഥാനം നേടിയ ഷിബു മധുവിന് ഫോമായുടെ ആശംസകൾ

എ.എസ്. ശ്രീകുമാർ

ന്യൂയോർക്ക്: ന്യൂയോർക്ക് പോലീസിൽ ഇൻസ്പെക്ടർ സ്ഥാനം ലഭിച്ച മലയാളി, ക്യാപ്റ്റൻ ഷിബു മധുവിന് ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി ആശംസകൾ നേർന്നു. 2007 മുതൽ ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിൽ സേവനമനുഷ്ഠിക്കുന്ന ആലപ്പുഴക്കാരൻ ക്യാപ്റ്റൻ ഷിബു മധുവാണ് ഈ അപൂർവ നേട്ടത്തിനുടമ. ആലപ്പുഴ ജില്ലയിൽ ചെന്നിത്തല ചെറുകോൽ വെന്നിയിൽ കുടുംബത്തിലെ മധു, ലത ദമ്പതികളുടെ മൂത്ത മകനാണ് ഷിബു മധു.





"In recognition of your dedication, superior achievement and outstanding service to the New York City Police Department and to the city of New York as witnessed by your promotion to Inspector..." പോലീസ് കമ്മീഷണർ ഒപ്പുവെച്ച പ്രൊമോഷൻ സർട്ടിഫിക്കറ്റിൽ ഇപ്രകാരം വിശേഷിപ്പിക്കുന്നു.

ഒരു യഥാർത്ഥ നിയമപാലകൻ മുഖംനോക്കാതെ കൃത്യനിർവഹണം നടത്തുന്ന വ്യക്തിയായിരിക്കും. നിതാന്ത ജാഗ്രത പുലർത്തുന്ന അവർ സ്വന്തം ജീവൻ പണയപ്പെടുത്തിയാണ് ക്രമസമാധാനം പാലിക്കുന്നത്. അത്തരത്തിൽ തനിക്ക് ചുറ്റുപാടുമുള്ളവരെ ഹൃദയത്തോട് ചേർത്ത് സംരക്ഷിക്കുന്ന ഒരു യഥാർത്ഥ പോലീസ് ഉദ്യോഗസ്ഥനാണ് ക്യാപ്റ്റൻ ഷിബു മധുവെന്ന് ഫോമ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അഭിപ്രായപ്പെട്ടു.

പതിമൂന്ന് വയസുള്ളപ്പോൾ 1999-ലാണ് ചെന്നൈയിൽ ടി നഗറിൽ താമസിച്ചിരുന്ന മധുവും കുടുംബവും അമേരിക്കയിൽ എത്തിയത്. വൈക്കം സത്യഗ്രഹത്തിൽ ആദ്യം അറസ്റ്റിലായ വെന്നിയിൽ ഗോവിന്ദ പണിക്കരുടെ കൊച്ചുമകനാണ് ഷിബുവിന്റെ പിതാവ് മധു. ന്യൂയോർക്കിലെ ലോങ് ഐലന്റിലുള്ള വില്യം കല്ലെൻ ബ്രയന്ത് ഹൈസ്കൂൾ, പെൻസിൽവേനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റി, ആസ്പെൻ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠനം നടത്തിയ ക്യാപ്റ്റൻ ഷിബു, ക്രിമിനൽ ജസ്റ്റീസിൽ ബാച്ചിലർ ഓഫ് സയൻസ് ഡിഗ്രി കരസ്ഥമാക്കിയിട്ടുണ്ട്.

ബ്രൂക്ക്ലിനിലെ 79 പ്രിസിങ്റ്റിൽ (ബെഡ്ഫോർഡ് സ്റ്റൈവെസന്റ്) ആണ് ഷിബു മധു തന്റെ ഔദ്യോഗിക ജീവിതത്തിന് തുടക്കം കുറിക്കുന്നത്. 2013 ഒക്ടോബർ വരെ മിഡ് നൈറ്റ് പട്രോൾ ഓഫീസറായി പ്രവർത്തിച്ച ഷിബുവിന് ക്വീൻസിലെ ജാക്സൺ ഹൈറ്റ്സിലുള്ള 115 പ്രിസിങ്റ്റിലെ 4:12 സാർജന്റായി പ്രമോഷൻ ലഭിച്ചു. തുടർന്ന് സ്വമേധയാ നേടിയ ട്രാൻസ്ഫറിൽ ബ്രൂക്ലിൻ ഉൾപ്പെടുന്ന ഈസ്റ്റ് ന്യൂയോർക്കിലെ 75 പ്രിസിങ്റ്റിൽ ടാർജറ്റ് സാർജന്റായി 2015 മാർച്ച് മുതൽ 2016 ഓഗസ്റ്റ് വരെ ജോലി ചെയ്തു.

പിന്നീട് ലഫ്റ്റനന്റായി ബ്രൂക്ക്ലിനിലെ 81 പ്രിസിങ്റ്റിൽ (ബെഡ്ഫോർഡ് സ്റ്റൈവെസന്റ്) നിയമനം. 2018 ഓഗസ്റ്റ് വരെ അവിടെ സ്പെഷൽ ഓപ്പറേഷൻസ് ലഫ്റ്റനന്റായി തുടർന്നു. തുടർന്ന് ക്യാപ്റ്റനായി ജോലിക്കയറ്റം കിട്ടിയ ഷിബു മധു ഈ റാങ്ക് കരസ്ഥമാക്കുന്ന നാലാമത്തെ ഇന്ത്യക്കാരനായി. ഈസ്റ്റ് ന്യൂയോർക്ക്-ബ്രോൺസ്വിൽ പരിധിയിലുള്ള ബ്രൂക്ക്ലിനിലെ



(ശേഷം 30-ാം പേജിൽ)

## ഡോ. മൻമോഹൻ സിങ്ങിന്റെ നിര്യാണത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് അനുശോചിച്ചു



ചിക്കാഗോ: ഇന്ത്യയിൽ സാമ്പത്തിക ഉദാരവത്കരണത്തിനു വാതിൽ തുറന്ന ധനകാര്യ വിദഗ്ദ്ധനും മുൻ പ്രധാനമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ഡോ. മൻമോഹൻ സിങ്ങിന്റെ നിര്യാണത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യുഎസ്എ കേരളാ ഘടകം അനുശോചനം അറിയിച്ചു.

പ്രസിഡണ്ട് സതീശൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുശോചന യോഗത്തിൽ ഐ.ഒ.സി ഭാരവാഹികളും അനുഭാവികളും പങ്കെടുത്തു. നരസിംഹറാവു സർക്കാരിൽ ധനമന്ത്രിയായിരുന്ന മൻമോഹൻ സിങ് സാമ്പത്തിക ഉദാരവത്കരണം, സ്വകാര്യവത്കരണം തുടങ്ങിയ പരിഷ്കാരങ്ങളിലൂടെ രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ തന്നെ മാറ്റിമറിച്ചെന്ന് പ്രസിഡണ്ട് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ എടുത്തുപറഞ്ഞു.

സാമ്പത്തിക വിദഗ്ദ്ധനിൽ നിന്നും രാഷ്ട്രീയ നേതാവായുള്ള ഡോ. മൻമോഹൻ സിങ്ങിന്റെ വളർച്ചയും വഴിമാറ്റവും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ നാഴികക്കല്ലായിരുന്നുവെന്ന് ചെയർമാൻ തോമസ് മാത്യു പറഞ്ഞു.

കൂടാതെ തദവസരത്തിൽ മുൻ പ്രസിഡണ്ട് ലീലാ മാരേട്ട്, മറ്റു ഭാരവാഹികളും അനുഭാവികളുമായ ഡോ. ഈപ്പൻ ജേക്കബ്, ഉഷാ ജോർജ്, എം.വി. ജോർജ്, സന്തോഷ് കാപ്പിൽ, സതീഷ് നൈനാൻ, സജീവ്, ജോർജ്കുട്ടി, ജോഫി മാത്യു, ചെറിയാൻ കോശി, ഏലിയാസ് ജസ്റ്റിൻ ജേക്കബ്, ബാബു ചാക്കോ തുടങ്ങി നിരവധി പേർ അനുശോചനം അറിയിച്ചു. ചടങ്ങിൽ ജനറൽ സെക്രട്ടറി സജി കരിമ്പന്നൂർ യോഗനടപടികൾ ക്രമീകരിക്കുകയും ഏവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

### വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 85.82 |
| യൂറോ | 88.80 |
| സ്റ്റെർലിംഗ്പൗണ്ട് | 107.04 |
| സ്വിസ് ഫ്രാങ്ക് | 94.72 |
| സിംഗപ്പൂർ ഡോളർ | 62.78 |
| കനേഡിയൻ ഡോളർ | 59.69 |
| ഒമാൻ റിയാൽ | 222.91 |
| ബഹ്റൈൻ ദിനാർ | 227.68 |
| സൗദി റിയാൽ | 22.85 |
| യു.എ.ഇ. ദിർഹം | 23.36 |
| കുവൈത്ത് ദിനാർ | 278.21 |



# ഹൂസ്റ്റണിൽ ഭക്തിനിർഭരമായ മദ്ബഹ വെഞ്ചരിപ്പ്



ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിലെ പുതുക്കി നിർമ്മിച്ച മദ്ബഹായുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കപ്പെട്ടു. വികാരി ഫാ. അബ്രാഹം മുത്തോലത്ത് ഡിസംബർ 24-ന് പാതിരാ കുർബാനയ്ക്കു മുമ്പായി നടന്ന ചടങ്ങിൽ വെച്ച് ആശീർവാദകർമ്മം നിർവഹിച്ചു.



അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ സഹകാർമ്മികനായിരുന്നു. പുതുതായി നിർമ്മിക്കപ്പെട്ട മദ്ബഹയും അൾത്താരയും അതിമനോഹരവും വർണ്ണാഭവുമായിരുന്നു. ഭക്തിസാന്ദ്രമായി വെഞ്ചരിപ്പു കർമ്മത്തിൽ ദേവാലയം തിങ്ങിനിറഞ്ഞ് ഇടവകാംഗങ്ങളുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

മനോഹരമായ മദ്ബഹ നിർമ്മാണത്തിന് കൈക്കാരന്മാരായ ജായിച്ചൻ തയ്യിൽ പുത്തൻപുരയിൽ, ഷാജുമോൻ മുകളേൽ, ബാബു പറയംകാലയിൽ, ജോപ്പൻ പൂവപ്പാടത്ത്, പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ സജീവസാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു.

അജി വർഗീസ് ശങ്കരമംഗലം, നെൽസൺ ഗോമസ്, ബിജി കണ്ടോത്ത്, ജെയിംസ് കുന്നാംപടവിൽ, സ്റ്റീവ് കുന്നാംപടവിൽ (വോൾഗ ഗ്രൂപ്പ് എൽഎൽസി), ബിബി തെക്കനാട്ട് എന്നിവരാണ് നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്. ഇവർക്ക് ചടങ്ങിൽവെച്ച് ഫാ. അബ്രാഹം മുത്തോലത്ത് പാരിതോഷികങ്ങൾ സമ്മാനിച്ചു. ഈ പ്രോജക്ടിന് പിന്തുണയും സാമ്പത്തിക സഹായവും നല്കിയ എല്ലാവരെയും ഫാ. മുത്തോലത്ത് പ്രസംഗമദ്ധ്യേ സ്മരിക്കുകയും എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.

# ഇഷാൻ ഷൗക്കത്ത്: 'മാർക്കോ'വിലൂടെ ഒരു പ്രതിഭയുടെ അരങ്ങേറ്റം

സണ്ണി മാളിയേക്കൽ

ഇന്ത്യാന: ഈ വർഷത്തെ ഏറ്റവും വലിയ ഹിറ്റുകളിലൊന്നായ ഹനീഫ് അദെനി സംവിധാനം ചെയ്ത ഉണ്ണിമുകുന്ദൻ ടൈറ്റിൽ റോളിൽ അഭിനയിച്ച മലയാളം പാൻ ഇന്ത്യൻ ബ്ലോക്ക് ബസ്റ്റർ മാർക്കോ ലോകത്തെ മുഴുവൻ ചലച്ചിത്ര പ്രേമികളുടെയും മനസ്സിൽ ഒരു കൊടുങ്കാറ്റായി മാറിയിരിക്കുകയാണ്. ഷെരീഫ് മുഹമ്മദ് നിർമ്മിച്ച ഈ ചിത്രം ബോക്സ് ഓഫീസ് തകർത്തുകൊണ്ട് മുന്നേറുന്നു. കഥാഗതിയിലെ വ്യത്യസ്തത, ശക്തമായ പ്രകടനങ്ങൾ, കഥാപാത്രങ്ങളുടെ സങ്കീർണ്ണമായ മാനസികാവസ്ഥകൾ എന്നിവ ഈ ചിത്രത്തിന്റെ വിജയത്തിൽ നിർണായക പങ്കു വഹിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രകടനം സിനിമയുടെ വിജയത്തിൽ വേറിട്ട് നിൽക്കുന്നു.



ഉണ്ണിമുകുന്ദൻ അവതരിപ്പിച്ച മാർക്കോയുടെ അന്ധനായ സഹോദരൻ വിക്ടർ ആയാണ് ഇഷാൻ ഷൗക്കത്ത് എത്തുന്നത്. അന്ധകഥാപാത്രത്തെ അവതരിപ്പിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ, പരിചയ സമ്പന്നനായ ഒരു നടനെപ്പോലെ ഇഷാൻ ഷൗക്കത്ത് തന്റെ കഥാപാത്രത്തിന് ആഴവും ആധികാരികതയും കൊണ്ടുവരുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മമായ പ്രകടനം വ്യാപകമായി പ്രശംസ നേടിക്കൊണ്ടിരിക്കുകയാണ്. കണ്ണിലൂടെയും ശരീരഭാഷയിലൂടെയും വിക്ടർ എന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥകൾ കൃത്യമായി പ്രേക്ഷകരിലെത്തിക്കാൻ ഇഷാന് കഴിഞ്ഞു. സ്വാഭാവികമായ സംഭാഷണം ഏവരുടെയും ഹൃദയം കവർന്നിരിക്കുകയാണ്. ഒരു അരങ്ങേറ്റക്കാരന്റെ പരാധീനതകളില്ലാത്ത പ്രകടനമാണ് ഇഷാൻ നടത്തിയത്. അല്പം പാളിയിരുന്നെങ്കിൽ അപകടസാദ്ധ്യത ഉണ്ടായിരുന്ന കഥാപാത്ര നിർമ്മിതി ഇഷാന്റെ കൈകളിൽ ഭദ്രമായി. പരിചയസമ്പന്നരായ അഭിനേതാക്കളുടേതുപോലെ അത്രമേൽ തീക്ഷ്ണമായാണ് ഇഷാൻ ഈ വേഷം കൈകാര്യം ചെയ്തിരിക്കുന്നത്. ഉണ്ണിമുകുന്ദനുമായുള്ള ഇഷാന്റെ രംഗങ്ങൾ, പ്രത്യേകിച്ച് അവർക്കിടയിലെ വൈകാരിക കൈമാറ്റങ്ങൾ സിനിമയുടെ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന നിമിഷങ്ങളായി മാറി. ഇഷാനെ വ്യത്യസ്തനാക്കുന്നത് കഥാപാത്രത്തിന്റെ ആന്തരീകലോകത്തിന്റെ പ്രത്യേകതയാണ്. വിക്ടർ സ്വന്തം അന്ധതയുടെ സങ്കീർണ്ണതകളെ അവിശ്വസനീയമായ സംവേദനക്ഷമതയോടെ മുന്നോട്ടു കൊണ്ടുപോകുമ്പോൾ റിയലിസത്തിന്റെ മറ്റൊരു തലം ഇന്ത്യൻ പ്രേക്ഷകർക്ക് മുന്നിൽ കാഴ്ചവെക്കുന്നു.

മാർക്കോ കഥപറച്ചിലിലെത്തന്നെ ഒരു മാസ്റ്റർ സ്ട്രോക്ക് ആണ്. ആഖ്യാന വൈവിധ്യങ്ങൾക്കു പേരുകേട്ട ഹനീഫ് അദെനി ആഴത്തിലുള്ള വൈകാരിക തലങ്ങൾ സൃഷ്ടിച്ചു പ്രേക്ഷകരിൽ ഭീതി ധ്വനിക്കുന്ന ഒരു കഥ വീണ്ടും രൂപമെടുത്ത് ഇതിൽ വിജയിച്ചു. തന്റെ കുടുംബത്തെ സംരക്ഷിക്കുന്നതിനും നീതി പിന്തുടരുന്നതിനുമായി പ്രതിബന്ധങ്ങൾക്കെതിരെ പോരാടുന്ന മാർക്കോയുടെ സ്വയം കണ്ടെത്തലിന്റെയും ആക്രമണസ്വഭാവമുള്ള പ്രതിരോധത്തിന്റെയും യാത്രയാണ് സിനിമ.

(ശേഷം 28-ാം പേജിൽ)



# എ പെർഫെക്ട് ജെന്റിൽമാൻ

**ബിനോയി തോമസ്**

**2005** ജൂലൈ മാസം, പ്രസിഡണ്ട് ജോർജ് ബുഷ് ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെ ബഹുമാനാർത്ഥം നടത്തിയ സ്റ്റേറ്റ് ഡിന്നറിൽ മൻമോഹൻ സിങ്ങിനെക്കുറിച്ച് പറഞ്ഞ വാക്കുകളാണ് 'എ പെർഫെക്ട് ജെന്റിൽമാൻ.' ആ അഭിസംബോധന അക്ഷരാർത്ഥത്തിൽ ശരിയുമായിരുന്നു. ഡിസംബർ 26-ന് അന്തരിച്ച അദ്ദേഹത്തെക്കുറിച്ച് അങ്ങനെയല്ലാതെ മറ്റൊന്നും ആർക്കും ചിന്തിക്കാനാവില്ലല്ലോ. ഞാൻ ആദ്യമായി മൻമോഹനെ കാണുന്നതും 2005-ലാണ്. അന്ന്, ഭാര്യ ഗുർഷരൻ കൗറുമായി മേരിലാന്റിലെ ആൻഡ്രൂസ് എയർഫോഴ്സ് ബേസിൽ എയർ ഇന്ത്യ വിമാനത്തിൽ വന്നിറങ്ങിയ അദ്ദേഹത്തെ സ്വീകരിക്കാൻ പോകാൻ എനിക്കായി. വാഷിങ്ടൺ പോസ്റ്റ് വിവരിച്ചപോലെ മൃതഭാഷി, ചെറിയമുഖത്ത് പകുതി മറയ്ക്കുന്ന കണ്ണട, നീല തലക്കെട്ട് ആകപ്പാടെ ഒരു അദ്ധ്യാപകന്റെ രൂപം. വാഷിങ്ടൺ പോസ്റ്റ് പറഞ്ഞതും ശരിയായിരുന്നു. ഒരു അക്കാദമിക് ലുക്ക് ആയിരുന്നു എന്നും അദ്ദേഹത്തിന്.

അല്പം അതിശയോക്തിയോടു കൂടി-ഒരു രാജ്യത്തിന് കെട്ട്താലി ഉണ്ടെന്നു സങ്കല്പിക്കുക. ആ കെട്ട്താലി പോലും പണയം വെക്കേണ്ടിവന്ന രാജ്യമായിരുന്നു 80-കളിലെയും 90-കളിലെയും ഇന്ത്യ. കടുത്ത സാമ്പത്തിക പ്രതിസന്ധിയും പട്ടിണിയും ദാരിദ്ര്യവും നിറഞ്ഞ ഇന്ത്യയിലെ 888 കോടി (1991-ലെ ജനസംഖ്യ) ജനതയുടെ സമഗ്ര വികസനത്തിന് രാഷ്ട്രീയക്കാരനല്ലാത്ത, ഒരു ടെക്നോക്രാറ്റ് ധനകാര്യമന്ത്രിയായി വരണമെന്ന് 1991-ൽ പ്രധാനമന്ത്രിയായ പി.വി. നരസിംഹറാവു ആഗ്രഹിച്ചു. മലയാളിയായ പ്രിൻസിപ്പൽ സെക്രട്ടറി പി.സി. അലക്സാണ്ടറാണ് നരസിംഹറാവുവിനോട്, മൻമോഹൻ സിങ്ങിനെ നിർദ്ദേശിച്ചത്. കേംബ്രിഡ്ജിലും ഓക്സ്ഫോർഡിലും പഠിച്ച, റിസർവ് ബാങ്ക് ഗവർണറായിരുന്ന മൻമോഹൻ എന്ന സാമ്പത്തിക വിദഗ്ദ്ധൻ ധനകാര്യ മന്ത്രിയാകാൻ തികച്ചും യോഗ്യനായിരുന്നു. പിന്നീട് ഇന്ത്യ കണ്ടതെല്ലാം ചരിത്രം.

പ്രശസ്ത ഫ്രഞ്ച് കവിയും നോവലിസ്റ്റും പിന്നീട് രാഷ്ട്രീയക്കാരനും ആയ വിക്ടർ ഹ്യൂഗോയുടെ പ്രശസ്തമായ ഒരു വാചകം ഉണ്ട്: 'No Power on Earth can stop an idea whose time has come'. ഇതിന്റെ മലയാളം തർജ്ജമ ശരിയായ സമയത്തുണ്ടാകുന്ന ഒരാശയത്തെ തടയാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയില്ല എന്നതാണ്. വിക്ടർ ഹ്യൂഗോയുടെ വാക്കുകൾ കടമെടുത്തുകൊണ്ട് 1991-ൽ മൻമോഹൻ തന്റെ ആദ്യബജറ്റ് അവതരിപ്പിച്ചപ്പോൾ, അതുവരെ സോഷ്യലിസ മാർഗ്ഗത്തിൽ സഞ്ചരിച്ചിരുന്ന ഇന്ത്യക്ക് പുതുമയായിരുന്നു. സ്വകാര്യവത്കരണം, ഉദാരവത്കരണം, ആഗോളവത്കരണം ഇതെല്ലാം ഇന്ത്യക്കാർക്ക് പുതുമയുള്ള വാക്കുകളായി. പെർമിറ്റ് രാജും ലൈസൻസ് രാജും ദൂരെയെറിഞ്ഞ്, പാർലമെന്റിനെ സാക്ഷിയാക്കി അന്ന് മൻമോഹൻ ലോകത്തോട് ഉറക്കെ പറഞ്ഞു: "ഒരു ആഗോള സാമ്പത്തിക ശക്തിയായി ഇന്ത്യ ഇനി കുതിച്ചുയരുമെന്ന്. അത്തരമൊരു ആശയമായ എനിക്കു തോന്നുന്നു-ലോകം മുഴുവനും ഇത് ഉച്ചത്തിലും വ്യക്തമായും കേൾക്കട്ടെ." കാലചക്രം തിരിഞ്ഞപ്പോൾ മൻമോഹൻ അന്നു പറഞ്ഞത് ശരിയായി. അദ്ദേഹത്തിന്റെ നയങ്ങൾ ഇന്ത്യയെ ഉയർത്തി. ഇന്ത്യ വിജയിച്ചു. ഇന്ത്യ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചു. 2014-ൽ നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ബിജെപി അധികാരത്തിൽ വന്നപ്പോഴും മൻമോഹൻ തുടങ്ങിവെച്ച നയങ്ങൾ അതേപടി തുടരുന്നുവെന്നതും ഇവിടെ ശ്രദ്ധേയം.



**ബിനോയ് തോമസ് മൻമോഹൻ സിങ്ങിനോടൊപ്പം:** സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും നിറപ്പകിട്ടാർന്ന ഒരു കാലഘട്ടമാണ് 2004-ൽ ഒരു ചരിത്രനിയോഗം പോലെ, ആക്സിഡന്റൽ പ്രധാനമന്ത്രിയായി ചുമതലയേറ്റശേഷം അടുത്ത പത്ത് വർഷങ്ങൾ. കശ്മീർ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം ഇന്ത്യയുടെ വളർച്ചയ്ക്ക് ആവശ്യമാണെന്ന് മൻമോഹൻ വിശ്വസിച്ചു. പാക്കിസ്ഥാൻ പ്രസിഡണ്ട് പർവേസ് മുഷാറഫുമായി തർക്കങ്ങൾ പരിഹരിക്കാൻ ചർച്ചകൾ ചൂടുപിടിക്കുമ്പോഴാണ് ഇന്ത്യയെ നടുക്കിയ 2008-ലെ മുംബൈ ആക്രമണം നടക്കുന്നത്. അന്ന് പാക് ഭീകരൻ തട്ടിയെടുത്തത് 166 വിലപ്പെട്ട ഇന്ത്യൻ ജീവനുകളാണ്. ഇന്ത്യ പാക്കിസ്ഥാനെ ആക്രമിച്ചേക്കും എന്ന് ലോകരാജ്യങ്ങൾ സംശയിച്ചിരുന്നുവെങ്കിലും മൻമോഹൻ സംയമനം പാലിച്ചു.

2001-ലെ ഭീകരാക്രമണത്തിനുശേഷം അഫ്ഗാനിസ്ഥാനിലെയും പാക്കിസ്ഥാനിലെയും തീവ്രവാദികൾക്ക് കടിഞ്ഞാണിടാൻ അമേരിക്ക കച്ചകെട്ടി ഇറങ്ങിയപ്പോൾ സ്വാഭാവികമായും രണ്ടു രാജ്യങ്ങളും സഹകരണ പങ്കാളികളായി. യുഎസ്-ഇന്ത്യ ബന്ധത്തിലെ ഏറ്റവും നിർണ്ണായകമായ ചുവടുവെപ്പുകളാണ് പിന്നീട് ലോകം കണ്ടത്. ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിന്റെ ആണിക്കല്ലായിരുന്നു 2005-ൽ ആരംഭിച്ച യുഎസ്-ഇന്ത്യ സിവിൽ ന്യൂക്ലിയർ കരാർ ചർച്ചകൾ. ഈ കരാർ ഇന്ത്യയിലെ പ്രതിപക്ഷ പാർട്ടികൾ പ്രത്യേകിച്ച് ഇടതുപക്ഷ പാർട്ടികൾ ശക്തമായി എതിർത്തിട്ടും അവർ കൊണ്ടുവന്ന അവിശ്വാസ പ്രമേയ വോട്ടിനെ അതിജീവിച്ചു മൻമോഹൻ ഉറച്ചു നിന്നു. ദുർബലനെന്ന് എതിരാളികൾ ആക്ഷേപിച്ച മൻമോഹനിലെ ശക്തനായ രാഷ്ട്രീയ നേതാവിനെയാണ് നാമവിടെ കണ്ടത്. 2007-ൽ ഇന്ത്യയുടെ ജിഡിപി വളർച്ചാനിരക്ക് 9 ശതമാനമായി വർദ്ധിച്ചു. ചൈനയ്ക്കു പിന്നിൽ വേഗതയിൽ വളരുന്ന രണ്ടാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ വളർന്നതും മൻമോഹന്റെ കാലത്താണ്. 2010-ലെ 'റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട്' അദ്ദേഹത്തിന്റെ മറ്റൊരു സംഭാവനയാണ്. ഇന്ന് ഞാൻ എന്താണോ അത്, എന്റെ വിദ്യാഭ്യാസം കൊണ്ടാണ് എന്ന് അന്ന് ഇന്ത്യൻ ജനതയെ അഭിസംബോധന ചെയ്ത് അദ്ദേഹം പറഞ്ഞു. എല്ലാവർക്കും വിദ്യാഭ്യാസം എന്ന അദ്ദേഹത്തിന്റെ നയം ഇന്നത്തെ ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക ഉന്നതിക്ക് കളമൊരുക്കി. ഗ്രാമീണ തൊഴിലുറപ്പ്, ഭക്ഷ്യസുരക്ഷാ നിയമനിർമാണം എന്നിവയിലൂടെ ഇന്ത്യയിലെ 26 കോടി ഗ്രാമീണ ജനതയുടെ പട്ടിണിയാണ് അദ്ദേഹം മാറ്റിയത്.

യുഎസ്-ഇന്ത്യ ബന്ധം ഏറ്റവും ഊഷ്മളമായത് ബുഷ്-മൻമോഹൻ കാലത്താണ്. 2009-ൽ മൻമോഹന്റെ നേതൃത്വത്തിൽ രണ്ടാം യുപിഎ സർക്കാർ വന്നപ്പോൾ യുഎസിലും ഭരണമാറ്റം നടന്നിരുന്നു. 2009-ൽ അമേരിക്കൻ പ്രസിഡണ്ട് സ്ഥാനത്തേക്ക് ബറാക് ഒബാമ വന്നപ്പോഴും മൻമോഹന്റെ ഇന്ത്യ അമേരിക്കയുമായി നല്ല ബന്ധം തുടരുകയും അത് ഒരുപടി കൂടി ഉയരുകയും ചെയ്തു. '21-ാം നൂറ്റാണ്ടിലെ ഏറ്റവും നിർണായകമായ ബന്ധം' എന്നായിരുന്നു അക്കാലത്ത് പ്രസിഡണ്ട് ഒബാമ വിശേഷിപ്പിച്ചത്. ഇന്ത്യൻ പ്രധാനമന്ത്രി എന്ന നിലയിൽ മാത്രമല്ല, സാമ്പത്തിക ശാസ്ത്രജ്ഞൻ എന്ന നിലയിലും ലോകം ആദരിച്ചിരുന്ന മൻമോഹന്റെ ഉപദേശങ്ങൾ ലോകസാമ്പത്തിക രംഗത്തെ അപകടകരമായ മാന്ദ്യത്തിൽ നിന്ന് കരകയറാൻ താൻ തേടിയിരുന്നതായി പ്രസിഡണ്ട് ഒബാമ ഒരിക്കൽ പറയുകയുണ്ടായി.

രണ്ടാം യുപിഎ സർക്കാരിന്റെ കാലത്തെ അഴിമതി ആരോപണങ്ങൾ മൻമോഹന്റെ സൽപ്പേരിന് കളങ്കം ചാർത്തിയപ്പോഴും ആരും അദ്ദേഹത്തിനെ അഴിമതിക്കാരൻ എന്ന് വിളിച്ചില്ല. എന്നാൽ, അക്കാലത്ത് അദ്ദേഹം കാണിച്ച മൗനം ഒട്ടേറെ ആരോപണങ്ങൾക്ക് വിധേയമായി.

ഒരു മനുഷ്യൻ ജനിക്കും, മരിക്കും. ഈ ജനനത്തിനും മരണത്തിനും ഇടയിൽ ചെയ്യുന്ന കാര്യങ്ങളിലാണ് കാലം ഒരു വ്യക്തിയെ സ്മരിക്കുക. പലപ്പോഴും ഒരു വ്യക്തി ചെയ്യുന്ന പ്രവൃത്തികളുടെ ഗുണം ഉണ്ടാകുന്നത് കാലങ്ങൾക്കു ശേഷമാണ്. പി.വി. നരസിംഹറാവുവിനെ ഇവിടെ നാം ഓർക്കണം. അദ്ദേഹം പ്രധാനമന്ത്രിയായിരുന്നപ്പോഴോ മരണശേഷമോ അർഹിക്കുന്ന അംഗീകാരം ആരും കൊടുത്തില്ല. മരണശേഷം അദ്ദേഹത്തിന്റെ മൃതശരീരം, തന്റെ പാർട്ടിയുടെ കേന്ദ്ര ഓഫീസിൽ പോലും വെക്കാൻ സമ്മതിച്ചില്ല അദ്ദേഹത്തിന്റെ രാഷ്ട്രീയ പാർട്ടി. ഇന്ദ്രപ്രസ്ഥത്ത് അദ്ദേഹം അർഹിച്ച ഒരു ശവസംസ്കാരം പോലും കൊടുക്കാൻ വിസ്മരിച്ച ഭരണകൂടം. പക്ഷേ, കാലചക്രം തിരിഞ്ഞപ്പോൾ, ഇന്ന് നമ്മൾ പറയുന്നു 'നരസിംഹറാവു ആണ് ആധുനിക ഇന്ത്യയുടെ ശില്പി' എന്ന്. നരസിംഹറാവുവും മൻമോഹനും 1990-ന്റെ ആരംഭത്തിൽ തുടങ്ങിവെച്ച സാമ്പത്തിക പരിഷ്കാരങ്ങളാണ് 2014-ൽ അധികാരത്തിലെത്തിയ മോദി സർക്കാരും പിന്തുടരുന്നത്. ഇരുവരും തുടങ്ങിവെച്ച പരിഷ്കാരങ്ങളാണ് ഇന്നത്തെ ഇന്ത്യയുടെ കുതിപ്പിന് അടിത്തറപാകിയത്. ഇന്നത്തെ ഭരണകൂടം താൻ ആരംഭിച്ച പരിഷ്കാരങ്ങളുടെ വിളവെടുപ്പും പിതൃത്വവും ഏറ്റെടുത്തപ്പോഴും, എല്ലാം ചെയ്തിട്ടും മൗനംകൊണ്ട് സ്നേഹം മാത്രം വിതച്ച മൻമോഹൻ മിണ്ടാതെ ഇരുന്നതേയുള്ളു. തന്റെ സ്വതസിദ്ധമായ മൗനത്തിലൂടെ.

വരുംകാലം മൻമോഹനെ എങ്ങനെയാണ് ഓർക്കുക എന്ന ചോദ്യവും ഇവിടെ പ്രസക്തമാണ്. 2006-ൽ പ്രശസ്ത അമേരിക്കൻ ജേണലിസ്റ്റ് ചാർളി റോസിന് മൻമോഹൻ നല്കിയ അഭിമുഖം ഇവിടെ പ്രസക്തമാണ്. "ഇന്ത്യയിലെ കോടിക്കണക്കിനു വരുന്ന ജനതയുടെ പട്ടിണിയും രോഗദുരിതങ്ങളും മാറ്റി, അവരെ കൈപിടിച്ച് ഉയർത്താൻ ഞാൻ ആഗ്രഹിക്കുന്നു. വർണ്ണം, വർഗ്ഗം, ജാതി, മതം, ഭാഷ എന്നീ വൈവിധ്യങ്ങൾകൊണ്ട് ഇത്രയും സങ്കീർണ്ണമായ മറ്റൊരു രാജ്യം ഈ ലോകത്തിൽ ഇല്ല. എന്നാൽ, ഈ വൈവിധ്യങ്ങളിലൂന്നി, അവയിൽ നിന്ന് ശക്തി സംഭരിച്ച്, ഏതാണ്ട് ഒരു ബില്യൻ വരുന്ന ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ ഉയിർത്തെഴുന്നേല്പ്, അതും ജനാധിപത്യത്തിന്റെ മതിൽക്കെട്ടുകളിൽ നിന്നുകൊണ്ട് നേടാനാണ് ഞാൻ ആഗ്രഹിക്കുന്നത്." തീർച്ചയായും ഇന്ത്യയുടെ വളർച്ച, നേട്ടങ്ങൾ 21-ാം നൂറ്റാണ്ടിലെ മനുഷ്യകുലത്തിന് ഒരു പാഠമാകും. ഇന്നത്തെ ഇന്ത്യയുടെ കുതിപ്പ് കാണുമ്പോൾ 2006-ൽ മൻമോഹൻ പറഞ്ഞ കാര്യങ്ങൾ എത്ര സത്യമായി എന്നിവിടെ നാം ചിന്തിക്കണം.

കാലം തന്നെ എങ്ങനെ ഓർക്കും എന്ന ചോദ്യത്തിന് അദ്ദേഹം ഒരിക്കൽ നല്കിയ മറുപടി... "വരുംതലമുറ എന്നോട് കരുണ കാണിക്കും." പ്രിയ മൻമോഹൻ, താങ്കൾ പറഞ്ഞത് ശരിയാകും; തീർച്ചയായും. 26 കോടി ജനതയുടെ പട്ടിണി അകറ്റി, ആധുനിക ഇന്ത്യ എന്ന രാജീവ് ഗാന്ധിയുടെ സ്വപ്നം സാക്ഷാത്കരിച്ച ധനകാര്യമന്ത്രി, പ്രധാനമന്ത്രി, അതിലുപരി മനുഷ്യസ്നേഹി എന്നീ നിലകളിൽ വരും തലമുറകൾ താങ്കളെ ഓർക്കും. ഇന്ത്യ എന്നും താങ്കളോട് കടപ്പെട്ടിരിക്കും.

'ബുദ്ധിമാനായ, ചിന്താശക്തിയുള്ള, ശ്രദ്ധാലുവും സത്യസന്ധനുമായ, തികച്ചും അസാധാരണ മാന്യതയുള്ള വ്യക്തി' എന്ന് 2008-ലെ സെപ്റ്റംബറിൽ താങ്കളുടെ ബഹുമാനാർത്ഥം പ്രസിഡണ്ട് ഒബാമ നല്കിയ അത്താഴവിരുന്നിൽ താങ്കളെക്കുറിച്ചു പറഞ്ഞ വാക്കുകൾ ഓർത്തുകൊണ്ട് പ്രിയപ്പെട്ട മൻമോഹൻജി-നമോവാകം!

# SEEKING BRIDEGROOM

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Knanaya catholic parents seeking a suitable alliance for their daughter. She is a well educated, professionally established one. Born in Kerala and settled in U S A, (citizen). Age: 36 years, (August 19). Marital status: Divorce. (No children). Height. 5.4" Seeking alliance from Kna Catholic or Kna Jakobite boys from US. Phone: **1 630 788 2132.**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the

# SEEKING BRIDE

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at
**Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

# SEEKING BRIDEGROOM CONTD.....

US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

# നിര്യാതരായി

## സാബു സി. കുര്യൻ

**പാമ്പാടി:** കൂരോപ്പട മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് ചാണകപ്പാറക്കൽ സാബു സി. കുര്യൻ (62) അന്തരിച്ചു. ഭാര്യ പരേതയായ സുജ സാബു (റിട്ട. അദ്ധ്യാപിക). മക്കൾ: മരിയ, മെറിൻ (യുഎസ്), ഡോ. മെലീറ്റ. മരുമകൻ: അങ്കമാലി പുന്നശ്ശേരിൽ ജിജോ തോമസ് (അസി. എൻജി. കെഎസ്ഇബി. അങ്കമാലി സൗത്ത്).

## കുഞ്ഞ് കെ. കുട്ടി



**ഒക്കലഹോമ:** കൊല്ലം ഈസ്റ്റ് കല്ലട തോക്കാട്ടു തെക്കതിൽ കുഞ്ഞ് കെ. കുട്ടി (കുഞ്ഞ് കുഞ്ഞുട്ടിച്ചായൻ-95) ഒക്കലഹോമയിൽ അന്തരിച്ചു. കുണ്ടറ കൊച്ചുവീട്ടിൽ പൊയ്കയിൽ ഏലിയാമ്മയാണ് ഭാര്യ. മക്കൾ: ജോൺ കെ. വർഗീസ്, ഡെന്നി കെ. വർഗീസ് (ഇരുവരും ഡാളസിൽ), ഗ്രേസി കോശി (ഒക്കലഹോമ). മരുമക്കൾ: മിനി വർഗീസ്, സൈലസ് കോശി, ജോളി വർഗീസ്.

**കുറുമ്പനാടം:** മോർണിംഗ് സ്റ്റാർ മോട്ടോഴ്സ് ഉടമ കിഴക്കേ വീട്ടിൽ കെ.എം. ചാക്കോ (കുര്യാക്കോച്ചൻ-91) അന്തരിച്ചു.

## വി.ടി. വർഗീസ്

**തൃക്കൊടിത്താനം:** വാഴേപ്പറമ്പിൽ വി.ടി. വർഗീസ് (കുഞ്ഞച്ചൻ-93) അന്തരിച്ചു. ഭാര്യ തൃക്കൊടിത്താനം ചാലായിൽ തറമ്മ. മക്കൾ: ബെന്നിച്ചൻ, ബൈജു (യുഎസ്), എത്സമ്മ (അദ്ധ്യാപിക, കിളിമല), ബിൻസി. മരുമക്കൾ: ബിന്ദു കണിചിറയിൽ ആനിക്കാട് (യുഎസ്), കുഞ്ഞുമോൻ തോമസ് ഉപ്പുകുന്നേൽ ചാഞ്ഞോടി (വിമുക്തഭടൻ).

## ഒ.വി. ഫിലിപ്പ്

**കറ്റോട്:** ഊരിയത്ര ഒ.വി. ഫിലിപ്പ് (ബേബി-92) അന്തരിച്ചു. ഭാര്യ എണ്ണിക്കാട്ടിൽ പുത്തൻപറമ്പിൽ റെയ്ച്ചൽ ഫിലിപ്പ്. മക്കൾ: മിനി, മിലി (ഇരുവരും യുഎസ്), ലിനി. മരുമക്കൾ: കുഴിമണ്ണിൽ മേപ്രത്ത് ഷാജി, തേവരക്കുഴിയിൽ ഷിനു (ഇരുവരും യുഎസ്).

**കോട്ടയം:** പതിനാറിൽചിറ കുറുമുറ്റം വീട്ടിൽ പരേതനായ തിമോത്തിയോസിന്റെ മകൾ അഡ്വ. സുമോൾ ഫിലിപ്പ് (കുഞ്ഞുമോൾ-53) അന്തരിച്ചു.

**ചെങ്ങരൂർ:** ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ശുശ്രൂഷകൻ പുത്തൻവീട് പാസ്റ്റർ പി.എസ്. രാജു (73) അന്തരിച്ചു.

## ഡോ. പി.എൻ. ഗോപാലകൃഷ്ണൻ

**കൊച്ചി:** ആരോഗ്യവകുപ്പ് റിട്ട. അഡീഷണൽ ഡയറക്ടറും കൺസൾട്ടന്റ് സൈക്യാട്രിസ്റ്റുമായ പനമ്പിള്ളിനഗർ (പാലാ പൂലിയന്നൂർ) ഡോ. പി.എൻ. ഗോപാലകൃഷ്ണൻ (90) അന്തരിച്ചു. ഭാര്യ ഡോ. ടി.കെ. സരോജിനി (റിട്ട. സിവിൽ സർജൻ ആരോഗ്യവകുപ്പ്), മക്കൾ: സുനിത (ചെന്നൈ), ഡോ. പി.ജി. സുരേഷ് (എറണാകുളം), ജഗന്നാഥ് (യുഎസ്). മരുമക്കൾ: മധുസൂദനൻ (ചെന്നൈ), പൊൻകുന്നം പുന്നാമ്പറമ്പിൽ സുനിത, അനുപമ ഗോപിനാഥ് (കോഴിക്കോട്).

## പി.ജെ. തോമസ്

**ചിറക്കടവ്:** പുതുപ്പറമ്പിൽ പി.ജെ. തോമസ് (91) അന്തരിച്ചു. ഭാര്യ അഴങ്ങാട് കുന്നക്കാട്ട് പരേതയായ മേരി തോമസ്. മക്കൾ: ഫിലോമ്മ, സിസ്റ്റർ ജെസമ്മ (ഇറ്റലി), പരേതനായ സണ്ണി തോമസ്, ഷേർളി, ബീന, ഷൈനി, റെജി, സിജോ, സോണിയ. മരുമക്കൾ: ജോണി പൊട്ടനാനിക്കൽ അഞ്ചിലിപ്പ (ദുബായ്), ജോസ് കരിപ്പാക്കുടിയിൽ (പിഴക്), ലാൽ പുതുപ്പറമ്പിൽ (യുഎസ്), ജോയിമോൻ പുതിയാപറമ്പിൽ (വെളിച്ചിയാനി), സുദർശൻ (ദുബായ്), പരേതരായ നോബിൾ അഞ്ചനാട്ട്, ജിമ്മി വടക്കേമുറിയിൽ.

## ഏലമ്മ ജോസഫ്

**വടക്കൻ വെളിയനാട്:** അറയ്ക്കൽ ഏലമ്മ ജോസഫ് (85) അന്തരിച്ചു. നെടുങ്കുന്നം ശൗര്യാമ്മാക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഫ്രാൻസിസ് ജോസഫ്. മക്കൾ: ഗ്രേസ് സെബാസ്റ്റ്യൻ, അന്നമ്മ ജോസഫ്, സെലിനാമ്മ ജെറോം, സോജിമോൻ ജോസഫ്, സിജോ ജോസഫ് (യുഎസ്), സജി ജോസഫ്, ഷിബു ജോസഫ്. മരുമക്കൾ: ജെയിംസുകുട്ടി കാഞ്ഞിരത്തുംമൂട് (തൃക്കൊടിത്താനം), സാം ജെറോം മേപ്പുറത്തുശേരി (മുട്ടാർ), ജെയ്സമ്മ ചെറുകരത്തറ, ടോബി പുത്തൻകളം, ടിനി ചുള്ളനങ്ങാട് (അരൂർ), മെറിൻ കാനാച്ചേരി (മുണ്ടക്കയം), മഞ്ജു മറ്റത്തിൽ, പരേതനായ തോമസ് സെബാസ്റ്റ്യൻ മുട്ടത്ത്തോട്ടിൽ (പൊൻകുന്നം).

**കറുകച്ചാൽ:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ സീനിയർ ശുശ്രൂഷകനും കറുകച്ചാൽ സെന്റർ പാസ്റ്ററുമായ മല്ലപ്പള്ളി വെസ്റ്റ് തെക്കേതിൽ താബോർ ഹോമിൽ പാസ്റ്റർ ടി.എ. ചെറിയാൻ (96) അന്തരിച്ചു.

**തൊടുപുഴ:** പെരിയാമ്പ്ര വട്ടക്കുന്നേൽ അന്നമ്മ (97) അന്തരിച്ചു. അരിക്കുഴ പുറ്റാന്നിൽ കുടുംബാംഗമായ പരേത ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ സഹോദരിയാണ്.

**തിരുവല്ല:** കുളക്കാട് മുപ്പിരിയിൽ ലളിത സജി (52) അന്തരിച്ചു.

## ഗ്രേസി ജോസഫ്

**പാലാ:** പാലാ മുനിസിപ്പൽ ചെയർമാൻ ഷാജു വി. തുരുത്തന്റെ സഹോദരിയും പുതുമന തുരുത്തേൽ പരേതനായ പി.എക്സ്. ജോസഫ് പുതുമനയുടെ ഭാര്യ ഗ്രേസി ജോസഫ് (80) അന്തരിച്ചു. മക്കൾ: കിഷോർ (യുഎസ്), ഷൈലോർ (യുഎസ്).

## ബോബിൻ വർഗീസ്

**പയ്യപ്പാടി:** കൊച്ചുമറ്റം പുതുപ്പറമ്പിൽ പി.ടി. വർഗീസിന്റെയും പരേതയായ കുഞ്ഞുമോൾ വർഗീസിന്റെയും മകൻ ബോബിൻ വർഗീസ് (43) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ അടിമാലി ചാലികോട്ടക്കൽ ബ്ലെസി വർഗീസ്. മക്കൾ: ടെസ, ആൻഡ്രു (മൂവരും ന്യൂയോർക്ക്).

**വടക്കഞ്ചേരി:** മുടപ്പല്ലൂർ പന്തപ്പറമ്പ് തോലാനിക്കൽ ടി.യു. ഏബ്രഹാം (അവിരാച്ചൻ-69) അന്തരിച്ചു.

## മറിയം ഫ്രാൻസിസ്



**ചങ്ങനാശേരി:** ഫാത്തിമാപുരം മണലിൽ റിട്ട. ഹെഡ്മാസ്റ്റർ പരേതനായ എം.ഡി. ഫ്രാൻസിസിന്റെ ഭാര്യ മറിയം ഫ്രാൻസിസ് (89) അന്തരിച്ചു. മക്കൾ: ഗ്രേസി ജേക്കബ്, പുഷ്പ ജോർജ്, മേഴ്സി ഏബ്രഹാം, സന്തോഷ് മണലിൽ (ന്യൂയോർക്ക്), വൽസ മുണ്ടയ്ക്കൽ (ന്യൂയോർക്ക്), ജയമോൾ മാത്യു (ന്യൂയോർക്ക്), രാജേഷ് മണലിൽ (ന്യൂയോർക്ക്), അലക്സ് മണലിൽ (ന്യൂയോർക്ക്). മരുമക്കൾ: ജേക്കബ് പൊന്നേഴത്ത്, കെ.എസ്. ജോർജ് താഴത്ത്, ഏബ്രഹാം പുത്തൻകളം, ടോം മുണ്ടയ്ക്കൽ, ലാലു മാത്യു, റീത്ത സന്തോഷ്, റീന അലക്സ്.


**പാലാ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ പുലിയന്നൂർ കലാനിലയം അസംപ്ഷൻ മഠാംഗം സിസ്റ്റർ എമിലിയാന (മറിയാമ്മ-90) അന്തരിച്ചു.

**മാടപ്പള്ളി:** കൊല്ലം കളക്ടറേറ്റ് റിട്ട. ഫിനാൻസ് ഓഫീസർ ദർശനയിൽ കെ.എൻ. വാസുപിള്ള (94) അന്തരിച്ചു.

**പനച്ചിക്കാട്:** വാലടിയിൽ മോനിഷ് ഭവനത്തിൽ സതീശന്റെയും കുഞ്ഞുമോളുടെയും മകൾ അപർണ സതീശൻ (30) അന്തരിച്ചു.

**ചമ്പക്കുളം:** തകഴി കേളമംഗലം എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപകൻ പുല്ലങ്ങടി താഴത്തുരുത്തിൽ ജി. ഭാസ്കരക്കുറുപ്പ് (91) അന്തരിച്ചു.

## ഫാ.ഡോ. ജോർജ് കോശി



**ന്യൂയോർക്ക്:** ചെങ്ങന്നൂർ കല്ലിശേരി മംഗലം ഇളയിടത്തു തേലക്കാട്ട് പീടികയിൽ ഫാ. ഡോ. ജോർജ് കോശി (78) അന്തരിച്ചു. പോർട്ട്ചെസ്റ്റർ സെ. ജോർജ് പള്ളി വികാരിയും ന്യൂയോർക്ക് സെന്റ് വ്ളാഡിമർ സെമിനാരി വിസിറ്റിങ് പ്രഫസറുമായിരുന്നു. പരിശുദ്ധ ബസേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവയുടെ സെക്രട്ടറിയുമായിരുന്ന അച്ചൻ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. ഭാര്യ കുഴിമറ്റം മഠത്തിപ്പറമ്പിൽ റെയ്ച്ചൽ കോശി. മക്കൾ: ഫാ. ഗീവർഗീസ് കോശി, ഡോ. ജിബു കോശി. മരുമക്കൾ: ഡോ. ഫോബ, മേരി.

**മൂവാറ്റുപുഴ:** തൊടുപുഴ താലൂക്ക് എജ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് കോളജ് പ്രിൻസിപ്പൽ വാഴക്കുളം കല്ലുങ്കൽ പ്രഫ. ജോർജ് ജെയിംസ് (92) അന്തരിച്ചു.

## ജോസഫീന മാത്യു

**കുറുപ്പന്തറ:** ഉള്ളാട്ടിൽ മാത്തുക്കുട്ടിയുടെ ഭാര്യ ജോസഫീന മാത്യു (72) അന്തരിച്ചു. കിടങ്ങൂർ കൊല്ലാലപാറ കുടുംബാംഗമാണ്. മക്കൾ: ജിഷ്മോൾ (യുഎസ്), ജിൻസി (യുകെ), ജിനേഷ് (ഓസ്ട്രേലിയ). മരുമക്കൾ: ജേക്കബ് കൊച്ചിന്റേടത്ത് (ഒളശ്ശ), എബി കൊല്ലപ്പള്ളി (കട്ടച്ചിറ), മിന്റു തച്ചറുകുഴിയിൽ (സംക്രാന്തി).

## പെണ്ണമ്മ ജോസഫ്

**വള്ളിച്ചിറ:** മുഞ്ഞാട്ട് പെണ്ണമ്മ ജോസഫ് (88) അന്തരിച്ചു. കരൂർ മഞ്ഞക്കടമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.ജെ. ജോസഫ്. മക്കൾ: ജോഷി പാലാ, ഷാജി (യുഎസ്), ഷൈനി, ഷിബു എറണാകുളം. മരുമക്കൾ: ലിസ പുല്ലുവഴി മാഞ്ഞാലി, റാണി പുഷ്പത്തടം മരങ്ങാട്ടുപിള്ളി, തോമസ്കുട്ടി അറക്കുളം ഞാവള്ളിൽ കയത്തിൻകര, ആശ എറണാകുളം.

**മണർകാട്:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭാ ശുശ്രൂഷകൻ മറ്റത്തിൽ (മാനന്തവാടി) പാസ്റ്റർ എം.വി. ജോൺ (83) അന്തരിച്ചു.

**കോതമംഗലം:** സിസ്റ്റേഴ്സ് ഓഫ് ദ് ഡെസ്റ്റിറ്റ്യൂട്ട് സന്യാസ സമൂഹത്തിന്റെ കോതമംഗലം സെ. വിൻസന്റ് പ്രോവിൻസ് അംഗമായ സിസ്റ്റർ ആൽബർട്ട് പറയന്നിലം (91) അന്തരിച്ചു.

## ടെസി സോഹൻ


**പാലാ:** വെള്ളാപ്പാട് നെല്ലിയാനിപ്പള്ളി റോഡ് നെടിയകാലാപറമ്പിൽ പരേതനായ സോഹൻ ജോസഫിന്റെ ഭാര്യ ടെസി സോഹൻ (69) അന്തരിച്ചു. മക്കൾ: രാഖി സോഹൻ, രാഹുൽ സോഹൻ. മരുമക്കൾ: എബി ജോസ് കരിങ്ങട, നീത ഫിലിപ്പ് ഉപ്പുമാക്കൽ (എല്ലാവരും യുഎസ്).

## മേരി ഏലിയാസ്

**പിറവം:** മങ്കിടിയിൽ മേരി ഏലിയാസ് (83) അന്തരിച്ചു. വെട്ടിക്കാട്ടുമുക്ക് വൈപ്പേൽ കുടുംബാംഗമാണ്. ഭർത്താവ്: ഏലിയാസ് മങ്കിടി. മക്കൾ: ജയ്മോൾ (യുഎസ്), കുഞ്ഞുമോൾ, വർഗീസൺ, മനോമോൾ, അലക്സ്. മരുമക്കൾ: അമിച്ചേരി കോയിക്കീരിൽ കെ.പി. തോമസ് (യുഎസ്), വളഞ്ഞവട്ടം ഇട്ടിയാംപറമ്പിൽ സജി ജോൺസൺ, പാലച്ചുവട് പുളിക്കിയിൽ സീന, ഓണക്കൂർ പുതുവൽ വിൻസന്റ്, കാഞ്ഞിരമറ്റം പാറക്കാട്ടുവെളിയിൽ ജീജ.

**തിരുവനന്തപുരം:** ആദ്യ ഇഎംഎസ് മന്ത്രിസഭയിലെ മന്ത്രി പരേതനായ കെ.സി. ജോർജിന്റെയും മുൻ ദേശീയ വനിതാ കമ്മീഷൻ അംഗം അമ്മുക്കുട്ടി ജോർജിന്റെയും മകനായ മോഹൻ കെ. ജോർജ് (63) അന്തരിച്ചു.

## ജിജി ജോർജ്



**കല്ലൂപ്പാറ:** ഇലഞ്ഞിക്കൽ പണ്ടകശാലയിൽ ജിജി ജോർജ് (64) ഡാളസിൽ അന്തരിച്ചു. ഭാര്യ കൊട്ടാരക്കര പുയപ്പള്ളി പ്ലാവിള പുത്തൻവീട്ടിൽ സൂസൻ ജിജി. മക്കൾ: അജീഷ്, ആർജി (ഇരുവരും ഡാളസ്) മരുമക്കൾ: സൗമ്യ, റിയ.

**പാലാ:** കാളികാവ് കർമ്മലീത്താ മഠാംഗം സിസ്റ്റർ ആനി മേരി കദളിക്കാട്ടിൽ പുത്തൻപുരയ്ക്കൽ (കുട്ടിയമ്മ-84) അന്തരിച്ചു.

## എൻ.എം. വർക്കി


**മൂവാറ്റുപുഴ:** റിട്ട. എസ്ഐ നെടുംചാലിൽ എൻ.എം. വർക്കി (79) അന്തരിച്ചു. ഭാര്യ പെരിങ്ങഴ പനയേലിൽ പരേതയായ ആനി. മക്കൾ: സിന്ധു, സിബി (യുഎസ്). മരുമക്കൾ: ജോബി പള്ളിയാൻ മൂന്നാംപറമ്പ്, വിനീറ്റ കുറ്റിച്ചിറയിൽ ആലപ്പുഴ (യുഎസ്).

**തൃക്കൊടിത്താനം:** കൊച്ചുവീട്ടിൽ മോഹനന്റെയും വിജയമ്മയുടെയും മകൾ അഞ്ജലി മോഹൻ (23) അന്തരിച്ചു.

## ജോൺസൺ വി. ജോൺ

**ഇലഞ്ഞി:** ആലപുരം കൈപ്പെട്ടിയിൽ പരേതനായ ഡോ. വി.യു. ജോണിന്റെയും സെ. പീറ്റേഴ്സ് സ്കൂൾ റിട്ട. അദ്ധ്യാപിക ത്രേസ്യാമ്മ ജോസഫിന്റെയും മകൻ ജോൺസൺ വി. ജോൺ (51) നോർത്ത് കരോലിനയിൽ അന്തരിച്ചു. ഭാര്യ രാമപുരം പള്ളിവാതുക്കൽ ഡോ. ഡെറ്റി ജോൺസൺ (അനസ്തീഷ്യസ്റ്റ്). മക്കൾ: കേറ്റ്ലിൻ, ആൽബെൻ.

## അമ്മിണി ഡേവിഡ്



**ഡാളസ്:** കൊല്ലം ക്രേവൻ ഹൈസ്കൂളിൽ ഗണിതശാസ്ത്ര അദ്ധ്യാപികയായിരുന്ന കൊല്ലം ബേർശേബയിൽ അമ്മിണി ഡേവിഡ് (85) ഡാളസിൽ അന്തരിച്ചു. ഡാളസ് സയോൺ എ.ജി. സഭാംഗമായിരുന്നു. അസംബ്ലീസ് ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകനും ഐഎസ്ആർഒ റിട്ടയേർഡ് ഫിനാൻസ് ഓഫീസറുമായിരുന്ന പരേതനായ പാസ്റ്റർ സോളമൻ ഡേവിഡിന്റെ സഹധർമ്മിണിയാണ് പരേത. മക്കൾ: ഡേവിഡ് ജോൺസൺ-ശാലിനി (ന്യൂയോർക്ക്), ജേജി ജോസഫ്-സേവ്യർ (മെൽബൺ ആസ്ട്രേലിയ), ഡോ. ജിജി വർഗീസ്-ജീമോൻ (ഡാളസ്), സാമുവേൽ ഡേവിഡ്-ആഷ (മെൽബൺ ആസ്ട്രേലിയ).

**പയ്യപ്പാടി:** റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥനും പുതുപ്പള്ളി സെ. ജോർജ് ഓയിൽ മിൽ ഉടമയുമായ തോണ്ടുകണ്ടത്തിൽ ടി.വി. വർഗീസ് (പാപ്പച്ചൻ-80) അന്തരിച്ചു.

## പി.എസ്. സ്കറിയ

**അമയന്നൂർ:** നടുവിലേടത്ത് പടിഞ്ഞാറേക്കുറ്റ് പി.എസ്. സ്കറിയ (81) അന്തരിച്ചു. ഭാര്യ തിരുവഞ്ചൂർ പുതിയവീട്ടിൽ ശോശാമ്മ സ്കറിയ (റിട്ട. ടീച്ചർ). മക്കൾ: വിനോദ് സഖറിയാസ്, മനോജ് സഖറിയാസ്, പ്രമോദ് സഖറിയാസ്. മരുമക്കൾ: ബിന്ദു വിനോദ് തയ്യിൽ മുട്ടുചിറ, അനു മനോജ് കല്ലേപറമ്പിൽ ഏറ്റുമാനൂർ, നിമ്മി പ്രമോദ് മുട്ടത്തിത്തറയിൽ പേരൂർ (എല്ലാവരും യുഎസ്).

**ഇരവിപേരൂർ:** റിട്ട. അദ്ധ്യാപിക പുറമറ്റം പുത്തൻ കയ്യാലയ്ക്കൽ കെ.കെ. അന്നമ്മ (90) അന്തരിച്ചു.

**പീച്ചി:** ഇന്റലിജൻസ് ബ്യൂറോ റിട്ട. ഉദ്യോഗസ്ഥൻ വിലങ്ങന്നൂർ പായ്ക്കണ്ടം വടക്കയിൽ വീട്ടിൽ പി.ടി. സ്കറിയ (72) അന്തരിച്ചു.

# COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## Favors Received



*Inserted by: Firm Believer, Houston*

## Favors Received



*Inserted by: Firm Believer, Houston*

## Favors Received



*Inserted by: Firm Believer, Chicago*

## Favors Received



*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**

# LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## Favors Received



*Inserted by: Firm Believer, Dallas*

## Favors Received



*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

# വേൾഡ് മലയാളി കൗൺസിൽ ക്രിസ്മസും നവവത്സരവും സമുചിതമായി ആഘോഷിച്ചു

തോമസ് ഡിക്രൂസ്

ചിക്കാഗോ: വേൾഡ് മലയാളി കൗൺസിൽ ചിക്കാഗോ പ്രൊവിൻസ് ക്രിസ്മസും നവവത്സരവും സമുചിതമായി ആഘോഷിച്ചു. ഡിസംബർ 29-ാം തീയതി ഞായറാഴ്ച ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ നടന്ന ചടങ്ങിൽ പ്രസിഡണ്ട് ബെഞ്ചമിൻ തോമസ് അദ്ധ്യക്ഷത വഹിച്ചു. ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ട് ഡബ്ല്യു.എം.സി ഗ്ലോബൽ പ്രസിഡണ്ടും അമേരിക്കയിലെ പ്രമുഖ വ്യവസായിയുമായ തോമസ് മൊട്ടക്കൽ മുഖ്യപ്രഭാഷണം നടത്തി. മാത്യൂസ് ഏബ്രഹാം ഗ്ലോബൽ പ്രസിഡണ്ടിനെ സദസ്സിന് പരിചയപ്പെടുത്തി. ഡബ്ല്യു.എം.സി ഇതര സാമൂഹിക സംഘടനകളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നത് ലോക മലയാളികളുടെ ഏറ്റവും വലിയ ആഗോള ശൃംഖല എന്ന നിലയിലാണെന്ന് ഗ്ലോബൽ പ്രസിഡണ്ട് പറഞ്ഞു.



ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാത്രം മുൻഗണന നല്കുന്ന ദർശനത്തിൽ പ്രവർത്തന നിരതമായിരിക്കുന്ന ഡബ്ല്യു.എം.സി അടിയന്തര സന്ദർഭങ്ങളിൽ ഏതൊരു മലയാളിക്കും ലോകത്തിലെ വിവിധ ഇടങ്ങളിലുള്ള പ്രമുഖ മലയാളികളുമായി ബന്ധപ്പെട്ടുകൊണ്ട് നാനാ തരത്തിലുള്ള സഹായങ്ങളും തേടാൻ കഴിയുംവിധം സംഘടനാപരമായി പ്രാപ്തമാണ്. ഭവനരഹിതരായ നിർദ്ധന കുടുംബങ്ങൾക്കു വേണ്ടി ചിക്കാഗോ പ്രൊവിൻസ് നിർമ്മിച്ചു നല്കിയ പന്ത്രണ്ട് ഭവനങ്ങൾ സംഘടനയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഉദാഹരണമാണെന്നും ഗ്ലോബൽ പ്രസിഡണ്ട് പറഞ്ഞു.



ഡബ്ല്യു.എം.സി ഗ്ലോബൽ വൈസ് പ്രസിഡണ്ട് ഡോ. തങ്കം അരവിന്ദ് (ന്യൂജേഴ്സി) സ്ത്രീശാക്തീകരണത്തെക്കുറിച്ച് പ്രഭാഷണം നടത്തി. ആഗ്നസ് തെങ്ങുംമൂട്ടിൽ ഗ്ലോബൽ വൈസ് പ്രസിഡണ്ടിനെ സദസ്സിന് പരിചയപ്പെടുത്തി. ചിക്കാഗോയിലെ സാമൂഹിക സാംസ്കാരിക രംഗത്തുനിന്ന് നിരവധി പ്രമുഖ വ്യക്തികൾ ആഘോഷങ്ങളിൽ പങ്കെടുത്തു. ഫോമാ സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ, ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി, കേരള അസോസിയേഷൻ ഓഫ് ചിക്കാഗോ പ്രസിഡണ്ട് ആന്റോ കവലയ്ക്കൽ, ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ സെക്രട്ടറി ജോസ് കോലഞ്ചേരി, ചിക്കാഗോ സോഷ്യൽ ക്ലബിനെ പ്രതിനിധീകരിച്ച് ജോസ് മണക്കാട്ട്, ഫോമാ മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം എന്നിവർ ചടങ്ങിന് ആശംസകളർപ്പിച്ചു സംസാരിച്ചു. ചെയർമാൻ മാത്തുക്കുട്ടി ആലുംപറമ്പിൽ സ്വാഗതം പറഞ്ഞു. സെക്രട്ടറി തോമസ് ഡിക്രൂസ് നന്ദി രേഖപ്പെടുത്തി.

ഡബ്ല്യു.എം.സി ചിക്കാഗോ പ്രൊവിൻസ് ഭാരവാഹികളായ കോശി ജോർജ്, സാബി കോലത്ത്, തോമസ് വർഗീസ് (വിൽസൺ), ജോർജ് മാത്യു എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. ബീന ജോർജ് എംസിയായിരുന്നു. കലാപരിപാടികളെത്തുടർന്ന് ക്രിസ്മസ് ഡിന്നറോടു കൂടി ആഘോഷങ്ങൾക്ക് സമാപനമായി.

## നവീൻ ബാബുവിന്റെ മരണത്തിൽ സിബിഐ അന്വേഷണമില്ല

(3-ാം പേജിൽനിന്നും)

കൊന്നതാണോ എന്ന സാധ്യത പരിശോധിച്ചില്ല. യാത്രയയപ്പ് ചടങ്ങിന് ശേഷം ചിലർ നവീൻ ബാബുവിനെ കണ്ടു. മരണത്തിലേക്ക് നയിച്ച വസ്തുതകൾ പുറത്തു കൊണ്ടുവരാനായില്ലെന്നും കുടുംബം ഹർജിയിൽ ചൂണ്ടിക്കാണിച്ചിരുന്നു. കുടുംബം എത്തുന്നതിന് മുൻപ് പോലീസ് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കിയെന്നും ബന്ധുക്കളുടെ സാന്നിധ്യം അനിവാര്യമായിരുന്നെന്നും എന്നാൽ അതുണ്ടായില്ലെന്നും കുടുംബം വാദിച്ചിരുന്നു. കേസിൽ കാര്യക്ഷമമായ അന്വേഷണം നടക്കുമെന്ന് പ്രതീക്ഷയില്ല. നീതി ലഭിക്കാൻ കേന്ദ്ര ഏജൻസിയുടെ അന്വേഷണം അനിവാര്യമെന്നും സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജിയിൽ കുടുംബം ചൂണ്ടിക്കാണിച്ചിരുന്നു. നവീൻ ബാബുവിന്റെ കുടുംബത്തോട് 100 ശതമാനം നീതി പുലർത്തുന്ന അന്വേഷണമാണ് പുരോഗമിക്കുന്നത്. ഈ സാഹചര്യത്തിൽ കേസിൽ മറ്റൊരു ഏജൻസിയുടെ അന്വേഷണം ആവശ്യമില്ലെന്നായിരുന്നു സർക്കാർ ഹൈക്കോടതിയെ അറിയിച്ചിരുന്നത്. കോടതി പറഞ്ഞാൽ കേസിന്റെ അന്വേഷണം ഏറ്റെടുക്കാമെന്ന് സിബിഐയും ഹൈക്കോടതിയെ അറിയിച്ചിരുന്നു. അപൂർവ സാഹചര്യങ്ങളിൽ മാത്രമേ സിബിഐ അന്വേഷണം ആവശ്യമുള്ളൂവെന്നായിരുന്നു ഹൈക്കോടതിയുടെ നിരീക്ഷണം.

## ക്യാപ്റ്റനായി മനോജ് കുമാർ പൂപ്പാറയിൽ

(3-ാം പേജിൽനിന്നും)

മെട്രോ റെക്കഗ്നിഷൻ അവാർഡിനു പുറമെ, ഗ്ലോബൽ ഇന്ത്യൻ ന്യൂസ് അവാർഡ്, ചേംബർ ഓഫ് കൊമേഴ്സ് അവാർഡ്, ശ്രീഗുരുവായൂരപ്പൻ ക്ഷേത്രബഹുമതികൾ എന്നിവയും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.

2025 ജനുവരി ഒന്നു മുതൽ ഫോർട്ട് ബെൻഡ് കൗണ്ടി, പ്രിസിങ്ക്റ്റ് 3 ന്റെ ക്യാപ്റ്റനായി മനോജ് ഒരു പുതിയ യാത്ര ആരംഭിച്ചു. എറണാകുളം തിരുവാണിയൂർ കുന്നത്തുനാട് പൂപ്പാറയിൽ റിട്ടയേഡ് പോലീസ് ഓഫീസർ പി.ഐ. രാഘവന്റെയും ലീല രാഘവന്റെയും പുത്രനായ മനു എന്ന മനോജ് പൂപ്പാറയിൽ ഭാര്യ ഹണിയും ഹൂസ്റ്റൺ ബാപ്റ്റിസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ബയോളജിയിൽ ബിരുദശേഷം എംഡിസിക്ക് പഠിച്ചുകൊണ്ടിരിക്കുന്ന മാധവിനുമൊപ്പം ഹൂസ്റ്റണിൽ താമസിക്കുന്നു.

## ബസ് മറിഞ്ഞ് നാല് മരണം

(3-ാം പേജിൽനിന്നും)

പരുക്കേറ്റവർ മുണ്ടക്കയത്തെയും പീരുമേട്ടിലെയും ആശുപത്രികളിൽ ചികിത്സയിലാണ്. ബസിന്റെ ബ്രേക്ക് പോയി നിയന്ത്രണം നഷ്ടമായതാണ് അപകടത്തിനു കാരണമെന്നാണ് ഡ്രൈവറുടെ മൊഴി. ജനുവരി അഞ്ചിന് ഞായറാഴ്ച രാവിലെയാണ് ബസ് തഞ്ചാവൂരിലേക്കു തിരിച്ചത്. ആറിന് രാവിലെ മാവേലിക്കരയിൽ തിരികെ എത്തേണ്ടതായിരുന്നു. ഇതിനിടെയാണ് അപകടം ഉണ്ടായത്. പോലീസും അഗ്നിരക്ഷാ സേനയും മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥരും ഇതുവഴി വന്ന വാഹനങ്ങളിലെ യാത്രക്കാരും നാട്ടുകാരും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തി പരുക്കേറ്റവരെ ആശുപത്രികളിലെത്തിച്ചത്.

## ഇഷാൻ ഷൗക്കത്ത്

(23-ാം പേജിൽനിന്നും)

വിക്ടർ എന്ന ഇഷാന്റെ വേഷം കഥയുടെ വൈകാരിക തലങ്ങളിൽ നിർണായക പങ്കു വഹിക്കുന്നുണ്ട്. സഹോദരങ്ങൾ തമ്മിലുള്ള ബന്ധവും കുടുംബത്തിനു വേണ്ടി ചെയ്യുന്ന ത്യാഗങ്ങളും എടുത്തുപറയേണ്ടതാണ്. ആഖ്യാനത്തിലെ പൂർണ്ണത, അതാണ് ഇഷാനും ഉണ്ണിമുകുന്ദനും തമ്മിലുള്ള രസതന്ത്രത്തിന്റെ വിജയം. എല്ലാ ബോക്സ് ഓഫീസ് റെക്കോർഡുകളും തകർത്തതോടെ മാർക്കോ ലോകമെമ്പാടുമുള്ള പ്രേക്ഷകമനസ്സിൽ ഇടം നേടിയിരിക്കുകയാണ്. ഇന്ത്യയിൽ ഇതുവരെ നിർമ്മിച്ചതിൽ ഏറ്റവും അക്രമാസക്തമായ സിനിമ എന്ന നിലയിൽ മാർക്കോ വിലയിരുത്തപ്പെട്ടു കഴിഞ്ഞു. ഒരു പാൻ ഇന്ത്യൻ അനുഭവം പ്രദാനം ചെയ്യാൻ മലയാളത്തിനും കഴിയുമെന്ന് മാർക്കോ തെളിയിച്ചിരിക്കുന്നു. ഇതിനകം നിരൂപക ശ്രദ്ധ നേടിയ ഇഷാൻ പ്രഖ്യാപിക്കാൻ പോകുന്ന രണ്ടുമൂന്നു സംരംഭങ്ങളിലും ശക്തമായ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ ഒരുങ്ങുകയാണ്.

അമേരിക്കയിലെ ഇന്ത്യാന യൂണിവേഴ്സിറ്റിയിൽ നിന്നും അഭിനയപഠനം പൂർത്തിയാക്കിയ ഇഷാൻ 2022 ക്യാൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച നവാഗത നടനുള്ള പുരസ്കാരം തുടങ്ങി മറ്റ് ഒട്ടേറെ അംഗീകാരങ്ങളും വാരിക്കൂട്ടിയിട്ടുണ്ട്. പുതിയ പ്രതിഭകളുടെ ഉദയം പതുക്കെ സംഭവിക്കാറാണ് പതിവ്. സിനിമയിലാണെങ്കിൽ പ്രത്യേകിച്ചും! എന്നാൽ, ഇഷാന്റെ വരവ് ഈ വിലയിരുത്തലിനെ മാറ്റി മറിച്ചിരിക്കുന്നു. ദ്രുതഗതിയിലുള്ള ചലനങ്ങളിലൂടെ മലയാള സിനിമയുടെ പ്രിയങ്കരനാകാൻ ഒരുങ്ങുകയാണ് ഇഷാൻ. മാർക്കോ ഒരു തുടക്കമാണെങ്കിൽ വരാനിരിക്കുന്ന സിനിമകൾ ഇഷാൻ എന്ന നടന്റെ ആധികാരികത ഉറപ്പിക്കുന്ന ചിത്രങ്ങളായി വരും എന്ന കാര്യത്തിൽ പ്രേക്ഷകർക്ക് സംശയമേതുമില്ല.

## പി.വി. അൻവർ എംഎൽഎ അറസ്റ്റിൽ

(3-ാം പേജിൽനിന്നും)

കൂടെ ഉണ്ടായിരുന്ന പൂച്ചപ്പാറ കണ്ണൻ, മജീഷ്, വിജേഷ് എന്നിവർ മണിയുടെ കുട്ടിയെ എടുത്ത് ഓടിരക്ഷപ്പെട്ടു. വിവരമറിഞ്ഞ ചെറി വനപാലകരെയും പോലീസിനെയും അറിയിച്ചു. തുടർന്ന് വനപാലകർ ചെറിയുടെ ജീപ്പിൽ സ്ഥലത്തെത്തി. കരുളായിൽനിന്ന് 25 കിലോമീറ്റർ ഉൾവനത്തിലായിരുന്നു സംഭവം. വനപാലകരെത്തും മുമ്പ് മണിയുടെ സഹോദരൻ അയ്യപ്പൻ സ്ഥലത്തെത്തിയിരുന്നു. മണിക്ക് തലയ്ക്കാണ് ഗുരുതര പരുക്കേറ്റത്. ചെവിയുടെ ഭാഗത്തുനിന്ന് രക്തം വന്നിട്ടുണ്ട്.

നിലമ്പൂർ സൗത്ത് ഡിഎഫ്ഒ ധനിക് ലാൽ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ജില്ലാ ആശുപത്രിയിൽ എത്തിയിരുന്നു. മണിയുടെ സഹോദരനായ അയ്യപ്പൻ ഒന്നര കിലോമീറ്റർ മണിയെ ചുമന്നാണ് ജീപ്പ് കിടന്ന മാഞ്ചിരിയിലേക്ക് കൊണ്ടുവന്നത്. നിലമ്പൂർ ഗവൺമെന്റ് ജില്ലാ ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനുശേഷം മണിയുടെ മൃതദേഹം ബന്ധുക്കൾക്കു വിട്ടുകൊടുത്തു.

കരുളായി വനത്തിൽ ആദിവാസി യുവാവ് മണി (38) കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ച് നിലമ്പൂർ ഡിഎഫ്ഒ ഓഫീസ് അടിച്ചുതകർത്ത കേസിൽ പി.വി. അൻവർ എംഎൽഎയെ പോലീസ് അറസ്റ്റ് ചെയ്തു. അൻവറിനെ 14 ദിവസത്തേക്കു റിമാൻഡ് ചെയ്ത് തവനൂർ സെൻട്രൽ ജയിലിലേക്ക് അയച്ചു. നേരത്തെ അറസ്റ്റിലായ നാല് പ്രവർത്തകരെയും റിമാൻഡ് ചെയ്തു. എംഎൽഎയെ ഒന്നാം പ്രതിയാക്കിയാണ് നിലമ്പൂർ ഡിവൈഎസ്പി ജി. ബാലചന്ദ്രന്റെ നേതൃത്വത്തിലെത്തിയ പോലീസ് രാത്രി 9.35-ന് അറസ്റ്റ് രേഖപ്പെടുത്തിയത്. ജാമ്യമില്ലാ വകുപ്പ് പ്രകാരമാണ് കേസ്. വനംവകുപ്പ് ഗുരുതര അനാസ്ഥ കാട്ടിയെന്ന് ആരോപിച്ച് അൻവറിന്റെ പാർട്ടിയായ ഡിഎംകെയുടെ പ്രവർത്തകർ പ്രതിഷേധിച്ചു. വിവരം അറിയിച്ചിട്ടും വനംവകുപ്പ് വാഹനങ്ങളൊന്നും സംഭവ സ്ഥലത്തേക്കു പോയില്ലെന്നും മണിയെ ആശുപത്രിയിൽ എത്തിക്കാൻ വൈകിയെന്നും ആരോപിച്ചായിരുന്നു പ്രതിഷേധം. എംഎൽഎ നേതൃത്വം നൽകിയ പ്രതിഷേധത്തിനിടെ ഡിഎംകെ പ്രവർത്തകരിൽ ചിലർ ഫോറസ്റ്റ് ഓഫീസിനുള്ളിൽ കയറി കസേരയും മറ്റും നശിപ്പിച്ചിരുന്നു. നാല് പ്രവർത്തകരെ അറസ്റ്റ് ചെയ്ത പോലീസ് എംഎൽഎ യുൾപ്പെടെ 11 പേർക്കെതിരെ പൊതുമുതൽ നശിപ്പിക്കൽ, പോലീസിന്റെ കൃത്യനിർവഹണം തടസപ്പെടുത്തൽ തുടങ്ങിയ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത്. എംഎൽഎയെക്കൂടാതെ കണ്ടാലറിയുന്ന ഡിഎംകെ പ്രവർത്തകരായ പത്തു പേർക്കെതിരെയും കേസുണ്ട്.

KERALA EXPRESS പ്രവാസി താളുകൾ

# ന്യൂയോർക്ക് മലയാളി ലത്തീൻ കത്തോലിക്കർ ക്രിസ്മസ് - നവവത്സരം ആഘോഷിച്ചു

പോൾ ഡി. പനയ്ക്കൽ

ന്യൂയോർക്ക്: ലോങ് ഐലൻഡ് പ്രദേശത്തെ ലാറ്റിൻ ആരാധനാക്രമം പിന്തുടരുന്ന മലയാളി കത്തോലിക്കർ ക്രിസ്മസും നവവത്സരവും ആഘോഷിച്ചു. പോയവർഷത്തെ നേട്ടങ്ങളെയും കോട്ടങ്ങളെയും നന്മതിന്മകളെയും പ്രതിബിംബനം ചെയ്യുന്നതിനും ലഭിച്ച അനുഗ്രഹങ്ങൾക്ക് സർവ്വശക്തനോട് നന്ദി പറയുന്നതിനും തുടർന്ന് കൂട്ടായ്മയുടെ സന്തോഷത്തോടെ, ശുഭപ്രതീക്ഷയോടെ പുതുവർഷത്തെ വരവേല്ക്കുവാനും ഈ ആഘോഷാവസരം വേദി നല്കി.

ഡിസംബർ 31-ന് ക്യൂൻസിലെ ഫ്ളോറൽ പാർക്ക് ഔവർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിൽ വൈകിട്ട് ആറര മുതൽ തികച്ചും ആത്മസംയമനവും ധ്യാനനിഷ്ഠയും ആത്മപ്രതിഫലനവും നല്കുന്നതായിരുന്നു ബ്രൂക്ലിൻ രൂപതയുടെ ഇന്ത്യൻ ലാറ്റിൻ മിനിസ്ട്രി കോ-ഓർഡിനേറ്റർ ഫാ. റോബർട്ട് അമ്പലത്തിങ്കലും അമേരിക്കയിലെ ഏക മലയാളി ഡീക്കനായ ടിം ഗ്ലാഡ്സണും ചേർന്നു നയിച്ച ആരാധന. തുടർന്ന് ഫാ. റോബർട്ടിന്റെ മു ഖ്യകാർമ്മികത്വത്തിൽ ദിവ്യബലി ഔർ ലേഡി ഓഫ് ദി സ്നോസ് മലയാളി ഗായകസംഘത്തിനു അറിയപ്പെടുന്ന ഇൻസ്ട്രമെന്റൽ മ്യൂസിക് ഗുരു തങ്കകുട്ടൻ ക്ലെമെന്റും അലോഷ്യസ് ആറുകാട്ടിലും ഭക്തിനിർഭരമായ പാട്ടുകൾക്ക് നേതൃത്വം നല്കി. സമൂഹവിഭാഗത്തിലെ മൂന്നു വയസ്സു മുതലുള്ള കൊച്ചുകുട്ടികൾ പഠിച്ചു പ്രാക്ടീസ് ചെയ്ത 'ഒന്നു വിളിച്ചാൽ ഓടിയെന്റെ അരികിലെത്തും...' എന്നു തുടങ്ങുന്ന ഭക്തിഗാനം എല്ലാവരുടെയും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി.



2024-ൽ രൂപതയുടെ കീഴിൽ കമ്യൂണിറ്റിക്കുവേണ്ടി വളരെ ആത്മാർത്ഥമായും കാര്യക്ഷമമായും പ്രവർത്തിച്ച കമ്മിറ്റിയംഗങ്ങൾ പ്രീജിത് പൊയ്യത്തുരുത്തി, സജിത്ത് പനക്കൽ, ജൂഡ് കുറ്റിക്കാട്ട്, ടോം അജിത്, ആന്റണി, ടിങ്കിൾ മരിയ ബെനെഡിക്റ്റ, വിനയ രാജുലാൽ, അലെൻ അലക്സ്, നിർമൽ മരക്കാശേരി എന്നിവർക്ക് ഫാ. റോബർട്ട് വിലമതിപ്പു പ്രകടിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.



തുടർന്നുള്ള സമയം പള്ളിയോടനുബന്ധിച്ചുള്ള ബിഷപ് ചപ്പേറ്റോ ഹാളിൽ നവവത്സരത്തെ സ്വാഗതം ചെയ്യുവാനുള്ള ആഘോഷകരമായ കാത്തിരിപ്പായിരുന്നു.

സ്വാദിഷ്ടമായ അത്താഴഭക്ഷണശേഷം ഡീക്കൻ ടിം ഗ്ലാഡ്സന്റെ മോഡറേഷനിൽ അലോഷ്യസ് ആട്ടുകട്ടിലിന്റെ പ്രാർത്ഥനാഗാനത്തോടെ എല്ലാ തലമുറക്കാരുടെയും കലാപരിപാടികൾ നടന്നു. സിന്ധു, നിധിൻ എന്നിവർ മേരി-ജോസഫുമാരായും അവരുടെ കുഞ്ഞു ഉണ്ണിയീശോ ആയും അവതരിപ്പിക്കപ്പെട്ട നേറ്റിവിറ്റി ടാബ്ലോ, ജോൺ പനക്കലിന്റെ വെൻട്രിലോകിസം, അലീന ടോം, ടിങ്കിൾ മരിയ ബെനെഡിക്റ്റ, വിനയരാജുലാൽമാരുടെ നൃത്തവും ഡോ. സെലിൻ പൗലോസിന്റെ ശാസ്ത്രീയ നൃത്തവും നീതു പ്രീജിത്, ക്രിസ്റ്റീന റിജിത്, നിമി സജിത്, റോസ് പനക്കൽ, ഡോണ പനക്കൽ, ആൻമേരി നിധിൻ എന്നിവരുടെ ഗ്രൂപ്പ് ഡാൻസും ടോം അജിത് ആന്റണി, അലീന ടോം, ടിങ്കിൾ, വിനയ എന്നിവരുടെ ഗാനങ്ങളും ഗ്രേസ് പനക്കൽ കെയ്റ്റ് പൊയ്യത്തുരുത്തി, ലിയാം ശങ്കൂരിക്കൽ, ഇഷാൽ പനക്കൽ, റോവൻ പനക്കൽ, ലൗറൽ പൊയ്യത്തുരുത്തി, ഹേസൽ പൊയ്യത്തുരുത്തി, ഏവ നിധിൻ, റേച്ചൽ പൊയ്യത്തുരുത്തി എന്നീ ബാലികാ ബാലന്മാരുടെ കൗതുകം നല്കിയ നൃത്തവും സദസ്സിനെ രസിപ്പിച്ചു. നിഷ ജൂഡിന്റെ മാർഗ്ഗനിർദ്ദേശത്തിൽ മേരി പനക്കൽ, സിലിയ നരികുളം, ബീറ്റാ അജിത്, റീറ്റാ ജോയ്, ലിറ്റി അലക്സ്, മേയോ ഡേവിഡ്, സ്മിതാ സെൽവിൻ, സിതാര കൊടകുത്തുംപറമ്പിൽ, സുമി ടെറൻസ്, മെൽബ സേവ്യർ, ഷീബ ഗ്ലാഡ്സൺ, നിഷാ ജൂഡ്, ബിജി ആന്റണി എന്നിവരും ടെറൻസ് ജോസഫ്, രഞ്ജിത് പനക്കൽ, അജിത്കുമാർ, നിധിൻ നരികുളം, നിർമൽ സെൽവിൻ, ശരത് ശങ്കൂരിക്കൽ, ബിജോയ് കോടകുത്തുംപറമ്പിൽ, റെഹാൻ പൊയ്യത്തുരുത്തി, പ്രീജിത് പൊയ്യത്തുരുത്തി, എബി പൗലോസ്, ഫാ. റോബർട്ട് അമ്പലത്തിങ്കൽ എന്നിവരും ഫാഷൻ പരേഡിൽ പങ്കെടുത്തു. അലൻ അലക്സ് പരിപാടികളുടെ എംസിയായിരുന്നു.

കൃത്യം പന്ത്രണ്ട് മണിക്ക് പരസ്പരം പുതുവത്സരാശംസകൾ നല്കി സംഗീതത്തിന്റെയും ഡാൻസിന്റെയും അകമ്പടിയോടെ സമൂഹം പുതുവർഷത്തിലേക്കു നീങ്ങി. ന്യൂയോർക്ക്-ലോങ് ഐലൻഡ് പ്രദേശത്തെ ഇടവകകളിലെ ഇന്ത്യക്കാരുടെ ഭാഷാ-സാംസ്കാരിക പിന്തുണയ്ക്കു വേണ്ടി ബ്രൂക്ലിൻ രൂപത രൂപീകരിച്ച ഇന്ത്യൻ ലാറ്റിൻ അപ്പോസ്തലേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലയാളി റോമൻ കത്തോലിക്കർ മൂന്നു ദശകത്തോളമായി ഔർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിൽ സജീവമാണ്. ഇടവകയുടേതായി എല്ലാ ഞായറാഴ്ചകളിലും വൈകിട്ട് അഞ്ചു മണിക്ക് മലയാളം ദിവ്യബലിയും എല്ലാ രണ്ടാമത്തെ ശനിയാഴ്ചയും പുതുതായുണ്ടാക്കിയ ഈ പള്ളിയിൽ ദിവ്യബലിക്കുശേഷം ബിഷപ് ചപ്പേറ്റൊ ഹാൾ എന്നറിയപ്പെടുന്ന പാരിഷ് ഹാളിൽ സാമൂഹിക സൗഹൃദ സമ്മേളനവും നിർവിഘ്നം നടക്കുന്നു. മുഖ്യധാരാ ആല്മീയസമൂഹത്തിന്റെ ഭാഗമായി വളരുമ്പോഴും തങ്ങളുടെ പൈതൃകവും ഭാഷ-സംസ്കാരത്തനിമയെ കുട്ടികളിൽ ക്രമേണ പങ്കുവെക്കുന്നതിനും ഈ കൂട്ടായ്മക്ക് കഴിയുന്നുണ്ട്.

# ഡിട്രോയിറ്റ് മലയാളി അസോസിയേഷന് പുതുനേതൃത്വം

സൈജൻ കണിയോടിക്കൽ

ഡിട്രോയിറ്റ്: മിഷിഗണിലെ പ്രമുഖ സാമൂഹിക സാംസ്കാരിക സംഘടനയായ ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ 2025-ലേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുത്തു. ഡിസംബർ 14-ന് നടന്ന വാർഷിക പൊതുയോഗത്തിൽ ഐകകണ്ഠ്യേനയാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ചീഫ് ഇലക്ഷൻ ഓഫീസറായി തെരഞ്ഞെടുപ്പ് പ്രക്രിയ്ക്ക് മേൽനോട്ടം വഹിച്ചത് ബിഒടി ചെയർമാൻ മോഹൻ പനങ്കാവിൽ ആയിരുന്നു.

ബിജു ജോസഫ് (പ്രസിഡണ്ട്), ദിനേഷ് ലക്ഷ്മണൻ (വൈസ് പ്രസിഡണ്ട്), നോബിൾ തോമസ് (ജനറൽ സെക്രട്ടറി), അശോക് ജോർഡൻ (ജോയിന്റ് സെക്രട്ടറി), പ്രവീൺ നായർ (ട്രഷറർ), സഞ്ജു കോയിത്തറ (ജോ. ട്രഷറർ) എന്നിവരാണ് ഈ വർഷം ഡിഎംഎയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുക.




വിമൻസ് ഫോറം പ്രസിഡണ്ടായി അനിമ അജിത്തിനെയും സെക്രട്ടറിയായി സുമിനി ജോർഡനെയും തെരഞ്ഞെടുത്തു. യൂത്ത് ഫോറം ചെയർമാനായി നിവേദ് പൈങ്ങോളിനെയും വൈസ് ചെയർ ആയി ജോഷ്വാ മനോജിനേയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഡിഎംഎയുടെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനായി സുദർശന കുറുപ്പിനെ തെരഞ്ഞെടുത്തു. വൈസ് ചെയർമാനായി രാജേഷ് നായർ, സെക്രട്ടറി സൈജൻ കണിയോടിക്കൽ, പ്രിൻസ് ഏബ്രഹാം (എക്സ് ഒഫീഷ്യോ) എന്നിവരാണ് 2025-ലെ ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗങ്ങൾ.

ഡിഎംഎയുടെ 2024-ലെ ക്രിസ്മസ് ആഘോഷമായ നക്ഷത്ര സന്ധ്യയുടെ ഭാഗമായി നടത്തിയ ചടങ്ങിൽ ബിഒടി വൈസ്ചെയർമാൻ രാജേഷ് നായർ പുതിയ ഭാരവാഹികളെ സദസ്സിന് പരിചയപ്പെടുത്തി. മലയാളികളുടെ സ്പന്ദനങ്ങളെ തൊട്ടറിഞ്ഞ് ഏവർക്കും പ്രയോജനപ്രദമായ പല പുതിയ പദ്ധതികൾ വിഭാവന ചെയ്യുമെന്നും മലയാളി സമൂഹത്തിന്റെ ഉന്നമനമാണ് ഡിഎംഎയുടെ ആത്യന്തിക ലക്ഷ്യമെന്നും അതിനായി തങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിക്കുമെന്നും പുതിയ ഭാരവാഹികൾ അറിയിച്ചു.

സാമൂഹിക സേവനത്തിന്റെയും പരസ്പര സഹായത്തിന്റെയും സഹകരണത്തിന്റെയും 45 വർഷങ്ങൾ പിന്നിടുന്ന ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ ധനസമാഹരണാർത്ഥം മലയാള ചലച്ചിത്രരംഗത്ത് ആസ്വാദനത്തിന്റെ നവതരംഗങ്ങൾ സൃഷ്ടിച്ച ഷാൻ റഹ്മാൻ, കെ.എസ്. ഹരിശങ്കർ, നിരഞ്ജ് സുരേഷ്, മിഥുൻ ജയരാജ്, സയനോര ഫിലിപ്പ്, നിത്യ മാമ്മൻ എന്നിവർ നേതൃത്വം നല്കുന്ന സംഗീത പരിപാടി മെയ് മൂന്നിന് വാറൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. ഈ പ്രോഗ്രാം കാണുവാനും അതുവഴി ഡിഎംഎ ചെയ്തുകൊണ്ടിരിക്കുന്ന അനവധി ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമാകുവാനും പുതിയ ഭാരവാഹികൾ ഏവരേയും ക്ഷണിച്ചു.

## ഖേൽരത്ന, ദ്രോണാചാര്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

ന്യൂഡൽഹി: ലോക ചെസ് ചാംപ്യൻ ഡി. ഗുകേഷ്, പാരിസ് ഒളിംപിക്സിലെ ഇരട്ടമെഡൽ ജേതാവ് മനു ഭാക്കർ, ഇന്ത്യൻ ഹോക്കി ക്യാപ്റ്റൻ ഹർമൻപ്രീത് സിങ്, പാരാഅത്‌ലീറ്റ് പ്രവീൺ കുമാർ എന്നിവർക്കു മേജർ ധ്യാൻചന്ദ് ഖേൽരത്ന പുരസ്കാരം. 25 ലക്ഷം രൂപ വീതമാണു സമ്മാനം. മലയാളി നീന്തൽതാരം സജൻ പ്രകാശിന് അർജുന അവാർഡും ബാഡ്മിന്റൻ കോച്ച് എസ്. മുരളീധരനു മികച്ച പരിശീലകനുള്ള ദ്രോണാചാര്യ ആജീവനാന്ത പുരസ്കാരവും ലഭിച്ചു (15 ലക്ഷം രൂപ വീതം). ഖേൽരത്ന പുരസ്കാരം നേടുന്ന ഏറ്റവും പ്രായംകുറഞ്ഞയാളാണ് 18-കാരനായ ഗുകേഷ്. ബാഡ്മിന്റൻ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡണ്ടാണ് മലപ്പുറം തേഞ്ഞിപ്പലം സ്വദേശിയായ എസ്. മുരളീധരൻ (80), രണ്ട് ഒളിംപിക്സുകളിലും മൂന്ന് വീതം ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് എന്നിവയിലും ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട് സജൻ പ്രകാശ് (31). രാഷ്ട്രപതി ദ്രൗപദി മുർമു 17-നു പുരസ്കാരങ്ങൾ സമ്മാനിക്കും.

## ദുരന്തബാധിതരുടെ പുനരധിവാസം; കൽപ്പറ്റയിലും മേപ്പാടിയിലും ടൗൺഷിപ്പ്

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി നഗരസഭയോടു ചേർന്ന കൽപ്പറ്റ നഗരസഭയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലെ ടൗൺഷിപ്പിൽ അഞ്ചു സെന്റും മേപ്പാടി പഞ്ചായത്തിലെ കുന്നിൻപ്രദേശമായ കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റിലെ ടൗൺഷിപ്പിൽ 10 സെന്റും വീതം അനുവദിക്കാൻ മന്ത്രിസഭാ തീരുമാനം.

രണ്ടു ടൗൺഷിപ്പിലും 1000 ചതുരശ്ര അടി വിസ്തീർണമുള്ള വീടുകൾ നിർമിച്ചു നൽകും. നഗരത്തിൽ എൻ എച്ച് ബൈപാസിനോടു ചേർന്നുകിടക്കുന്ന എൽസ്റ്റോൺ എസ്റ്റേറ്റിൽ 58.50 ഹെക്ടറും നെടുമ്പാല എസ്റ്റേറ്റിൽ 48.96 ഹെക്ടറുമാണ് ഏറ്റെടുക്കുകയെന്നു മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭൂമിയുടെ വിലയിൽ വരുന്ന വ്യത്യാസം കണക്കിലെടുത്താണ് നഗരത്തോടു ചേർന്നുകിടക്കുന്ന എൽസ്റ്റോൺ എസ്റ്റേറ്റിൽ ഒരു കുടുംബത്തിന് അഞ്ചു സെന്റിൽ വീട് അനുവദിക്കുക. ടൗൺഷിപ്പുകളിൽ വീടുകൾക്കു പുറമേ വിനോദത്തിനുള്ള സൗകര്യങ്ങൾ, മാർക്കറ്റ്, ആരോഗ്യകേന്ദ്രം, വിദ്യാലയം, അങ്കണവാടി, കളിസ്ഥലം, വൈദ്യുതി, കുടിവെള്ളം, ശുചിത്വ സംവിധാനങ്ങൾ എന്നിവയെല്ലാം സജ്ജമാക്കും.

മാതൃകാ ടൗൺഷിപ്പ് സ്ഥാപിച്ച് പുനരധിവസിപ്പിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി കിഫ്ബിയെ ചുമതലപ്പെടുത്തിയിരുന്നു. കിഫ്ബി വിശദ പദ്ധതി രൂപരേഖ സമർപ്പിച്ചു. നിയമ, ധന വകുപ്പുകളുടെ അഭിപ്രായം തേടിയ ശേഷമാണ് മന്ത്രിസഭ വിശദമായി ചർച്ച ചെയ്തത്.

ടൗൺഷിപ്പ് പദ്ധതിയുടെ ഭരണവകുപ്പായി ദുരന്തനിവാരണ വകുപ്പിനെ ചുമതലപ്പെടുത്തി. ടൗൺഷിപ്പ് നിർമാണം, എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ പ്രകാരം അംഗീകരിക്കാനാണ് മന്ത്രിസഭ തീരുമാനിച്ചത്. തൊഴിലുടമയുടെ പ്രതിനിധിയായ കിഫ്ബിയുടെ അനുബന്ധ സ്ഥാപനമായ കിഫ്കോണിനെ ചുമതലപ്പെടുത്തി. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ നിർമാണ കരാറുകളായും തീരുമാനിച്ചു. ദുരന്തബാധിത കുടുംബങ്ങളിലെ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഈ മാസം 25-നകം പുറത്തിറക്കാൻ കഴിയുംവിധമാണ് പ്രവർത്തനങ്ങൾ നീക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

കണ്ടെത്തിയ ഭൂമിയിൽ പുനരിവാസത്തിനും നിർമാണത്തിനും അനുയോജ്യമല്ലാത്ത ഭാഗം ഒഴിവാക്കിയ ശേഷം ഏറ്റെടുക്കാത്ത ഭൂമിയിൽ പ്ലാന്റേഷൻ മുന്നോട്ടുകൊണ്ടുപോകാൻ അനുമതി നൽകും. ഭൂമി കണ്ടെത്തിയത് ഡ്രോൺ സർവേയിലൂടെയാണ്. ഇപ്പോൾ ഫീൽഡ് സർവേ നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയാകുന്നതോടെ കൂടുതൽ കണിശതയുള്ള കണക്കുകൾ ലഭ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.

## ഷിബു മധുവിന് ഫോമായുടെ ആശംസകൾ

(22-ാം പേജിൽനിന്നും)

73-75 ഡിറ്റെക്ടീവ് സ്ക്വാഡുകളിൽ കമാൻഡിങ് ഓഫീസർ ചുമതലയാണ് ഷിബു മധുവിന് ലഭിച്ചത്. അവിടെനിന്ന് 79-81 ഡിറ്റക്ടീവ് സ്ക്വാഡുകളിലും നർകോട്ടിക് മൊഡ്യൂളിലും കമാൻഡിങ് ഓഫീസറായും പ്രവർത്തിച്ചു. ബെഡ്ഫോർഡ് സ്റ്റൈവെസന്റ് ഏരിയയിലായിരുന്നു ഡ്യൂട്ടി.

2021-ൽ ഡെപ്യൂട്ടി ഇൻസ്പെക്ടറായും പ്രവർത്തിച്ചു. ഒന്നരപ്പതിറ്റാണ്ടിലേറെയായുള്ള ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിലെ വിവിധ തലങ്ങളിൽ തിളങ്ങിയ ക്യാപ്റ്റൻ ഷിബു മധു നിരവധി തവണ വിശിഷ്ട സേവനത്തിനുള്ള അംഗീകാരത്തിന് പാത്രീഭൂതനായിട്ടുണ്ട്. ഭാര്യ: കരോളിൻ. ആൻഡ്രൂ, നിക്കോൾ എന്നിവർ മക്കൾ. സഹോദരി ഷീബ മധു.

കുറ്റകൃത്യങ്ങൾക്കെതിരെയുള്ള പോലീസിന്റെ ഓരോ നീക്കങ്ങളും അവിടുത്തെ ജനങ്ങൾക്ക് വേണ്ടിയാണ്. ആ രാജ്യത്തിനു വേണ്ടിയാണ് പോലീസ് നിലകൊള്ളുന്നത് തന്നെ. സമൂഹത്തിന്റെ രക്ഷകരായി പ്രവർത്തിക്കുന്ന അർപ്പണബോധമുള്ള പോലീസ് ഉദ്യോഗസ്ഥരെയാണ് രാജ്യത്തിന് ആവശ്യം. അക്കാര്യത്തിൽ ക്യാപ്റ്റൻ ഷിബു മധു ഒരു തികഞ്ഞ മാതൃക തന്നെയാണ്.

## ഫോമാ ഒപ്പുവെച്ചു

(14-ാം പേജിൽനിന്നും)

സതേൺ റീജിയൺ വിമൻസ് ഫോറം സെക്രട്ടറി ആൻസി സാമുവേൽ, ശശി പിള്ള, പൊടിയമ്മ പിള്ള, സണ്ണി കാരിക്കൽ, അഡ്വ. മാത്യു വൈരമൺ, ബിനീഷ്, ജിനു, ബാബു മുല്ലശ്ശേരിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

വർണ്ണാഭമായ കലാ-സാംസ്കാരിക പരിപാടികൾ കോർത്തിണക്കിയാണ് വിപുലമായ രീതിയിൽ ഫോമായുടെ അന്തർദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ നടത്തുന്നതെന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.

## 2024 – ന് വിട

(20-ാം പേജിൽനിന്നും)

ഇതിനൊക്കെ പെർമിഷൻ തരുന്നത് രക്ഷിതാക്കൾക്ക് ഒരു കുറച്ചിലായിരുന്നു. "നിന്നോടല്ലയോ പോകണ്ടാ എന്നു പറഞ്ഞത്" എന്ന വാചകം എത്രയോ തവണ കേട്ടിരിക്കുന്നു.

പത്താം ക്ലാസ് കഴിഞ്ഞപ്പോൾ ഞങ്ങൾ രണ്ട് വഴിക്കായി. പിന്നീട് ഒരുമിച്ച് അമേരിക്കയിലായിരുന്നെങ്കിലും ഞാൻ ന്യൂയോർക്കിലും ജോസ് ഹൂസ്റ്റണിലുമായിരുന്നതിനാൽ മൂന്നോ നാലോ തവണ മാത്രമേ നേരിൽ കാണുവാനുള്ള അവസരം ലഭിച്ചിരുന്നുള്ളൂ.

എങ്കിലും വല്ലപ്പോഴുമൊക്കെ ഫോണിൽക്കൂടി ബാല്യകാല സ്മരണകൾ ഓർത്തെടുത്ത് ചിരിക്കുമായിരുന്നു.

റിട്ടയർമെന്റ് കാലമായപ്പോഴേയ്ക്കും ജോസിന് പലവിധ രോഗങ്ങൾ പിടിപെട്ടു. എല്ലാം ഒരു 'ടേക്ക് ഇറ്റ് ഈസി' അപ്രോച്ചിൽ തരണം ചെയ്തു.

കുടുംബാംഗങ്ങളോടൊപ്പം വളരെ സന്തുഷ്ടമായ ഒരു ജീവിതമായിരുന്നു ജോസിന്റേത്. എന്നാൽ, അവസാനമായി ആശുപത്രിയിൽ അഡ്മിറ്റ് ആയപ്പോൾ ഇനി ഒരു തിരിച്ചുവരവ് ഉണ്ടാവില്ല എന്ന് ജോസിന് ഉറപ്പായിരുന്നു.

ആ അവസരത്തിലാണ് എന്നെ വിളിച്ചത്. ജോസിന്റെ എന്നോടുള്ള സ്നേഹം എത്രമാത്രം ആഴത്തിലുള്ളതായിരുന്നു എന്ന് അപ്പോഴാണ് എനിക്ക് മനസ്സിലായത്. എന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ, അവസാനമായി എന്നെ ഒന്നു നേരിൽ കാണണമെന്നുള്ള ആഗ്രഹം സഫലീകരിച്ചു കൊടുക്കുവാൻ എനിക്കു കഴിയാതെ പോയതിലുള്ള കുറ്റബോധം എനിക്കുണ്ട്.

'പിന്നീടാവട്ടെ' എന്നു കരുതി മാറ്റിവെക്കുന്ന പല കാര്യങ്ങൾക്കും ഒരു പിന്നീട് ചിലപ്പോൾ ഉണ്ടായെന്നു വരില്ല.

സെപ്റ്റംബർ 18-ന് പുലർച്ചയോടെ ജോസ് യാത്രയായി. 2024-നെ എന്നും ഓർമ്മിക്കുവാൻ എനിക്കൊരു കാരണംകൂടി. നന്മനിറഞ്ഞ ഒരു പുതുവത്സരം എല്ലാവർക്കും നേരുന്നു.

## അഭയാർത്ഥി പ്രവാഹവും സുരക്ഷാ വീഴ്ചയും

(ശേഷം 30-ാം പേജിൽ)

വിവേചനം ഇല്ലാതെ നയതന്ത്രബന്ധമുള്ള രാജ്യങ്ങളിൽനിന്നും അഭയാർത്ഥികളെ സ്വീകരിക്കണമെന്നുള്ള ആശയവും ആഗ്രഹവും അഭിനന്ദനീയമെങ്കിലും അമേരിക്കയെ അസ്ഥിക്കുഴിയിലേക്കു തള്ളണമെന്ന ദുരാഗ്രഹത്തോടെ ഏതാനും ചില രാഷ്ട്രങ്ങളിൽനിന്നും എത്തിയവരാണ് 9/11 ഭീകര പ്രവർത്തനത്തിൽ ഉൾപ്പെട്ടവർ. കുടിയേറ്റക്കാരുടെ പൂർണ്ണ സ്വഭാവ രീതിയും ക്രിമിനൽ പശ്ചാത്തലവും മാതൃരാജ്യങ്ങളിൽനിന്നും ശേഖരിച്ചശേഷം മാത്രം അമേരിക്കൻ മണ്ണിൽ പ്രവേശിക്കുവാനും ജീവിക്കുവാനുമുള്ള അനുമതി നൽകുന്നതായിരിക്കും ഉത്തമം.

2008, നവംബർ 26-29 തീയതികളിൽ മുംബൈയിൽ പാകിസ്ഥാൻ ബെയ്സ്ഡ് ലക്ഷർ-ഇ-ത്വയ്ബാ ഭീകരപ്രവർത്തകർ നടത്തിയ ആക്രമണങ്ങളിൽ 20 സെക്യൂരിറ്റി ഫോഴ്സ് മെമ്പേഴ്സും 26 വിദേശ പൗരന്മാരുമടക്കം 174 നിരപരാധികൾ കൊല്ലപ്പെടുകയും 300-ൽ അധികം ജനതയ്ക്കു ഹാനികരമായ മുറിവുകൾ ഏൽക്കുകയും ചെയ്തു. നിറതോക്കുകളുമായി 19 ഭീകര പ്രവർത്തകർ അനായാസമായി ഇന്ത്യൻ അതിർത്തി ലംഘിച്ചു കയറിയതും അതിർത്തി സേനയുടെ അലസതമൂലമാണ്.

ബംഗാളികൾ എന്ന ഭാവേന കേരളമടക്കം പല സംസ്ഥാനങ്ങളിലേക്ക് ബംഗ്ലാദേശീയർ കുടിയേറുന്നതിലുള്ള സുരക്ഷാ വീഴ്ചയും മോഷണം, കൊലപാതകങ്ങൾ അടക്കമുള്ള പല കുറ്റകൃത്യങ്ങളും അനുദിനം വർദ്ധിക്കുന്നതു പോലീസും അതിർത്തിസേനയും ജാഗ്രതയോടെ നിർത്തലാക്കണം.

ഡോണൾഡ് ട്രംപ് ജനുവരി 20-ന് പ്രസിഡന്റ് പദവിയിൽ മയൂഖ പ്രസരിപ്പോടെ എത്തിയശേഷം സകല മേഖലകളിലും ശുദ്ധികലശം നടത്തി സത്യസന്ധമായ അമേരിക്കൻ ദൗത്യം പരിരക്ഷിക്കുമെന്ന ആരോഗ്യ ജനതയുടെ നിശബ്ദ വിശ്വാസം സഫലമാകട്ടെ.

## നൈനാ പുതിയ സാരഥികളിലേക്ക്

(20-ാം പേജിൽനിന്നും)

സർജൻ ജനറൽ വിവേക് മൂർത്തി എന്നിവരുടെ അഭിനന്ദനങ്ങൾ നേടിയിട്ടുണ്ട്. അമേരിക്കൻ ആരോഗ്യരംഗത്തെ സ്വാധീനശക്തിയായ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ, വിദേശത്തെ നേഴ്സിങ് വിദ്യാഭ്യാസത്തെ വിലയിരുത്തുന്ന സിജിഎഫ്എൻഎസ് എന്നീ സംഘടനകളുമായി വളരെ സഹകരിച്ചു പ്രവർത്തിക്കുന്ന നൈന അമേരിക്കയിലെ ഇന്ത്യൻ നേഴ്സുമാരുടെ പ്രതിനിധി സംഘടനയായി പൊതുവെ കണക്കാക്കപ്പെടുന്നു. നൈനയുടെ പുതിയ സാരഥികൾ ജനുവരി ഒന്നിന് ചുമതലയേറ്റു.

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ________
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________
CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


ARACKAL
VACATION HOME
UZHAVOOR, KOTTAYAM, KERALA
5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY
FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**